**എഡിറ്റോറിയൽ**

# ശുശ്രൂഷയ്ക്കു പിന്നിലെ വ്യക്തി



"നല്ല വൃക്ഷം നല്ലഫലം കായ്ക്കുന്നു. ആകാത്ത വൃക്ഷമോ ആകാത്ത ഫലം കായ്ക്കുന്നു. നല്ല വൃക്ഷത്തിന് ആകാത്ത ഫലവും ആകാത്ത വൃക്ഷത്തിന് നല്ലഫലവും കായ്പ്പാൻ കഴിയുകയില്ല" (മത്തായി 7:17, 18).

കേൾക്കുമ്പോൾ സാധാരണകാര്യമെന്നു തോന്നിയാലും ഇതൊരു പ്രകൃതിനിയമമാണ്, ഒപ്പം ഒരു ആത്മീയപ്രമാണവും. അടിസ്ഥാനപരമായി നാം എന്താണോ അതു മാത്രമേ നമുക്കു മറ്റുള്ളവർക്കു നൽകുവാൻ കഴിയുകയുള്ളൂ. എമി കാർ മൈക്കിൾ തന്റെ പ്രസിദ്ധമായ 'കാൽവറി സ്നേഹം' എന്ന കൃതിയിൽ ഈ സത്യം ഇങ്ങനെയാണു വിവരിച്ചിരിക്കുന്നത്: "മധുരപാനീയം നിറഞ്ഞ ഒരു ചഷകം എത്ര കഠിനമായി കുലുക്കിയാലും ഒരു തുള്ളിപോലും കയ്പുരസമുള്ള പാനീയം തുളുമ്പുകയില്ല" ഇതിനെ ഇങ്ങനെ ചിത്രീകരിക്കാം. ഒരു മേശമേൽ ഒരേപോലെയുള്ള രണ്ടു ഗ്ലാസ്സുകളിൽ ഒരേ നിറമുള്ള, ഒറ്റനോട്ടത്തിൽ ഒന്നാണെന്നു തോന്നുന്ന, പാനീയങ്ങൾ ഇരിക്കുന്നു. പെട്ടെന്നു മേശ ശക്തമായി കുലുങ്ങി. രണ്ടു ഗ്ലാസ്സുകളിലെ പാനീയങ്ങളിൽ നിന്നും ഓരോ തുള്ളി വീതം തെറിച്ചു മേശമേൽ വീണു. ആദ്യ ഗ്ലാസ്സിൽ നിന്നു തെറിച്ചു വീണ തുള്ളി ഒരാൾ രുചിച്ചു നോക്കിയപ്പോൾ അതു തേൻതുള്ളിപോലെ മധുരതരം. രണ്ടാമത്തെ ഗ്ലാസ്സിൽ നിന്നുള്ള തുള്ളി അങ്ങേയറ്റം കയ്പുരസമുള്ളതും. ഇത് രണ്ടു കാര്യങ്ങളാണു വ്യക്തമാക്കുന്നത്? ഒന്ന്; കാഴ്ചയിലും അളവിലും ഒരുപോലെ ഇരുന്നാലും രണ്ടുഗ്ലാസ്സുകളിലേയും പാനീയങ്ങൾ വ്യത്യസ്തമായിരുന്നു. രണ്ടും രണ്ടാണ്. രണ്ട്; മേശ കുലുങ്ങിയപ്പോൾ അതിന്റെ ആഘാതം കൊണ്ട് പൊടുന്നനെ ഒരു ഗ്ലാസ്സിലെ മധുരമുള്ള പാനീയം കയ്പുരസമുള്ളതായി മാറിയതല്ല. അത് ആദ്യം മുതൽ തന്നെ കയ്പുള്ളതായിരുന്നു. മറ്റേഗ്ലാസ്സിലേതു മറിച്ചും.

നാം വ്യക്തിപരമായി ആരാണോ അതിൽ നിന്നു വ്യത്യസ്തമായ ഒരു ശുശ്രൂഷ നമ്മിൽ നിന്നു പുറപ്പെടുകയില്ല. 'ഉറവിന്റെ ഒരേ ദ്വാരത്തിൽ നിന്നു മധുരവും കൈപ്പുമുള്ള വെള്ളം പുറപ്പെട്ടുവരുമോ?അത്തിവൃക്ഷം ഒലിവുപഴവും മുന്തിരിവള്ളി അത്തിപ്പഴവും കായ്ക്കുമോ? ഉപ്പുറവയിൽ നിന്നു മധുരമുള്ള വെള്ളം പുറപ്പെടുകയുമില്ല' (യാക്കോബ് 3:11,12). ചുരുക്കത്തിൽ ദാനിയേലിന്റെ ശുശ്രൂഷ നല്ലതായിരുന്നെങ്കിൽ അതിന് ഒരു കാരണമേയുള്ളൂ-ദാനിയേൽ നല്ലവനായിരുന്നു. ലൂസിഫർ അങ്ങനെയായിരുന്നില്ല എന്നതുകൊണ്ട് അവനിൽ നിന്നു പറപ്പെട്ടതും നല്ലതായിരുന്നില്ല.

അപ്പോൾ ശുശ്രൂഷ നല്ലതാകണമെങ്കിൽ വ്യക്തി നല്ലവനായിരിക്കണമെന്നാണു നാം പറഞ്ഞു വച്ചത്. ആട്ടെ, ഒരു വ്യക്തിക്കു നല്ലവനാകാൻ കഴിയുന്നതെങ്ങനെയാണ്? വാസ്തവത്തിൽ അതു സാധ്യമാണോ?

ഒരിക്കൽ ഈ സമസ്യ യേശുവിന്റെ മുൻപിൽ ഉന്നയിച്ചപ്പോൾ അവിടുന്ന് ഇങ്ങനെയാണു മറുപടി നൽകിയത്:"എന്നോടു നന്മയെക്കുറിച്ചു ചോദിക്കുന്നത് എന്ത്? നല്ലവൻ ഒരുത്തനേയുള്ളൂ" (മത്തായി 19:17). യഥാർത്ഥത്തിൽ നല്ലവൻ ഒരുവനെയുള്ളൂ, അതു ദൈവം മാത്രമാണ് എന്നതിലേക്കാണു യേശു വിരൽചൂണ്ടിയത്.

ദൈവം മാത്രമാണു നല്ലവനെങ്കിൽ അതുല്യമായ ഒരു സ്ഥാനമാണു അവിടുത്തേക്കുള്ളത്. എന്നാൽ താൻ ഈ അത്യുന്നതനായ ദൈവത്തോടു സമനാകും എന്നു ലൂസിഫർ പറഞ്ഞപ്പോൾ (യെശയ്യാവ് 14:14) അവൻ ഭംഗ്യന്തരേണ അവകാശപ്പെട്ടത് ഇതാണ്:താനും ദൈവത്തെപ്പോലെ നല്ലവനാണ്. താൻ തന്നെ ദൈവമാണ്.താൻ ദൈവമാണെങ്കിൽ തനിക്കു പിന്നെ മറ്റൊരു ദൈവത്തെ വേണ്ടല്ലോ! ഇവിടെയാണ് 'നിഗളം' ഉത്ഭവിച്ചതും ലൂസിഫർ പിശാചായി മാറിയതും. അപ്പോൾ 'നിഗളം' എന്ന ആദ്യപാപത്തെ നാം ഇഴവിടർത്തി പരിശോധിച്ചാൽ അതു കേവലം ഒരു അഹങ്കാരമല്ല, അടിസ്ഥാനപരമായി ദൈവത്തെ ആവശ്യമില്ലാത്ത ഒരു സ്വയംതൃപ്തിയും തന്നിൽതന്നെയുള്ള ഒരു സ്വയംപര്യാപ്തതയു(Self sufficiency) മാണെന്നു കാണാം.

നിഗളത്തെ ഇങ്ങനെ മനസ്സിലാക്കുമ്പോൾ കേവലം തിന്മയെന്ന് ഇന്നു മുദ്രയടിക്കപ്പെട്ടിരിക്കുന്നതിനോടു മാത്രമല്ല നിഗളം ചേർന്നിരിക്കുന്നതെന്നു വ്യക്തമാകും.ദൈവം ഒരവശ്യഘടകമല്ലാത്ത സ്വയത്തിന്റെ എല്ലാനിറവും തൃപ്തിയും, അതു വിശുദ്ധിയോടു ചേർന്നിരുന്നാൽ പോലും, നിഗളമാണ്. ഒരുദാഹരണം നോക്കുക: യേശു തന്റെ പരസ്യശുശ്രൂഷാകാലത്തു പരീശന്മാരോടു പറഞ്ഞു. 'രോഗികൾക്കാണു വൈദ്യനെക്കൊണ്ട് ആവശ്യം'.എന്നാൽ തങ്ങൾ 'രോഗി'കളാണെന്ന തിരിച്ചറിവ് അന്നത്തെ പരീശന്മാർക്കുണ്ടായിരുന്നില്ല. പരീശന്മാർ തങ്ങളെത്തന്നെ നോക്കുമ്പോൾ തങ്ങൾ പിടിച്ചുപറിക്കാർ, നീതികെട്ടവർ, വ്യഭിചാരികൾ, ചുങ്കക്കാർ എന്നിങ്ങനെയുള്ള ശേഷം മനുഷ്യരെപ്പോലെയല്ല, മറിച്ച് ആഴ്ചയിൽ രണ്ടുവട്ടം ഉപവസിക്കുന്നു, ചന്തസ്ഥലത്തും തെരുക്കോണിലും പോലും നിന്നു പ്രാർത്ഥിക്കുന്നു, നേടുന്നതിനൊക്കെയും കൃത്യമായി പതാരം കൊടുക്കുന്നു,ചന്തയിൽ പോയി വന്നാൽ കുളിച്ചിട്ടേ ഭക്ഷണത്തിനിരിക്കുകയുള്ളൂ,മുമ്പിൽ കാഹളം ഊതിക്കൊണ്ടാണെങ്കിലും മറ്റുള്ളവർക്കു ഭിക്ഷകൊടുക്കുന്നു. ഇത്രയും വിശുദ്ധരായി മറ്റാരെങ്കിലും ഉണ്ടോ?ദൈവം പോലും തങ്ങൾക്ക് ഒരനിവാര്യഘടകമല്ലാത്ത നിലയിൽ വിശുദ്ധി സംബന്ധിച്ച് ഒരു സ്വയംതൃപ്തിയാണ് അവർക്കുണ്ടായിരുന്നത്! രോഗികളാണെന്ന ബോധ്യം ഇല്ലാതിരുന്നതുകൊണ്ട് പരമവൈദ്യനെ പരീശന്മാർക്ക് ആവശ്യമുണ്ടായിരുന്നില്ല. നോക്കുക:നിഗളം എന്നു പറയുന്നത് ദൈവത്തെ ആവശ്യമില്ലാത്ത ഒരു സ്വയംപര്യാപ്തതയാണ്. ആത്മീയതയുടെ മേലങ്കി അണിഞ്ഞും അതിനു വരാൻ കഴിയും.

ഇതേസമയം 'നിങ്ങളെക്കാൾ മുൻപേ, ചുങ്കക്കാരും വേശ്യമാരും ദൈവരാജ്യത്തിൽ കടക്കും' എന്നും യേശു പരീശന്മാരോടു പറഞ്ഞു.എന്തുകൊണ്ടാണ് വിശുദ്ധിയെക്കുറിച്ച് ഒരവകാശവാദവുമില്ലാത്ത ചുങ്കക്കാരുടെയും വേശ്യമാരുടെയും മുൻപിൽ ദൈവരാജ്യത്തിന്റെ കവാടം മലർക്കെ തുറന്നത്? കാരണം തങ്ങൾ 'രോഗി'കളാണെന്നും തങ്ങൾക്കൊരു വൈദ്യനെ ആവശ്യമുണ്ടെന്നും അവർക്കറിയാമായിരുന്നു. ദൈവം അവർക്ക് ഒഴിച്ചുകൂടാനാവാത്ത ഒരാവശ്യമായിരുന്നു. അഭക്തരെ നീതീകരിക്കുന്ന ഒരു ദൈവത്തെ കൂടാതെ ഒരു ചുവടുപോലും അവർക്കു മുന്നോട്ടു പോകുവാൻ കഴിയുമായിരുന്നില്ല.ചുരുക്കത്തിൽ അവർ പരീശന്മാരെപ്പോലെ ദൈവത്തെ ആവശ്യമില്ലാത്ത നിഗളികൾ ആയിരുന്നില്ല. മറിച്ച് അതിന്റെ എതിർ ചേരിയിലായിരുന്നു അവർ.നിഗളവും താഴ്മയും തമ്മിലുള്ള അടിസ്ഥാന വ്യത്യാസം ഇതാണ്.

*(ശേഷം പേജ് 16 ൽ)*

സന്ദേശം

# ദാനിയേലിന്റെ ശുശ്രൂഷയും ലൂസിഫറിന്റെ ശുശ്രൂഷയും

**സാക്പുന്നൻ**

ദാനിയേൽ തന്റെ തലമുറയിൽ ദൈവം ഉപയോഗിച്ച ഒരുവനായിരുന്നു. അദ്ദേഹം 17 വയസ്സുള്ള ഒരു യുവാവായിരുന്നപ്പോൾ 'തന്നെത്താൻ അശുദ്ധനാക്കുകയില്ല' എന്ന് ഹൃദയത്തിൽ നിശ്ചയിച്ചു (ദാനിയേൽ1:8). തുടർന്ന് യുവാവായ ദാനിയേൽ ദൈവത്തിനു വേണ്ടി സ്വീകരിച്ച നിലപാട് ഹനന്യാവ്, മീശായേൽ, അസര്യാവ് എന്നിവർ കണ്ടപ്പോൾ അവർക്കും അപ്രകാരം നിൽക്കുവാനുള്ള ധൈര്യം ലഭിച്ചു (ദാനി. 1:11).അവർക്ക് സ്വയം നിൽക്കുവാനുള്ള ധൈര്യം ഉണ്ടായിരുന്നില്ല.എന്നാൽ ദാനിയേലിന്റെ സ്ഥിരചിത്തത അവരെയും ധീരരാക്കി. ഇന്ന് ഇതുപോലെയുള്ള ധാരാളം പേരുണ്ട്. കർത്താവിനുവേണ്ടി സ്വയം ധീരതയോടെ



*ഇരുട്ട് വെളിച്ചത്തിൽനിന്നു വേർതിരിക്കപ്പെടണം. അതൊരു ഭിന്നതയല്ല, ഒരു നിർമ്മലീകരണമാണ്.*

ധാരാളം ദൂതന്മാരെ വഴിതെറ്റിക്കുവാൻ ദൈവം ലൂസിഫറിനെ അനുവദിച്ചത് എന്തുകൊണ്ടാണ്? അതൃപ്തരും മത്സരികളുമായ എല്ലാ ദൂതന്മാരെയും നീക്കി സ്വർഗ്ഗത്തെ ശുദ്ധീകരിക്കുവാൻ തന്നെ. ഇന്നും സഭയിൽ ലൂസിഫറിന്റെ ഒരു ശുശ്രൂഷ ചെയ്യുവാൻ ദൈവം ചില സഹോദരി സഹോദരന്മാരെ അനുവദിക്കും. ദൂഷണം പറഞ്ഞും കുറ്റപ്പെടുത്തിയും വ്യാജവും ദോഷവും സംസാരിച്ചുംകൊണ്ട് വീടുതോറും സഞ്ചരിക്കുവാൻ ദൈവം അവരെ അനുവദിക്കും. അങ്ങനെ സഭയിലുള്ള അതൃപ്തരും മത്സരികളും ലൗകികരുമായ വിശ്വാസികൾ വേർതിരിക്കപ്പെട്ട് ഒരുമിച്ച് ചേർക്കപ്പെടുവാനും തദ്വാരാ ക്രിസ്തുവിന്റെ ശരീരം ശുദ്ധീകരിക്കപ്പെടുവാനും ഇടയായിത്തീരും.

നിൽക്കുവാൻ കഴിവില്ലാതിരിക്കെത്തന്നെ അപ്രകാരം നിൽക്കുന്ന ഒരു ദാനിയേലിനായി കാത്തുനിൽക്കുന്നവരാണിവർ. അങ്ങനെയൊരാളെ കണ്ടെത്തുമ്പോൾ അവരും അദ്ദേഹത്തോട് ചേർന്ന് ധീരരായി നിൽക്കും.

നിങ്ങൾ അപ്രകാരമൊരു ദാനിയേൽ ആയിത്തീരുമോ? 'ഞാൻ എന്നെത്തന്നെ അശുദ്ധനാക്കുകയില്ല; രാജാവിനെയോ സൈന്യാധിപനെയോ പിന്മാറ്റത്തിലായ ഒരു മൂപ്പനെയോ മറ്റാരെയെങ്കിലുമോ ഞാൻ പിന്തുടരുകയില്ല, നൂറുശതമാനവും ദൈവവചനം കല്പിക്കുന്നതനുസരിച്ചു ഞാൻ നിൽക്കും' എന്ന് നിങ്ങൾ പറയുമോ?

ഇപ്രകാരം ഒരു ദാനിയേലിന്റെ ശുശ്രൂഷയ്ക്കായി, മററനേകം പേരെ നീതിയിലേക്കു നയിക്കുന്ന സ്ത്രീപുരുഷന്മാരെ ഇന്ന് നമ്മുടെ രാജ്യത്തിനാവശ്യമുണ്ട് (ദാനി.12:4). നീതിയെപ്പറ്റി പ്രസംഗിക്കുന്ന പ്രസംഗകരെയല്ല, മറിച്ച് വാക്കിനാലും മാതൃകയാലും മറ്റുള്ളവരെ നീതിയിലേക്കു നയിക്കുന്നവരെയാണ് ഈ വാക്യം പരാമർശിക്കുന്നത്.

ദാനിയേലിന്റെ ശുശ്രൂഷയ്ക്കു നേർവിപരീതമായ മറ്റൊരു ശുശ്രൂഷയെപ്പറ്റിയും നാം തിരുവെഴുത്തിൽ വായിക്കുന്നു: 'ലൂസിഫറിന്റെ ശുശ്രൂഷ'.

ലക്ഷക്കണക്കിന് ദൈവദൂതന്മാരെ ദൈവത്തിനെതിരായുള്ള മത്സരത്തിലേക്കു നയിക്കുവാൻ ലൂസിഫറിനു കഴിഞ്ഞതായി വെളി. 12:4 ൽ നാം വായിക്കുന്നു. ഇപ്രകാരം ധാരാളം ദൂതന്മാരെ വഴിതെറ്റിക്കുവാൻ ദൈവം ലൂസിഫറിനെ അനുവദിച്ചത് എന്തുകൊണ്ടാണ്?അതൃപ്തരും മത്സരികളുമായ എല്ലാ ദൂതന്മാരെയും നീക്കി സ്വർഗ്ഗത്തെ ശുദ്ധീകരിക്കുവാൻ തന്നെ.ലൂസിഫർ അവരുടെയിടയിൽ എഴുന്നേറ്റ് ദൈവത്തിനെതിരെയുള്ള മത്സരത്തിലേയ്ക്ക് അവരെ നയിച്ചില്ലായിരുന്നെങ്കിൽ അവരുടെ തിന്മയുള്ള ഹൃദയം വെളിപ്പെടുകയില്ലായിരുന്നു.

അതുപോലെതന്നെ ഇന്നും സഭയിൽ ലൂസിഫറിന്റെ ഒരു ശുശ്രൂഷ ചെയ്യുവാൻ ദൈവം ചില സഹോദരി സഹോദരന്മാരെ അനുവദിക്കും.ദൂഷണം പറഞ്ഞും കുറ്റപ്പെടുത്തിയും വ്യാജവും ദോഷവും സംസാരിച്ചുംകൊണ്ട് വീടുതോറും സഞ്ചരിക്കുവാൻ ദൈവം അവരെ അനുവദിക്കും. അങ്ങനെ സഭയിലുള്ള അതൃപ്തരും മത്സരികളും ലൗകികരുമായ വിശ്വാസികൾ വേർതിരിക്കപ്പെട്ട് ഒരുമിച്ച് ചേർക്കപ്പെടുവാനും തദ്വാരാ ക്രിസ്തുവിന്റെ ശരീരം ശുദ്ധീകരിക്കപ്പെടുവാനും ഇടയായിത്തീരും.

നാം ഒരിക്കലും അത്തരം സഹോദരീസഹോദരന്മാരോട് പോരാടുവാൻ പാടില്ല. സഭയെ ദൈവം തന്നെ സംരക്ഷിച്ചുകൊള്ളും. സഭയെ മലിനപ്പെടുത്തുന്നവരെ തക്ക സമയത്ത് അവിടുന്ന് നശിപ്പിക്കും (1 കോരി. 3:17).

എന്നാൽ ആരും നശിച്ചുപോകുവാൻ ദൈവം ആഗ്രഹിക്കാത്തതുകൊണ്ട്





ദൈവം ന്യായവിധി നടത്തുന്നതിനു മുമ്പ് ദീർഘക്ഷമയോടെ പല വർഷങ്ങൾ കാത്തിരിക്കുന്നു. എല്ലാവരും മാനസാന്തരപ്പെടണമെന്ന് അവിടുന്ന് ആഗ്രഹിക്കുന്നു.നോഹയുടെ കാലത്ത് അവിടുന്ന് നൂറ്റിയിരുപതു വർഷം കാത്തിരുന്നു. എന്നാൽ ദൈവം ന്യായവിധി നടത്തുമ്പോൾ അവിടുത്തെ ന്യായവിധി കർക്കശമായിരിക്കും.

അതിനാൽ ഒരു സഭയിൽ ഒരിക്കലും ഭിന്നത ഉണ്ടായിട്ടില്ലെന്ന് പ്രശംസിക്കുന്നത് ഭോഷത്തമാണ്. ആരംഭകാലത്ത് സ്വർഗ്ഗത്തിൽത്തന്നെ ദൂതന്മാരുടെയിടയിൽ ഒരു ഭിന്നതയുണ്ടായിരുന്നു. അത്തരം ഭിന്നതകൾ ആവശ്യമാണ്. 'എന്തെന്നാൽ നിങ്ങളിൽ കൊള്ളാകുന്നവർ വെളിവാകേണ്ടതിനു നിങ്ങളുടെയിടയിൽ ഭിന്നപക്ഷങ്ങളും ഉണ്ടാകേണ്ടത് ആവശ്യം' (1 കോരി. 11:19).

ഇരുട്ട് വെളിച്ചത്തിൽനിന്നു വേർതിരിക്കപ്പെടണം. അതൊരു ഭിന്നതയല്ല, ഒരു നിർമ്മലീകരണമാണ്. അതില്ലെങ്കിൽ ഭൂമിയിൽ ദൈവത്തിന്റെ സാക്ഷ്യം വികലമാകും.

നമുക്കെല്ലാവർക്കും ഒന്നുകിൽ സഭയിൽ ഐക്യവും കൂട്ടായ്മയും വളർത്തുന്ന ഒരു ദാനിയേൽ ശുശ്രൂഷയോ, അല്ലെങ്കിൽ ഭിന്നത വളർത്തുന്ന ലൂസിഫർ ശുശ്രൂഷയോ ഉണ്ടായിരിപ്പാൻ കഴിയും. നിഷ്പക്ഷരായിരിക്കുവാൻ നമുക്ക് സാധ്യമല്ല. തന്നോട് ചേർക്കാത്തവർ ചിതറിക്കുമെന്ന് യേശു പറഞ്ഞിട്ടുണ്ട്. ചേർക്കുക, ചിതറിക്കുക ഇങ്ങനെ രണ്ടു ശുശ്രൂഷകൾ മാത്രമാണ് സഭയിലുള്ളത് (മത്തായി 12:30).

ഇന്ത്യയിലെ നമ്മുടെ സഭകളിൽ, സ്ഥാനമാനങ്ങൾ ആഗ്രഹിക്കുന്നവരെയും വിവാദത്തിന്റെയും തർക്കത്തിന്റെയും ആത്മാവുള്ളവരെയും തങ്ങളെക്കാൾ ആത്മീയവളർച്ച പ്രാപിക്കുന്ന യുവസഹോദരന്മാരോട് അസൂയയുള്ളവ

ഒരു സഭയിൽ ഒരിക്കലും ഭിന്നത ഉണ്ടായിട്ടില്ലെന്ന് പ്രശംസിക്കുന്നത് ഭോഷത്തമാണ്. ആരംഭകാലത്ത് സ്വർഗ്ഗത്തിൽത്തന്നെ ദൂതന്മാരുടെയിടയിൽ ഒരു ഭിന്നതയുണ്ടായിരുന്നു. അത്തരം ഭിന്നതകൾ ആവശ്യമാണ്. 'എന്തെന്നാൽ നിങ്ങളിൽ കൊള്ളാകുന്നവർ വെളിവാകേണ്ടതിനു നിങ്ങളുടെയിടയിൽ ഭിന്നപക്ഷങ്ങളും ഉണ്ടാകേണ്ടത് ആവശ്യം'. ഇരുട്ട് വെളിച്ചത്തിൽനിന്നു വേർതിരിക്കപ്പെടണം. അതൊരു ഭിന്നതയല്ല, ഒരു നിർമ്മലീകരണമാണ്. അതില്ലെങ്കിൽ ഭൂമിയിൽ ദൈവത്തിന്റെ സാക്ഷ്യം വികലമാകും.

വരെയും നമ്മുടെയിടയിൽ തുറന്നുകാട്ടുന്നതിനും നീക്കിക്കളയുന്നതിനും ദൈവം അത്ഭുതകരമായും അതിവിദഗ്ധമായും സാഹചര്യങ്ങളെ ക്രമീകരിക്കുന്നുണ്ട്. നമ്മുടെയിടയിലുള്ള 'ജ്ഞാനി'കളെയും 'വലിയ'വരെയും ദൈവം പിടിക്കുകയും സഭയെ 'റാഞ്ചുന്ന'തിനുള്ള അവരുടെ നിഗൂഢപദ്ധതികളെ വിഫലമാക്കുകയും ചെയ്യുന്നു. 'ദൈവം ജ്ഞാനികളെ അവരുടെ കൗശലത്തിൽ പിടിക്കുന്നു' (1 കൊരി. 3:19).ദൈവത്തിനു നമ്മോടുള്ള കരുതലിന്റെയുംനമ്മുടെ നാട്ടിൽ ദൈവനാമത്തിനു നിർമ്മലസാക്ഷ്യം ഉണ്ടാകണമെന്നുള്ള ഉൽക്കടമായ ആഗ്രഹത്തിന്റെയും ഒരു തെളിവാണ് ഇത്.

ഇങ്ങനെയുള്ള സാത്താന്യ ആക്രമണങ്ങളിൽ നിന്നും നമ്മെ സൂക്ഷിക്കുന്നതിനായി ഇടവിടാതെ നമ്മെ ശ്രദ്ധിച്ചുകൊണ്ടിരിക്കുന്ന ദൈവത്തിനു സ്തോത്രം. 'യഹോവ പട്ടണം കാക്കാതിരുന്നാൽ കാവൽക്കാരൻ വൃഥാ ജാഗരി

*(ശേഷം പേജ് 21 ൽ)*

ചിന്തയ്ക്ക്

# ദൈവത്തിന് സ്ത്രീകളെ ആവശ്യമുണ്ട്

**ദൈവത്തിന്** ഇന്ന് സ്ത്രീകളെ ആവശ്യമുണ്ട്. ദൈവം ആദിയിൽ ഹവ്വയെ സൃഷ്ടിച്ചപ്പോൾ അവളിലൂടെ വെളിപ്പെടുത്താൻ ആഗ്രഹിച്ച തേജസ് ഇന്നു തങ്ങളുടെ ജീവിതങ്ങളിലൂടെ വിശ്വസ്തതയോടെ വരച്ചു കാണിക്കുന്ന സ്ത്രീകളെയാണ് ദൈവത്തിന് ആവശ്യം.

**പുരുഷന്റെ സഹായി എന്ന നിലയിൽ അവളുടെ തേജസ്**

ദൈവം ഹവ്വയെ സൃഷ്ടിച്ചത് അവൾ പുരുഷന് തക്കതായ ഒരു തുണയായിരിക്കേണ്ടതിനാണ് (ഉൽപ. 2:18). അവളുടെ ഈ ശുശ്രൂഷയുടെ മഹത്വം നമുക്കു ബോധ്യമാകുന്നത് യേശു പരിശുദ്ധാത്മാവിനെക്കുറിച്ചു പറയുമ്പോഴും 'സഹായകൻ' എന്ന പേര് ഉപയോഗിച്ചിരിക്കുന്ന എന്നതു ശ്രദ്ധിക്കുമ്പോഴാണ് (യോഹ. 14:16)

പരിശുദ്ധാത്മാവ് അദൃശ്യനായി, നിശ്ശബ്ദനായി, എന്നാൽ ശക്തിനിറഞ്ഞവനായി ഒരു വിശ്വാസിയെ സഹായിക്കുന്നത് എങ്ങനെയാണോ അതുപോലെ തന്നെ പുരുഷനെ സഹായിക്കുന്നതിനാണ് സ്ത്രീ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. പരിശുദ്ധാത്മാവിന്റെ ശുശ്രൂഷ അണിയറയിലാണ്. ഇങ്ങനെതന്നെയായിരിക്കണം ഒരു സ്ത്രീയുടെ ശുശ്രൂഷയും.

യേശുവിന്റെ ജീവിതവും സ്ത്രീക്ക് ഒരു മാതൃകയാണ്. കാരണം ദൈവം (പിതാവ്), ക്രസ്തുവിന്റെ തലയാകുന്നതുപോലെ തന്നെ പുരുഷൻ സ്ത്രീയുടെ തലയാകുന്നു എന്ന് ദൈവവചനം പറയുന്നു (1 കൊരി 11:3). യേശു എല്ലായ്പോഴും തന്റെ പിതാവിനു വിധേയപ്പെട്ടാണ് പ്രവർത്തിച്ചത്.ദൈവഭയമുള്ള ഒരു സഹോദരിയും തന്റെ ഭർത്താവിനോടുള്ള ബന്ധത്തിൽ അങ്ങനെ തന്നെ ആയിരിക്കും. ഒരു തീരുമാനമെടുക്കുന്നതിനു മുമ്പ് തന്റെ ഭർത്താവിനോട് ആലോചിക്കുന്ന കാര്യത്തിൽ പരാജയപ്പെട്ടു എന്നതാണ് ഏദൻതോട്ടത്തിൽ ഹവ്വയ്ക്കു പറ്റിയ തെറ്റ്. അങ്ങനെ സാത്താൻ അവളെ വഞ്ചിച്ചു (1 തിമൊ 2:14). ഹവ്വ പരാജയപ്പെട്ട സ്ഥാനത്ത്,യേശു തന്റെ പിതാവിനും സഭ ക്രിസ്തുവിനും എന്നപോലെ തങ്ങളുടെ ഭർത്താക്കന്മാർക്ക് വിധേയപ്പെടുന്നതിലുള്ള തേജസ് വെളിപ്പെടുത്തുവാൻ ദൈവം ഇന്ന് ക്രിസ്ത്യാനികളായ ഭാര്യമാരെ വിളിക്കുന്നു.

പാപം ഈ പ്രപഞ്ചത്തിൽ പ്രവേശിച്ചത് ലൂസിഫറിന്റെ മത്സരത്തിലൂടെയാണ്. രക്ഷ വന്നത് ക്രിസ്തുവിന്റെ കീഴടങ്ങലിലൂടെയും. ദൈവത്തിന്റെ അധികാരത്തിന് താഴ്മയോടെ കീഴടങ്ങുന്ന ആത്മാവാണ് ഈ പ്രപഞ്ചത്തിലുള്ള ഏറ്റവും വലിയ ശക്തി - കാരണം ഇത് ക്രിസ്തുവിന്റെ ആത്മാണ്.ആ ആത്മാവ് എല്ലാ മത്സരത്തിന്റെ ആത്മാക്കളെയും ക്രൂശിൽ പിടിച്ചടക്കി. ഒരു ഭാര്യ അവളുടെ ഭർത്താവിനു കീഴടങ്ങുമ്പോൾ, വാസ്തവത്തിൽ അങ്ങനെ ചെയ്യാൻ അവളോടു കല്പിക്കുന്ന ദൈവവചനത്തിന്റെ അധികാരത്തിനു കീഴ്പ്പെടുകയാണ്. അപ്പോൾ അവൾ പ്രപഞ്ചത്തിലെ ഏറ്റവും വലിയ





ശക്തിയാൽ സ്വാധീനിക്കപ്പെടുകയുമാണ്. അവിശ്വാസിയ ഭർത്താവിനെപ്പോലും നേടുവാൻ ആ വലിയ ശക്തിയാൽ അവൾക്ക് സാധ്യമാകുന്നു. (1 പത്രോ. 3:1, 2). ഭൗമിക ജീവിതത്തിൽ ഇങ്ങനെ വിധേയത്വമുള്ള ഒരാത്മാവിൽ ജീവിച്ചാൽ അവൾ ഒരു ജയാളിയായിത്തീരുകയും യേശുവിനോടു കൂടെ നിത്യയുഗം വാഴുവാനുള്ള യോഗ്യത നേടുകയും ചെയ്യും (വെളി. 3:21).

ഇവിടെയാണ് സാത്താൻ വീണ്ടും സ്ത്രീയെ വഞ്ചിക്കുന്നത്.മത്സരത്തിന്റെ ആത്മാവിലൂടെ ദൂതന്മാരെ വഴിതെറ്റിച്ചതുപോലെ അവൻ സ്ത്രീയെയും വഴിതെറ്റിക്കുന്നു. മത്സരക്കാരിയായ ഒരു ഭാര്യ അവളുടെ ഭവനത്തെ,ഏതു മരുഭൂമിയെക്കാളും വഷളായ ശൂന്യവും പാഴുമായ തരിശുഭൂമിയാക്കി മാറ്റുന്നു (സദൃ. 21:19 ന്റെ വിവക്ഷിതാർത്ഥം).മറിച്ച് സദ്ഗുണമുള്ള, വിധേയത്വമുള്ള ഭാര്യ അവളുടെ ഭർത്താവിനെ രാജാവായി കിരീടം ധരിപ്പിക്കുകയും അങ്ങനെ അവളുടെ ഭവനത്തെ ഒരു കൊട്ടാരമാക്കി മാറ്റുകയും ചെയ്യുന്നു (സദൃ. 12:14).ആത്മീയമായി പറഞ്ഞാൽ നിങ്ങളുടെ ഭവനം ഒന്നുകിൽ ഒരു കൊട്ടാരമായി തീരാം. അല്ലെങ്കിൽ ഒരു മരുഭൂമിയായി തീരാം. നിങ്ങൾ ഏതു തരത്തിലുള്ള ഭാര്യയാണ് എന്നതിനെ ആശ്രയിച്ചാണ് അതിരിക്കുന്നത്. ദൈവം ഏറ്റവും ഉന്നതമായി വിലമതിക്കുന്നത് സൗമ്യതയും സാവധാനതയുമുള്ള ആത്മാവിനെയാണ് എന്നതിൽ ഒട്ടും ആശ്ചര്യപ്പെടാനില്ല (1 പത്രോ. 3:4).

സദൃ. 31:10-31 വരെയുള്ള വാക്യങ്ങളിൽ ഈ സദ്ഗുണമുള്ള ഭാര്യയുടെ സ്വഭാവ വിശേഷങ്ങൾ വിവരിക്കുന്നു.അവളുടെ ഹൃദയം, കൈകൾ, നാവ് ഇവ വളരെ മഹത്തരമാണെന്ന് വിവരിക്കപ്പെട്ടിരിക്കുന്നു.

അവളുടെ ശരീരസൗന്ദര്യം സ്ത്രൈണലാവണ്യം ഇവയെക്കുറിച്ചൊന്നും

> മത്സരത്തിന്റെ ആത്മാവിലൂടെ ദൂതന്മാരെ വഴിതെറ്റിച്ചതുപോലെ അവൻ സ്ത്രീയെയും വഴിതെറ്റിക്കുന്നു. മത്സരക്കാരിയായ ഒരു ഭാര്യ അവളുടെ ഭവനത്തെ,ഏതു മരുഭൂമിയെക്കാളും വഷളായ ശൂന്യവും പാഴുമായ തരിശു ഭൂമിയാക്കി മാറ്റുന്നു .മറിച്ച് സദ്ഗുണമുള്ള, വിധേയത്വമുള്ള ഭാര്യ അവളുടെ ഭർത്താവിനെ രാജാവായി കിരീടം ധരിപ്പിക്കുകയും അങ്ങനെ അവളുടെ ഭവനത്തെ ഒരു കൊട്ടാരമാക്കി മാറ്റുകയും ചെയ്യുന്നു. ആത്മീയമായി പറഞ്ഞാൽ നിങ്ങളുടെ ഭവനം ഒന്നുകിൽ ഒരു കൊട്ടാരമായി തീരാം. അല്ലെങ്കിൽ ഒരു മരുഭൂമിയായി തീരാം. നിങ്ങൾ ഏതു തരത്തിലുള്ള ഭാര്യയാണ് എന്നതിനെ ആശ്രയിച്ചാണ് അതിരിക്കുന്നത്.

എടുത്തു പറഞ്ഞിട്ടില്ല. കാരണം ഇവയെല്ലാം വിലയില്ലാത്തതും വഞ്ചനാത്മകവുമാണെന്ന് പറഞ്ഞിരിക്കുന്നു.എല്ലാ സ്ത്രീകളും, യുവതികളായ പെൺകുട്ടികളും പ്രത്യേകിച്ച് വിവാഹത്തെകുറിച്ച് ചിന്തിക്കുന്ന യുവാക്കന്മാരും ഈ വസ്തുത മനസ്സിലാക്കിയിരുന്നെങ്കിൽ അതു വളരെ ശ്രേഷ്ഠകരമായിരുന്നേനേം.

ഇവിടെ വർണ്ണിക്കപ്പെട്ടിരിക്കുന്ന സദ്ഗുണമുള്ള സ്ത്രീക്ക് ദൈവത്തെ ഭയപ്പെടുന്ന ഒരു ഹൃദയമുണ്ട് (വാക്യം 30). അതാണ് അവളുടെ മുഴുജീവിതത്തിന്റെയും അടിസ്ഥാനം.അവൾ കൈകൊണ്ട് വേല ചെയ്യുന്നു, വസ്ത്രങ്ങൾ തുന്നുകയും ആഹാരം പാകംചെയ്യുകയും ദരിദ്രരെ സഹായിക്കുകയും ചെയ്യുന്നു (വാ. 13-22). അവൾ തന്റെ നാവിനെ എല്ലാ സമയത്തും ദയയോടും ജ്ഞാനത്തോടും കൂടെ ഉപയോഗിക്കുന്നു (വാ. 26). സൗന്ദര്യമുള്ളവൾ അല്ലെങ്കിലും അവൾ ദൈവഭയമുള്ളവളും കഠിനാദ്ധ്വാനിയും ദയയു

ഈ സദ്ഗുണപൂർണ്ണയായ സ്ത്രീ അവളുടെ ഭർത്താവിന് ഒരു യഥാർത്ഥ സഹായി ആണ്. അവൾ തന്റെ ആയുഷ്കാലം മുഴുവനും അവന് തിന്മയല്ല നന്മ തന്നെ ചെയ്യുന്നു. മറ്റൊരുവിധത്തിൽ പറഞ്ഞാൽ അവൾക്ക് അദ്ദേഹത്തോടുള്ള ആദ്യ സ്നേഹം ഒരിക്കലും നഷ്ടപ്പെടുന്നില്ല. തന്റെ ഭർത്താവിന്റെ തൊഴിൽ, ജീവിതത്തിൽ അയാൾക്കുള്ള ദൈവവിളി എന്നിവയുമായി അവൾ തന്നെത്തന്നെ ക്രമപ്പെടുത്തുന്നു. പണം ഒട്ടും പാഴായിപോകാതിരിക്കുന്നതിനായി മിതവ്യയം ചെയ്യുകയും സൂക്ഷ്മതയോടെ ചെലവാക്കുകയും ചെയ്യുന്നു. അദ്ദേഹത്തിന് തന്റെ ദേശത്ത് കർത്താവിനുവേണ്ടി ഒരു ശുശ്രൂഷ ഉണ്ടാകേണ്ടതിന് ഭവനത്തിലെ ഉത്തരവാദിത്തങ്ങളിൽ നിന്ന് അവൾ അയാളെ ഒഴിവാക്കുന്നു

ളളവളുമാണ്. അവളുടെ നിർമ്മല ഹൃദയത്തിലൂടെയും പരുപരുത്ത കൈകളിലൂടെയും മൃദുവായ നാവിലൂടെയും ദൈവത്തിന്റെ മഹത്വം വെളിപ്പെടുന്നു (ലോകസ്ത്രീകൾക്ക് ഇതിനുവിരുദ്ധമായി ഒരു അശുദ്ധഹൃദയവും മൃദുവായ കൈകളും പരുക്കൻ നാവുമാണുള്ളത്). ഈ മേഖലകളിൽ തന്റെ മഹത്വം വെളിപ്പെടുത്തുന്നതിനാണ് ദൈവം സ്ത്രീകളെ അന്വേഷിക്കുന്നത്.

ഒരു ഭാര്യ എന്ന നിലയിൽ, ഈ സദ്ഗുണപൂർണ്ണയായ സ്ത്രീ അവളുടെ ഭർത്താവിന് ഒരു യഥാർത്ഥ സഹായി ആണ്. അവൾ തന്റെ ആയുഷ്കാലം മുഴുവനും അവന് തിന്മയല്ല നന്മ തന്നെ ചെയ്യുന്നു (വാക്യം 12). മറ്റൊരുവിധത്തിൽ പറഞ്ഞാൽ അവൾക്ക് അദ്ദേഹത്തോടുള്ള ആദ്യ സ്നേഹം ഒരിക്കലും നഷ്ടപ്പെടുന്നില്ല. തന്റെ ഭർത്താവിന്റെ തൊഴിൽ, ജീവിതത്തിൽ അയാൾക്കുള്ള ദൈവ വിളി എന്നിവയുമായി അവൾ തന്നെത്തന്നെ ക്രമപ്പെടുത്തുന്നു. പണം ഒട്ടും പാഴായി പോകാതിരിക്കുന്നതിനായി മിത വ്യയം ചെയ്യുകയും സൂക്ഷ്മതയോടെ ചെലവാക്കുകയും ചെയ്യുന്നു. അദ്ദേഹത്തിന് തന്റെ ദേശത്ത് കർത്താവിനുവേണ്ടി ഒരു ശുശ്രൂഷ ഉണ്ടാകേണ്ടതിന് ഭവനത്തിലെ ഉത്തരവാദിത്തങ്ങളിൽ നിന്ന് അവൾ അയാളെ ഒഴിവാക്കുന്നു (വാ. 23-27). ലോകത്തിലുള്ള എല്ലാ സ്ത്രീകളെക്കാളും (വനിതാ പ്രധാനമന്ത്രിമാരും വനിതാ മത പ്രഭാഷകരും ഉൾപ്പെടെ) ശ്രേഷ്ഠയായിരിക്കുന്നു എന്നു പറഞ്ഞ് ഭർത്താവ് അവളെ പ്രശംസിക്കുന്നതിൽ അത്ഭുതപ്പെടാനൊന്നുമില്ല (വാ. 29). ഇത്തരത്തിലുള്ള ഒരു സ്ത്രീ പരസ്യമായും പ്രശംസിക്കപ്പെടാൻ അർഹതയുള്ളവളാണ്. കാരണം ഒരു സ്ത്രീ എന്ന നിലയിൽ തന്റെ വിളിയുടെ മഹത്വം അവൾ മനസ്സിലാക്കിയിട്ടുണ്ട്.

നമ്മുടെ ഭവനങ്ങളിൽ വിശുദ്ധന്മാരെ ശുശ്രൂഷിക്കുന്ന കാര്യത്തിന് പുതിയ നിയമം വലിയ ഊന്നൽ നൽകിയിരിക്കുന്നു. "ഒരുനേരത്തെ ആഹാരമോ, രാത്രിയിൽ താമസിക്കാൻ ഒരിടമോ ആവശ്യമുള്ളവരുമായി നിങ്ങളുടെ ഭവനം പങ്കിടുക...... അതിഥികളെ ഭവനത്തിലേക്ക് വിരുന്നിനു ക്ഷണിക്കുന്ന ശീലം സ്വീകരിക്കുക (1 പത്രോ 4:9, റോമ 12:13 ലിവി:ബൈബി.). അതിഥി സൽക്കാരം പ്രാഥമികമായി ഭവനത്തിലെ ഭാര്യയുടെ ഉത്തരവാദിത്തമാണ്. അവൾ തന്നെ ഒരിക്കലും ഒരു പ്രവാചകി ആകാതെ, ഒരു പ്രവാചകനെ സ്വന്തഭവനത്തിലേക്ക് സ്വാഗതം ചെയ്യുന്നതിലൂടെ മാത്രം, അവൾക്ക് ഒരു പ്രവാചകന്റെ പ്രതിഫലം നേടാൻ കഴിയും (മത്താ. 10:41). യേശുവിന്റെ ഒരു ചെറിയ ശിഷ്യനോടു കാണിക്കുന്ന ആതിഥ്യമര്യാദയ്ക്കു പോലും അവൾക്കു പ്രതിഫലം നൽകപ്പെടും (മത്താ. 10:41). ഒരു അപ്പോസ്തലനെ നമ്മുടെ ഭവനത്തിൽ സ്വീകരിക്കുന്നത്





യേശുവിനെ സ്വീകരിക്കുന്നതിനു തുല്യമാണ് (മത്താ. 10:40). അതുപോലെ ഒരു ശിശുവിനെ യേശുവിന്റെ നാമത്തിൽ സ്വീകരിക്കുന്നതും യേശുവിനെ സ്വീകരിക്കുന്നതിനു തുല്യമാണ് (മത്താ. 18:5). അതിഥി സൽക്കാരത്തിന്റെ മേഖലയിൽ എത്ര വിശിഷ്ടമായ സാധ്യതകളാണ് സഹോദരിമാർക്കുവേണ്ടി തുറക്കപ്പെട്ടിരിക്കുന്നത്! ആദിമ ക്രിസ്ത്യാനികൾ (പൗലൊസും പത്രോസും അതിഥി സൽക്കാരത്തെക്കുറിച്ച് ആർക്കെഴുതിയോ അവർ) വളരെ ദരിദ്രർ ആയിരുന്നു. ലളിതമായ ആഹാരവും ഏതു വിധത്തിലെങ്കിലും തറയിൽ കിടന്നുറങ്ങാൻ ഒരിടവും വിശുദ്ധന്മാർക്കുവേണ്ടി നൽകുവാനായിരുന്നു അവരോട് ആവശ്യപ്പെട്ടത്. സമ്പന്ന ഭക്ഷണവും മുന്തിയ താമസസൗകര്യങ്ങളും നൽകാൻ കഴിവുണ്ടാകുന്നതുവരെ അതിഥിസൽക്കാരം ആചരിക്കാൻ തങ്ങൾക്കു കഴിയുകയില്ല എന്ന തോന്നൽ ഉണ്ടാകുന്നത്, വിശ്വാസികൾ മനുഷ്യരുടെ മാനം അന്വേഷിക്കുമ്പോഴാണ്. 1 തിമൊ. 5:10 ചൂണ്ടിക്കാണിക്കുന്നത്, ഒന്നാം നൂറ്റാണ്ടിൽ വിധവമാർപോലും തങ്ങളുടെ ഭവനത്തിൽ വിശുദ്ധന്മാരെ ശുശ്രൂഷിച്ചു എന്നാണ്.

ഭവനം പണിയുന്നവളായാണ് തന്റെ വിളി എന്നു കണ്ടിട്ടുള്ള ഒരു സ്ത്രീയിലാണ് ദൈവത്തിന്റെ തേജസ് വെളിപ്പെടുന്നത്.

**ഒരു മാതാവ് എന്ന നിലയിൽ അവൾക്കുള്ള വിളി**

ആദം തന്റെ ഭാര്യയെ ഹവ്വ എന്നു വിളിച്ചു. കാരണം അവൾ ഒരു അമ്മയായിരുന്നു.ഏദനിൽ ദൈവസാന്നിദ്ധ്യത്തിന്റെ നിർമ്മലവെളിച്ചത്തിൽ തന്റെ ഭാര്യക്കുള്ള ശുശ്രൂഷ എന്തായിരുന്നു എന്ന് ആദം വ്യക്തമായി അറിഞ്ഞു.എന്നാൽ ഇന്ന് അമ്മ എന്ന നിലയിൽ ഒരു സ്ത്രീക്കുള്ള മഹത്വം ഒരിക്കലും കാണാതവണ്ണം പാപവും മാനുഷിക പാരമ്പര്യങ്ങളും

അതിഥി സൽക്കാരത്തിന്റെ മേഖലയിൽ എത്ര വിശിഷ്ടമായ സാധ്യതകളാണ് സഹോദരിമാർക്കുവേണ്ടി തുറക്കപ്പെട്ടിരിക്കുന്നത്! ആദിമ ക്രിസ്ത്യാനികൾ വളരെ ദരിദ്രർ ആയിരുന്നു. ലളിതമായ ആഹാരവും ഏതു വിധത്തിലെങ്കിലും തറയിൽ കിടന്നുറങ്ങാൻ ഒരിടവും വിശുദ്ധന്മാർക്കുവേണ്ടി നൽകാനായിരുന്നു അവരോട് ആവശ്യപ്പെട്ടത്. സമ്പന്ന ഭക്ഷണവും മുന്തിയ താമസസൗകര്യങ്ങളും നൽകാൻ കഴിവുണ്ടാകുന്നതുവരെ അതിഥിസൽക്കാരം ആചരിക്കാൻ തങ്ങൾക്കു കഴിയുകയില്ല എന്ന തോന്നൽ ഉണ്ടാകുന്നത്, വിശ്വാസികൾ മനുഷ്യരുടെ മാനം അന്വേഷിക്കുമ്പോഴാണ്.

(സാത്താനാൽ സ്വാധീനിക്കപ്പെട്ട്) ഏതു വിധേനയോ അവളുടെ ധാരണയെ മറച്ചുകളഞ്ഞു. ദൈവം മക്കളെ 'ദാനം' എന്നു വിളിക്കുമ്പോൾ (സങ്കീ.127:3) ഇന്ന് 'അബദ്ധം' എന്ന സാത്താന്യനാമത്തിലാണ് മക്കൾ വിളിക്കപ്പെടുന്നത്. ദൈവം മക്കളെ, ഒരനുഗ്രഹമായി കരുതുമ്പോൾ (സങ്കീ. 127:5, 128:4) ഇന്ന് അവർ ഒരു ശല്യമായി കണക്കാക്കപ്പെടുന്നു. ക്രിസ്ത്യാനികൾ എന്നു വിളിക്കപ്പെടുന്നവർ പോലും ദൈവത്തിൽ നിന്ന് എത്രയോ അകലത്തിലാണ്! അവരുടെ ചിന്തകളും സാത്താന്യമായി തീർന്നു എന്നാണ് ഈ കാര്യങ്ങൾ സൂചിപ്പിക്കുന്നത്!

തിമൊഥെയോസിന്റെ അമ്മ യുനീക്ക ഇതിൽനിന്ന് വളരെ വ്യത്യസ്ത ആയിരുന്നു. അവൾ തന്റെ വിളി വ്യക്തമായി കണ്ടിരുന്നു. അവളുടെ ഭർത്താവ് ഒരു അവിശ്വാസിയായിരുന്നെങ്കിലും (അപ്പോ. 16:1) അത് അവളുടെ വിശ്വാസത്തെ തണുപ്പിച്ചില്ല. അവൾ 'നിർവ്യാജ

> അടുത്ത കാലത്തായി നാം 15 മക്കളുടെ മാതാവായിരുന്ന സൂസന്ന വെസ്ലിയെക്കുറിച്ച് കേൾക്കുന്നുണ്ട്.ദാരിദ്ര്യം അവളുടെ ഭവനത്തെ വിടാതെ പിൻപറ്റുകയും അവളുടെ മക്കളിൽ ചിലർ ശൈശവത്തിൽ തന്നെ മരിക്കുകയും ചെയ്തു. എന്നാൽ അവൾ തന്റെ മറ്റുള്ള മക്കളെ ദൈവഭയത്തിൽ വളർത്തി കൊണ്ടു വന്നു.ഓരോരുത്തർക്കും വ്യക്തിപരമായ നിർദ്ദേശങ്ങൾ നൽകി അവരെ പഠിപ്പിച്ചു.അവളുടെ മക്കളിൽ ഒരാളായ ജോൺ വെസ്ലി ദൈവകരങ്ങളിൽ ശക്തിയുള്ള ഒരു ഉപകരണമായി തീർന്നു. കഴിഞ്ഞ രണ്ടു നൂറ്റാണ്ടുകളായി അദ്ദേഹത്തിന്റെ അദ്ധ്വാനങ്ങളിലൂടെയും എഴുത്തുകളിലൂടെയും ലോകത്തിലുടനീളം ലക്ഷക്കണക്കിനാളുകൾ അനുഗ്രഹിക്കപ്പെട്ടിട്ടുണ്ട്.

വിശ്വാസ'മുള്ളവളും ദൈവ വചനം അറിയുന്നവളുമായ ഒരു സ്ത്രീ ആയിരുന്നു. അവൾ തിമൊഥെയോസിനെ ദൈവ വചനം പഠിപ്പിച്ചു (2 തിമോ 3:14, 15). അതിലുപരി, അവളുടെ നിർവ്യാജവിശ്വാസം അവനിലേക്ക് പകർന്നു കൊടുക്കുകയും ചെയ്തു. അവിശ്വാസത്തിന്റെ വിഷപ്പുക നിറഞ്ഞുനിന്ന ഒരു ലോകത്തിന്റെ നടുവിൽ വിശ്വാസത്തിന്റെ ശുദ്ധവായു ശ്വസിക്കുവാൻ തിമൊഥെയോസിന്റെ അമ്മ അവനെ പ്രാപ്തനാക്കിയ ഇടം ഭവനമായിരുന്നു.മിക്കവാറും അവൻ തന്റെ അമ്മയെ കണ്ടത്, കൂടെകൂടെ പ്രാർത്ഥിക്കുന്നവളും, ഇടവിടാതെ ദൈവത്തെ സ്തുതിക്കുന്നവളും വിഷമഘട്ടങ്ങളിൽ ദൈവത്തിൽ ആശ്രയിക്കുന്നവളും അടിക്കടിയുള്ള കുറ്റപ്പെടുത്തലുകളോ, പരാതികളോ ഒന്നുമില്ലാത്ത ഒരുവളും ആയിട്ടാണ്. കാരണം ഇതെല്ലാം 'നിർവാജ്യ വിശ്വാസ'ത്തിന്റെ സവിശേഷതകളാണ്. തിമൊഥെയോസ് വളർന്ന് ഒരു അപ്പോസ്തലനായി എന്നതിലും പൗലൊസിന്റെ ഏറ്റവും അടുത്ത ഒരു സഹപ്രവർത്തകനായി എന്നതിലും ആശ്ചര്യപ്പെടാനില്ല. അവന്റെ അമ്മയുടെ അദ്ധ്വാനം ഒടുവിൽ ഫലപ്രാപ്തിയിലെത്തി.

21-ാം നൂറ്റാണ്ടിലെ അമ്മമാർക്ക് ഇത് ഒരു വെല്ലുവിളിയായിരിക്കണം.ലോകം മുഴുവൻ ഒരു മതപ്രസംഗകയായി സഞ്ചരിച്ച് 100 വർഷം കൊണ്ട് ചെയ്യാമായിരുന്നതിനേക്കാൾ വളരെയധികം, കർത്താവിനുവേണ്ടിയും, സഭയ്ക്കുവേണ്ടിയും 16-20 വർഷങ്ങൾ കൊണ്ട് പ്രവർത്തിക്കുവാൻ തന്റെ ഭവനത്തിൽ ഒന്നാതരം അമ്മയായിരിക്കെ തിമൊഥെയോസിന്റെ അമ്മ യുനീക്കയ്ക്കു കഴിഞ്ഞു. അടുത്ത കാലത്തായി നാം 15 മക്കളുടെ മാതാവായിരുന്ന സൂസന്ന വെസ്ലിയെക്കുറിച്ച് കേൾക്കുന്നുണ്ട്.ദാരിദ്ര്യം അവളുടെ ഭവനത്തെ വിടാതെ പിൻപറ്റുകയും അവളുടെ മക്കളിൽ ചിലർ ശൈശവത്തിൽ തന്നെ മരിക്കുകയും ചെയ്തു. എന്നാൽ അവൾ തന്റെ മറ്റുള്ള മക്കളെ ദൈവഭയത്തിൽ വളർത്തി കൊണ്ടു വന്നു.ഓരോരുത്തർക്കും വ്യക്തിപരമായ നിർദ്ദേശങ്ങൾ നൽകി അവരെ പഠിപ്പിച്ചു.അവളുടെ മക്കളിൽ ഒരാളായ ജോൺ വെസ്ലി ദൈവകരങ്ങളിൽ ശക്തിയുള്ള ഒരു ഉപകരണമായി തീർന്നു. കഴിഞ്ഞ രണ്ടു നൂറ്റാണ്ടുകളായി അദ്ദേഹത്തിന്റെ അദ്ധ്വാനങ്ങളിലൂടെയും എഴുത്തുകളിലൂടെയും ലോകത്തിലുടനീളം ലക്ഷക്കണക്കിനാളുകൾ അനുഗ്രഹിക്കപ്പെട്ടിട്ടുണ്ട്.സൂസന്ന വെസ്ലി തന്റെ ഭവനത്തെ അവഗണിച്ച് കൂടുതൽ പണമുണ്ടാക്കാനായി ജോലിക്കു പോകുകയോ,ഒരു വേദപുസ്ത അദ്ധ്യാപികയായോ സുവിശേഷകയായോ ലോകം മുഴുവൻ സഞ്ചരിക്കുകയോ ചെയ്തിരുന്നെങ്കിൽ തന്റെ പുത്രൻ ചെയ്തതിന്റെ ചെറിയ അംശംപോലും ചെയ്യുവാൻ തനിക്കു കഴിയുമായിരുന്നില്ല.

*(ശേഷം പേജ് 29 ൽ)*





**ദൈവം യോജിപ്പിച്ചത്**

## കാതറിനും മാർട്ടിൻ ലൂഥറും-3

# സുഖത്തിലും ദുഃഖത്തിലും ഒന്നിച്ചൊരുമനസ്സോടെ...



**മാർട്ടിൻ ലൂഥറും കാതറിനും**

മാർട്ടിൻ ലൂഥർ എന്ന ജീനിയസിന്റെ ഭാര്യയാവുന്നതും അത്ര എളുപ്പമുള്ള കാര്യമായിരുന്നില്ല. ഭക്ഷണം വിളമ്പിക്കഴിഞ്ഞാലും സന്ദർശകരോടും വിദ്യാർത്ഥികളോടുമുള്ള തന്റെ ബൈബിൾ പ്രഭാഷണം അദ്ദേഹം തുടർന്നുകൊണ്ടിരിക്കും. മേശപ്പുറത്തിരുന്ന് ഭക്ഷണം തണുക്കും. സഹികെട്ട് ഒരു ദിവസം കാതറിൻ ചോദിച്ചു: 'ഡോക്ടർ, ഈ സംസാരം ഒന്നു നിർത്തിയിട്ട് ആ ഭക്ഷണം കഴിച്ചുകൂടെ?' ശരിയാണ് പറഞ്ഞതെന്നറിഞ്ഞിട്ടും ലൂഥർ അതിന് ഇങ്ങനെ മറുപടി പറഞ്ഞത്രേ: 'സ്തീകൾ സംസാരിക്കാൻ തുടങ്ങുന്നതിനു മുമ്പ് കർത്താവിന്റെ പ്രാർത്ഥന ചൊല്ലുന്നത് നന്നായിരിക്കും.'

ഇങ്ങനെയൊക്കെയാണെങ്കിലും ഭക്ഷണസമയത്തെ ഇത്തരം ചെറുപ്രഭാഷണങ്ങൾ ക്രോഡീകരിച്ചാണ് ലൂഥറിന്റെ ഏറ്റവും മനോഹരമായ 'ഊൺമേശയിലെ ഭാഷണങ്ങൾ' എന്ന പുസ്തകം പുറത്തിറങ്ങിയത്. കാതറിന്റെ ഉൾക്കാഴ്ചയായിരുന്നു അതിനു പിന്നിലും. നൂറ്റാണ്ടുകളായി മറഞ്ഞുകിടന്ന ദൈവികസത്യങ്ങൾ ലൂഥർ മേശയ്ക്കരികിലിരുന്ന് വെളിപ്പെടുത്തുന്നത് കുട്ടികളെക്കൊണ്ടു അവർ എഴുതിപ്പിച്ചു പോന്നു. വിദ്യാർത്ഥികൾ പിന്നീട് അത് പ്രസിദ്ധീകരിച്ചപ്പോൾ 6,596 ഭാഗങ്ങളുണ്ടായിരുന്നു! അദ്ദേഹത്തിന്റെ ഭക്ഷണം തണുത്തുകൊണ്ടിരുന്നപ്പോൾ നമുക്കു ചൂടുള്ള ആത്മീയഭക്ഷണം അങ്ങനെയുണ്ടായി വന്നു.

'ഒരാളെ വിവാഹം കഴിക്കുന്നത് എളുപ്പം.എന്നാൽ സ്ഥിരതയോടെ അവളെ സ്നേഹിക്കുന്നത് അതുപോലെ എളുപ്പമല്ല.ശരീരത്തിന്റെ ചേർച്ചയല്ല,നമ്മുടെ സ്വഭാവത്തിന്റേയും താത്പര്യങ്ങളുടേയും യോജിപ്പാണുണ്ടാകേണ്ടത്. അത് ഒരു ദിവസംകൊണ്ട് സംഭവിക്കുകയുമില്ല.' കാനായിലെ കല്യാണം, വിവാഹത്തെ സംബന്ധിച്ച നല്ലൊരു ഉപമയാണെന്ന് ലൂഥർ പ്രസംഗിക്കുമായിരുന്നു. അവിടെ ആദ്യം

> 'ഒരു ക്രിസ്ത്യാനി തന്റെ ഭാര്യയെ ഏറ്റവും സ്നേഹിക്കണം. അയൽക്കാരനെ തന്നെ പ്പോലെ സ്നേഹിക്കാൻ അവർ കടംപെട്ടിരിക്കുന്നുവല്ലോ.തന്റെ ഏറ്റവും അടുത്ത അയൽക്കാരൻ ഭാര്യയായതുകൊണ്ട് ഏറ്റവും വലിയ സ്നേഹവും ഭാര്യയോടായിരിക്കണം' ലൂഥർ എഴുതി.കാതറിനോടുള്ള സ്നേഹം ഏറ്റവും മനോഹരമായി ലൂഥർ വെളിപ്പെടുത്തിയത് ഇങ്ങനെയായിരുന്നു: റോമർക്ക് എഴുതിയ ലേഖനത്തെപ്പറ്റി പ്രസംഗിക്കുമ്പോൾ ആമുഖമായി അദ്ദേഹം പറഞ്ഞു 'ഈ ലേഖനം എനിക്കെന്റെ കാതറിൻ ഫൺ ബോറയാണ്! ' റോമ ലേഖനമായിരുന്നു തന്റെ ഹൃദയത്തോട് ഏറ്റവും അടുത്തിരുന്നത്. അത് പഠിച്ചപ്പോഴായിരുന്നല്ലോ തനിക്ക് ദൈവികവെളിപാടുണ്ടായത്!

വിളമ്പിയ വീഞ്ഞു പോലെയാണ് ആദ്യസ്നേഹം. ചെറിയൊരു ലഹരിയേ ഉണ്ടാകൂ. അത് മാറിക്കഴിയുമ്പോഴാണ് വീര്യം കൂടിയ വീഞ്ഞു വരുന്നത് — വിവാഹത്തിന്റെ ദിവ്യ സ്നേഹം.ജഡാഭിലാഷമെന്ന ആദ്യവീഞ്ഞിന്റെ ലഹരിയിൽ മാത്രം തൃപ്തിപ്പെട്ടിരിക്കാതെ ദൈവിക സ്നേഹത്തിനായി അഭിലഷിക്കൂ. വീഞ്ഞു തീർന്നു പോകുന്ന പല അവസരങ്ങളും ജീവിതത്തിലുണ്ടാകാം.കാനായിലെപ്പോലെ നല്ല വീഞ്ഞ് അവസാനം വരും.

ഇരുപതു കൊല്ലത്തിനുശേഷവും വിവാഹ ജീവിതത്തോടുള്ള അദ്ദേഹത്തിന്റെ മതിപ്പ് വർദ്ധിച്ചതേയുള്ളൂ. ഒരുവന്റെ 'സ്വഭാവ ശുദ്ധീകരണ പാഠശാല'യാണ് വിവാഹജീവിതം എന്നു പറഞ്ഞ ലൂഥറും കാതറിനും അവിടെ നിന്നു ധാരാളം പഠിച്ചു. 'സ്നേഹവും സമാധാനവും നിറഞ്ഞ കുടുംബജീവിതം ഒരു ദൈവികദാനമാണ്. സുവിശേഷത്തിന്റെ മർമ്മം വെളിപ്പെട്ടു കിട്ടുന്നതുപോലൊരു ദാനം' എന്നൊരിക്കൽ അദ്ദേഹം പറഞ്ഞു. രണ്ടു ദാനങ്ങളും ആവശ്യത്തിന് ലഭിച്ചയാളായിരുന്നല്ലോ അദ്ദേഹം. 'ഒരു ക്രിസ്ത്യാനി തന്റെ ഭാര്യയെ ഏറ്റവും സ്നേഹിക്കണം. അയൽക്കാരനെ തന്നെപ്പോലെ സ്നേഹിക്കാൻ അവർ കടംപെട്ടിരിക്കുന്നുവല്ലോ.തന്റെ ഏറ്റവും അടുത്ത അയൽക്കാരൻ ഭാര്യയായതുകൊണ്ട് ഏറ്റവും വലിയ സ്നേഹവും ഭാര്യയോടായിരിക്കണം' അദ്ദേഹം എഴുതി. തന്റെ എഴുത്തിലും പ്രസംഗങ്ങളിലും മിക്കപ്പോഴും സൂചിപ്പിക്കുമായിരുന്നതിൽ നിന്നും അവർക്കിടയിൽ രൂപപ്പെട്ടുവന്ന ദിവ്യസ്നേഹത്തെപ്പറ്റി നമുക്ക് അനുമാനിക്കാൻ പറ്റും.കാതറിനോടുള്ള സ്നേഹം ഏറ്റവും മനോഹരമായി ലൂഥർ വെളിപ്പെടുത്തിയത് ഇങ്ങനെയായിരുന്നു: പൗലൊസിന്റെ റോമർക്ക് എഴുതിയ ലേഖനത്തെപ്പറ്റി പ്രസംഗിക്കുമ്പോൾ ആമുഖമായി അദ്ദേഹം പറഞ്ഞു 'ഈ ലേഖനം എനിക്കെന്റെ കാതറിൻ ഫൺ ബോറയാണ്! ' റോമ ലേഖനമായിരുന്നു തന്റെ ഹൃദയത്തോട് ഏറ്റവും അടുത്തിരുന്നത്. അത് പഠിച്ചപ്പോഴായിരുന്നല്ലോ തനിക്ക് ദൈവികവെളിപാടുണ്ടായത്!

ലൂഥർ ദമ്പതികളെപ്പറ്റി പറഞ്ഞുകേൾക്കുന്ന രണ്ടു സംഭവങ്ങൾകൂടി: ഒരു ദിവസം കുടുംബപ്രാർത്ഥനാ സമയത്ത് ലൂഥർ ഉൽപ്പത്തി 22-ാം അദ്ധ്യായം വായിച്ച് അബ്രഹാം യിസഹാക്കിനെ യാഗം കഴിക്കുന്നതിനെ സംബന്ധിച്ച് സംസാരിച്ചു. ഇടയ്ക്ക് കാതറിൻ പറഞ്ഞു 'ഞാനിതൊന്നും വിശ്വസിക്കുന്നില്ല. അബ്രഹാമിന്റെ സ്ഥാനത്ത് ദൈവമായിരുന്നെങ്കിൽ സ്വന്തം മകനെ ബലികഴിക്കുമായിരുന്നോ?' അതുകേട്ടു ലൂഥർ ഒരു നിമിഷത്തെ നിശ്ശബ്ദതയ്ക്കുശേഷം പറഞ്ഞു 'കേറ്റ്, ദൈവം പക്ഷേ അതു





ചെയ്തു.'

വേറൊരവസരത്തിൽ, വളരെ മാനസിക സമ്മർദ്ദത്തിലൂടെ ലൂഥർ കടന്നുപോകുന്ന സമയം. മിക്കപ്പോഴും സന്തോഷവാനായി ചിരിച്ചും തമാശ പറഞ്ഞും മറ്റും നടക്കുന്ന ആൾ ആ ദിവസങ്ങളിൽ മുഖം വാടി മൗനമായിരിക്കുന്നതുകണ്ട് കാതറിനും വിഷമമായി. കുറച്ചു ദിവസം അവർ ഇതു സഹിച്ചു. സഹികെട്ടപ്പോൾ കറുത്ത ഒരു ഉടുപ്പ് ഇട്ടുകൊണ്ട് അദ്ദേഹത്തിന്റെ മുമ്പിൽച്ചെന്നു.മരണവസ്ത്രം ധരിച്ചിരിക്കുന്നതു കണ്ട് ലൂഥർ ചോദിച്ചു : 'ആരാ മരിച്ചത്?' 'ദൈവം, അല്ലാതാരാ' കാതറിന്റെ മറുപടി. 'മടയത്തരം പറയാതിരിക്കു, കേറ്റ്.' എന്നു ലൂഥർ പറഞ്ഞപ്പോൾ 'പക്ഷേ ഞാൻ പറഞ്ഞത് ശരിയാണ്. ദൈവം മരിച്ചു കാണും. ഇല്ലെങ്കിൽ ഡോക്ടർ ലൂഥർ ഇത്രയും ദിവസം ഇങ്ങനെ വിഷമിച്ചു നടക്കുകയില്ലല്ലോ?' കാതറിന്റെ പൊടിക്കൈ ഫലം കണ്ടു. ലൂഥറിന് 'കർത്താവിൽ സന്തോഷിക്കുക' എന്നതെന്തെന്ന് മനസ്സിലാവുകയും ചെയ്തു.

എല്ലാ ഭവനങ്ങളേയും പോലെ അവർക്കും സുഖവും ദുഃഖവും പരീക്ഷകളും ഉണ്ടായി. മകൾ മഗ്ദലീന്റെ പതിന്നാലാം വയസ്സിലെ മരണം വലിയൊരാഘാതമായിരുന്നു.തന്റെ കുഞ്ഞുങ്ങളെപ്പറ്റി, 'ഒരു ബിഷപ്പിനും ഒരായിരം കൊല്ലമായി കിട്ടാത്ത ദാനമാണ് ദൈവം എനിക്ക് തന്നിരിക്കുന്നത്' എന്നാണദ്ദേഹം പറഞ്ഞത്.

അമ്പത്തി ഒമ്പത് വയസ്സായ ലൂഥറുടെ ആരോഗ്യവും ക്ഷയിച്ചു തുടങ്ങി.പലവിധ അസുഖങ്ങൾ അദ്ദേഹത്തിനുണ്ടായിരുന്നു.കൂടാതെ മനസ്സിന് പ്രയാസമുണ്ടാക്കുന്ന വിശ്വാസസംബന്ധമായ തർക്കങ്ങളും.എക്കാലത്തേയും പോലെ വിട്ടുവീഴ്ചയില്ലാത്ത നിലപാടുകളാണ് പലപ്പോഴും ലൂഥർ എടുത്തിരുന്നത്.ഇതും പിരിമുറുക്കം വർദ്ധിപ്പിച്ചു. വെളിയിൽ പക്ഷേ എന്തെല്ലാം നടന്നാലും വീട് എന്നും ഒരഭയസ്ഥാനമായിത്തുടർന്നു.

താമസിയാതെ താൻ ഒരു വിധവയായി മാറുമെന്ന് കാതറിന് അക്കാലത്തു തോന്നിയിരുന്നെങ്കിലും ദൈവം തന്റെ കരുണയാൽ അദ്ദേഹത്തിന് സൗഖ്യം നൽകുകയാണുണ്ടായത്.1540-ൽ പക്ഷേ കാതറിനാണ് മാരകമായൊരു രോഗത്താൽ കിടപ്പിലായത്.രാവും പകലും ലൂഥർ കട്ടിലിനരികെയിരുന്നു ശുശ്രൂഷിച്ചുകൊണ്ടിരുന്നു.രോഗശാന്തിക്കായി പ്രാർത്ഥിച്ചു. അത്ഭുതകരമായൊരു വിടുതൽ നൽകി ദൈവം അവരെ അനുഗ്രഹിച്ചു. ആറു വർഷങ്ങൾക്കുശേഷം ലൂഥർ കിടപ്പിലായി. കാതറിന്റെ ശുശ്രൂഷയ്ക്ക് പക്ഷേ അന്നേരം ഫലമുണ്ടായില്ല.തന്റെ സമയം വന്നു എന്ന മനസ്സിലായപ്പോൾ അദ്ദേഹം കാതറിനോട് ഇങ്ങനെ പറഞ്ഞു:'ദൈവേഷ്ടം ഇതാണെങ്കിൽ അത് അംഗീകരിക്കുക.'

'എന്റെ ഡോക്ടർ, ഇതാണ് ദൈവേഷ്ടമെങ്കിൽ താങ്കൾ ഇവിടെയിരിക്കുന്നതിനെക്കാൾ ദൈവത്തോടൊപ്പമായിരിക്കുന്നത് കാണാനാണ് ഞാൻ ആഗ്രഹിക്കുന്നത്. ഞങ്ങളെയോർത്തു വിഷമിക്കണ്ട. ദൈവം കരുതും'എന്നു മറുപടി പറയാനുള്ള കൃപ കാതറിനുമുണ്ടായി.

1548 ഫെബ്രുവരി 18-ാം തീയതി തന്റെ അറുപത്തിരണ്ടാമത്തെ വയസ്സിൽ ദൈവദാസൻ മഹത്വത്തിൽ പ്രവേശിച്ചു. ഒരു സംശയവും വേണ്ട. സ്വർഗ്ഗത്തിലെ ആരാധനയിൽ കാതറിനെ ഭാര്യയായിത്തന്നതിന് ദൈവത്തോട് നന്ദി പറയുകയാവും അദ്ദേഹം ആദ്യം ചെയ്തിട്ടുണ്ടാവുക.

ലൂഥറിന്റെ മരണത്തിനുശേഷം ജർമ്മനിയിൽ സ്ഥിതിഗതികൾ അതിവേഗം വഷളായി. കലാപങ്ങളും യുദ്ധവുമൊക്കെയുണ്ടായി.കാതറിനും കുടുംബവു വിറ്റൻബർഗിൽനിന്നു പാലായനം ചെയ്തു.തിരികെവന്നപ്പോൾ വീടും കൃഷിയും കാലികളും ഒക്കെ നശിച്ചിരു

# എഡിറ്റോറിയൽ തുടർച്ച

ലൂസിഫറിന് താൻ തന്നെ 'ദൈവ'മായിരുന്നതുകൊണ്ട് യഥാർത്ഥദൈവത്തെ ആവശ്യമുണ്ടായിരുന്നില്ല. അവിടെ നിഗളം ആരംഭിച്ചു. ലൂസിഫറിന്റെ ശുശ്രൂഷയുടെ മുഖമുദ്രയും ഈ നിഗളമാണ്.തന്റെ ശുശ്രൂഷയുടെ ഫലമായി എന്തിനു രൂപം നൽകുന്നോ അതിനും ദൈവത്തെ ആവശ്യമില്ലാത്ത സ്വയംപര്യാപ്തത എന്ന നിഗളം തന്നെയാണു ലൂസിഫർ പകർന്നു നൽകുക.

ക്രിസ്തുവിന്റെ ശുശ്രൂഷയുടെ ആത്യന്തികഫലം ക്രിസ്തുവിന്റെ മണവാട്ടിയായ സഭയായിരിക്കുന്നതുപോലെ ലൂസിഫറിന്റെ എല്ലാ പ്രവർത്തനങ്ങളുടേയും ആത്യന്തികഫലം ബാബിലോന്യസഭയാണല്ലോ. ഈ ബാബിലോണിന്റെ മുഖമുദ്രയും നിഗളമല്ലാതെ മറ്റൊന്നല്ല. ബാബിലോണിനെക്കുറിച്ച് പറയുന്ന ഈ വാക്യം ശ്രദ്ധിക്കുക: "അവൾ തന്നെത്താൻ മഹത്വപ്പെടുത്തി...'രാജ്ഞിയായിട്ടു ഞാൻ ഇരിക്കുന്നു. ഞാൻ വിധവയല്ല. ദുഃഖം കാൺകയുമില്ല' എന്ന് അവൾ ഹൃദയംകൊണ്ടു പറയുന്നു" (വെളിപ്പാട് 18:7, യെശയ്യാ.47:8)

എന്നാൽ വിധവ ദൈവത്തിലല്ലാതെ മറ്റെങ്ങും ആശ്രയമില്ലാത്തവളാണ്. അവൾ രാത്രിയിലും പകലിലും ദൈവത്തിലാണ് തന്റെ എല്ലാപ്രതീക്ഷയും വച്ചിരിക്കുന്നത്. "സാക്ഷാൽ വിധവയും ഏകാകിയുമായവൾ ദൈവത്തിൽ ആശവെച്ചു രാപ്പകൽ യാചനയിലും പ്രാർത്ഥനയിലും ഉറ്റുപാർക്കുന്നു"(1 തിമൊഥെ. 5:5)-ഈ വിധവയുടെ മനോഭാവത്തിന്റെ എതിർധ്രുവത്തിലാണ് ബാബിലോൺ നിലയുറപ്പിച്ചിരിക്കുന്നത്. അവൾ വിധവയല്ല, രാജ്ഞിയാണ്! വിധവയ്ക്കാണു ദൈവത്തെ ആവശ്യം, രാജ്ഞിക്കല്ല.

ദൈവത്തെ ആവശ്യമില്ലാത്ത നിഗളത്തിലാണു ബാബിലോൺ അഭിരമിക്കുന്നതെങ്കിൽ ദൈവത്തെ എപ്പോഴും ആവശ്യമുള്ള ആത്മാവിലെ ദാരിദ്ര്യം നൽകുന്ന

---

ന്നു.കുറെക്കഴിഞ്ഞപ്പോൾ പ്ലേഗ് രോഗത്തിന്റെ വരവായി. ഒരിക്കൽ കൂടി അവിടം വിട്ട് ഓടിപ്പോകേണ്ടിവന്നു. അപ്പോഴത്തെ യാത്രയിൽ കാതറിൻ വണ്ടിയിൽ നിന്നു തെറിച്ചുവീണു.അവസാനത്തിന്റെ ആരംഭമായിരുന്നു അത്. മക്കൾ നന്നായി ശുശ്രൂഷിച്ചുവെങ്കിലും സൗഖ്യമുണ്ടായില്ല.1552 ഡിസംബർ 20-ാം തീയതി അവർ കർത്തൃസന്നിധിയിൽ പ്രവേശിച്ചു.

'വാഴ്ത്തപ്പെട്ട ഡോ. മാർട്ടിൻ ലൂഥറുടെ വിധവ കാതറിൻ ഫൺ ബോറ ഇവിടെ ദൈവത്തിൽ അന്ത്യവിശ്രമം കൊള്ളുന്നു' എന്ന് സെന്റ് മേരീസ് ദേവാലയത്തിലെ അവരുടെ ശവകുടീരത്തിൽ എഴുതിയിരിക്കുന്നു. അവിടം സന്ദർശിക്കുന്ന നമുക്ക് 'അനേകം തരുണികൾ സാമർത്ഥ്യം കാണിച്ചിട്ടുണ്ട്; നീയോ അവരെല്ലാവരിലും ശ്രേഷ്ഠയായിരിക്കുന്നു' (സദൃശ്യവാക്യങ്ങൾ 31: 29) എന്ന വചനം കൂടെ അതിന് താഴെ എഴുതിച്ചേർക്കാമായിരുന്നു എന്നു തോന്നിപ്പോവും.

ലൂഥറിന് വളരെ പ്രിയപ്പെട്ട ഒരു ഉദ്ധരണിയുണ്ട്. അതിങ്ങനെ:'ഭർത്താവിന് എപ്പോഴും വീട്ടിലേക്ക് വരണമെന്ന തോന്നലുണ്ടാക്കുന്ന രീതിയിൽ ഭാര്യ പെരുമാറട്ടെ.അതുപോലെ ഭർത്താവിന്റെ പെരുമാറ്റം കൊണ്ട് അവൻ വീട്ടിൽനിന്നും പോകുന്നത് കാണാൻ ഭാര്യക്ക് ഇഷ്ടമില്ലാതിരിക്കുകയും ചെയ്യട്ടെ.'

(അടുത്തലക്കത്തിൽ: വില്യം കേരിയുടെ കുടുംബജീവിതം)

സമ്പാദകൻ:അജയ് ജോർജ്

❖





താഴ്മയാണ് യഥാർത്ഥ ദൈവസഭയുടെ മുഖമുദ്ര.(പഴയനിയമഭക്തനായ ദാനിയേലിൽ ഇതേ മനോഭാവം നമുക്കു കാണാം. ലോകപരമായി ഉയർന്ന സ്ഥാനത്തായിരുന്നെങ്കിലും എപ്പോഴും ദൈവത്തെ മുറുകെപ്പിടിക്കുന്ന,ആത്മാവിൽ ദാരിദ്ര്യമുള്ള ഒരുവന്റെ താഴ്മയുടെ നിലപാട് ദാനിയേലിന്റെ ജീവിതത്തിൽ ഉടനീളം നമുക്കു കാണാൻ കഴിയും. അക്ഷരാർത്ഥത്തിൽ ബാബിലോണിലായിരുന്നു ദാനിയേലിന്റെ താമസമെങ്കിലും ബാബിലോണിന്റെ ആത്മാവ് ഒരുവിധത്തിലും അവനെ സ്വാധീനിച്ചിരുന്നില്ല.)

മടുത്തുപോകാതെ എപ്പോഴും പ്രാർത്ഥിക്കുന്ന യഥാർത്ഥദൈവസഭയുടെ ഒരു ചിത്രം വരച്ചു കാട്ടുവാൻ യേശു ഒരു വിധവയെ ഉദാഹരണമായി തിരഞ്ഞെടുത്തതു യാദൃച്ഛികമല്ല (ലൂക്കോ 18:1-8). ആ വിധവ മടുത്തുപോകാതെ ന്യായാധിപന്റെ അടുക്കൽ ചെന്നു സങ്കടം ബോധിപ്പിച്ചു കരയുകയാണ്. എന്താണ് അവളുടെ സങ്കടം? അവൾക്ക് ഒരു പ്രതിയോഗിയുണ്ട്. ആ പ്രതിയോഗി അവളുടെ അവകാശം കവർന്നു കളയുന്നു.അതുകൊണ്ട് ആ പ്രതിയോഗിയോട് ഇടപെട്ട് ന്യായാധിപൻ അവൾക്കു നീതി നടത്തിക്കൊടുക്കണം.

ഇന്നു സഭയുടെ പ്രതിയോഗി സാത്താനാണ്. പാപത്തിന്റെ മേൽ ജയമുള്ള വിജയകരമായ ഒരു ക്രിസ്തീയജീവിതം തന്റെ വൃതന്മാരുടെ ജന്മാവകാശമായിരിക്കെ, അതു കവർന്നു കളയുന്ന ആ പ്രതിയോഗിയോട് പ്രതിക്രിയ നടത്താൻ രാപ്പകൽ അപേക്ഷിച്ചാൽ ദൈവം തീർച്ചയായും അങ്ങനെ ചെയ്ത് അവരെ രക്ഷിക്കും. സ്വന്തം പാപങ്ങളെ ഓർത്തു നിലവിളിക്കുന്ന, ഒരു വിധവയുടെ ആത്മാവുള്ളവർ.അങ്ങനെയുള്ളവർക്ക് എപ്പോഴും ദൈവത്തെ ആവശ്യമുണ്ട്.ചിലർക്കു ക്രിസ്തീയ ജീവിതത്തിന്റെ തുടക്കത്തിൽ പാപത്തെക്കുറിച്ചുള്ള നിലവിളിയും വിധവയുടെ ആത്മാവും ഉണ്ടായിരിക്കും.സ്വയം വിധിക്കുന്നതുകൊണ്ടാണ് അതു ലഭിക്കുന്നത്.എന്നാൽ കുറച്ചു നാൾ കഴിയുമ്പോൾ സ്വയം വിധിക്കുന്നതു നിന്നുപോയാൽ പിന്നെ പാപത്തെക്കുറിച്ചുള്ള നിലവിളിയില്ല, വിധവയുടെ ആത്മാവും നഷ്ടപ്പെട്ടു,ദൈവം അവശ്യഘടകമല്ലാതായി മാറി.ഫലത്തിൽ നിഗളം അവരിൽ പിടിമുറുക്കി.

ദൈവത്തിനു ചില പ്രത്യേകതകളുണ്ട്.അവിടുത്തേക്ക് അഭക്തനെ മാത്രമേ നീതീകരിക്കുവാൻ കഴിയൂ(റോമർ 4:5).നാം വെളിച്ചത്തിലേക്കു കൂടുതൽ കൂടുതൽ വന്നുകൊണ്ടിരിക്കുകയും പാപങ്ങളെ ഏറ്റു പറയുകയും ചെയ്താലേ ദൈവത്തിനു നമ്മെ ശുദ്ധീകരിക്കുവാൻ കഴിയൂ (1 യോഹ. 1:7-9). തങ്ങൾ അഭക്തരാണെന്നു കാണുന്നവർ,നീതീകരണം ആവശ്യമുള്ളവർ,ശുദ്ധീകരണം അനിവാര്യമായിരിക്കുന്നവർ.അവർക്ക് എപ്പോഴും ദൈവത്തെ വേണം.ജീവൻ പ്രാപിക്കാൻ അവർക്ക് നിരന്തരം ജീവനുള്ള കല്ലായ അവന്റെ അടുക്കൽ വരേണ്ടതുണ്ട്(1പത്രൊ.2:4).കൊമ്പിനു സദാ മുന്തിരിവള്ളിയിൽ വസിക്കണം(യോഹ.15:4).ചുരുക്കത്തിൽദൈവത്തെ ആവശ്യമില്ലാത്ത സ്വയംപര്യാപ്തത(നിഗളം) അല്ല,മറിച്ച് ദൈവത്തെ എപ്പോഴും മുറുകെപ്പിടിക്കുന്ന നിസ്സഹായതയാണ് (ആത്മാവിലെ ദാരിദ്ര്യം) ഫലം കായിക്കാൻ ആവശ്യം.

ഈ നിലയിലുള്ളവർ ആറ്ററികത്തു തന്നെ നട്ടിരിക്കുന്ന നല്ല വൃക്ഷമാണ്. ഈ നല്ല വൃക്ഷത്തിനു മാത്രമേ നല്ല ഫലം കായിക്കാൻ കഴിയുകയുള്ളൂ. ഇങ്ങനെ നല്ല ഫലം നൽകുന്ന ശുശ്രൂഷയ്ക്കു താൽപര്യമുണ്ടെങ്കിൽ അതിനു വേണ്ടത് ഒരേയൊരു കാര്യം:ആത്മാവിലെ ദാരിദ്ര്യം.ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ! (മത്തായി5:3).

❖

സാക്ഷ്യം

### എന്റെ ആത്മീയയാത്ര - III

# വസ്തുനിഷ്ഠമായ തെളിവുകൾ തേടി

**ബിനോയ് ജയിംസ്**

ഇന്ത്യയിലെ, കഴിഞ്ഞ ലക്കത്തിൽ നമ്മൾ കണ്ട, മൂന്ന് പ്രധാന മതവിഭാഗങ്ങളും യുക്തിപരമായി ചിന്തിച്ചാൽ, ഒരേ സമയം സത്യമെന്ന് ചിന്തിക്കുവാൻ കഴിയുകയില്ല. യേശുവാണ് സത്യമെങ്കിൽ മറ്റിരുകൂട്ടരുടേയും പ്രധാന പഠിപ്പിക്കലുകൾ തീർച്ചയായും തെറ്റാണ്. ഹിന്ദുമതം ശരിയെങ്കിൽ അതിന് വിരുദ്ധമായ പഠിപ്പിക്കലുകളുള്ള മറ്റ് രണ്ട് മതങ്ങളും തെറ്റാണ്. ഇസ്‌ലാംമതം ശരിയെങ്കിൽ ഹിന്ദുമതവും ക്രിസ്തുമതവും തെറ്റാണ്. നമുക്കെന്താണ് ചെയ്യുവാൻ സാധിക്കുന്നത്?

താങ്കൾ ഒരു സത്യാന്വേഷിയെങ്കിൽ താങ്കൾ ചെയ്യേണ്ടത്, ഇവയിൽ ഏതെങ്കിലുമൊന്നിന്റെ വാദങ്ങൾ വസ്തുനിഷ്ഠമായി ശരിയെന്ന് തെളിയിക്കുവാൻ കഴിയുമോ എന്നു ശ്രമിക്കുകയാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ആത്മനിഷ്ഠമായ തെളിവുകൾ (തങ്ങളുടെ ദൈവങ്ങൾ തങ്ങളെ ശക്തീകരിക്കുന്നുവെന്ന നിലയിലുള്ള മതവിശ്വാസികളുടെ അവകാശവാദങ്ങൾ) ഒഴിവാക്കി വസ്തുനിഷ്ഠമായി കാര്യങ്ങൾ പരിശോധിച്ചറിയുക.ആത്മനിഷ്ഠമായ കാര്യങ്ങൾ പരിശോധിച്ചറിയുക സാധ്യമല്ല.ഉദാഹരണത്തിന് ഒരു ക്രിസ്ത്യാനി പറയുന്നുവെന്നിരിക്കട്ടെ, തെറ്റുകൾ ചെയ്യുന്നതിൽ നിന്നു എന്നെ തടയുന്നത് യേശുവാണെന്ന് ഞാൻ വിശ്വസിക്കുന്നു. ഇത് അയാളുടെ കാര്യത്തിൽ ശരിയായിരിക്കാം.എന്നാൽ മറ്റൊരാൾക്ക് ഇത് പരിശോധിച്ചറിയുവാൻ കഴിഞ്ഞെന്ന് വരില്ല. ആ വ്യക്തിയുടെ ജീവിതം അദ്ദേഹത്തിന്റെ വാദഗതികളെ ശരിവയ്ക്കുന്നതാകാം. എന്നാൽ ഒരു ഹിന്ദുവിന്റെ ജീവിതത്തിലും അപ്രകാരമുള്ള പ്രത്യേകതകൾ കാണുമ്പോൾ അയാളുടെ ആത്മനിഷ്ഠമായ വാദഗതികളും ശരിയെന്ന് സമ്മതിക്കേണ്ടതായി വരും. മുൻപ് നാം കണ്ടതുപോലെ ഈ രണ്ട് മതങ്ങളിലും കടകവിരുദ്ധമായ ആശയങ്ങൾ ഉള്ളതിനാൽ ഇപ്രകാരം വിശ്വാസികളുടെ വ്യക്തിനിഷ്ഠമായ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ഒരു തീരുമാനത്തിൽ എത്തിച്ചേരുവാൻ നമുക്കാവില്ല.

ഈ സങ്കീർണമായ പ്രശ്നം പരിഹരിക്കുന്നതിനുള്ള ഒരു വഴി ഇവയെല്ലാം ഒഴിവാക്കി നിങ്ങൾക്ക് ബോധിച്ചനിലയിൽ ജീവിതം നയിക്കുക എന്നുള്ളതാണ്. എന്നാൽ ഒരു കാര്യം ഓർക്കുക, ഇവയിൽ ഏതെങ്കിലും വാദം ശരിയെന്നുവരികിൽ നിങ്ങളുടെ തീരുമാനത്തിന്റെ പ്രത്യാഘാതം നിത്യമായതായിരിക്കും;നന്മയായാലും തിന്മയായാലും. അതുകൊണ്ട് എനിക്കു പറയുവാനുള്ളത് ഇതാണ്:കുറച്ച് സമയമെടുത്ത് ഇവയെക്കുറിച്ച് വിശദമായ ഒരു പഠനം നടത്തിയതിനുശേഷം ഇവയിൽ കഴമ്പുള്ളതൊന്നുമില്ല എന്ന് ബോധ്യമായാൽ നിങ്ങൾക്കു ബോധിച്ച നിലയിൽ മുമ്പോട്ട് പൊയ്ക്കൊള്ളുക.

ഈ മതങ്ങളുടെ വിവിധമായ അവകാശവാദങ്ങളെക്കുറിച്ച് ഞാൻ പഠിച്ചപ്പോൾ എനിക്ക് ലഭിച്ച ബോധ്യങ്ങൾ ഇവയാണ്:ഹിന്ദുമതത്തിന്റെ ഒരു പ്രശ്നമെന്നത്, അതിന് വസ്തുനിഷ്ഠമായ തെളിവുകൾ നൽകുവാൻ കഴിയുന്നില്ല എന്നുള്ളതാണ്. ഉദാഹരണത്തിന്, നിങ്ങൾ മഹാഭാരതവും രാമായണവും വായിക്കുമ്പോൾ അതിൽ വിവരിക്കുന്ന സംഭവങ്ങളുടെ ചരിത്രപരമായ കാലഘട്ടത്തെക്കുറിച്ച് യാതൊരു വിവരവും ലഭിക്കുന്നില്ല. (മറിച്ച് ക്രിസ്തുമതത്തിലും ഇസ്‌ലാംമതത്തിലും, അതിലെ സംഭവങ്ങൾ ചരിത്രത്തിൽ ഒരു പ്രത്യേക സമയത്ത് സംഭവിച്ചതാണെന്ന് തെളിയിക്കുവാൻ കഴിയും).ഹിന്ദുമതത്തിൽ ധാരാളം നല്ല ആശയങ്ങൾ ഉണ്ടെങ്കിലും വസ്തുനിഷ്ഠമായ തെളിവുകളുടെ അഭാവം നിലനിൽക്കുന്നു.കൂടാതെ പുനർജന്മത്തെക്കുറിച്ചുള്ള ചിന്തകളിലും ചില ഗുരുതരമായ പിഴവുകൾ കാണാം. ജീവിതം ചാക്രികമായിത്തുടരുന്നുവെങ്കിൽ, അതിന്റെ തുടക്കം എന്നാണ്?എന്റെ മുജ്ജന്മപാപത്തിന്റെ ഫലമാണ് ഈ ജീവിതമെങ്കിൽ എനിക്കൊരു ഒന്നാം ജന്മമുണ്ടെങ്കിൽ അത് എന്തുകൊണ്ടു സംഭവിച്ചു?ഒന്നാം ജന്മത്തിൽ എന്റെ മുജ്ജന്മപാപത്തിന് പ്രസക്തി ഇല്ലല്ലോ.

ഇസ്‌ലാമിൽ മുൻപ് സൂചിപ്പിച്ചതുപോലെ വസ്തുനിഷ്ഠമായ അവകാശവാദങ്ങളുണ്ട്. ഇവിടെ ഞാൻ നേരിട്ട പ്രശ്നങ്ങൾ ഇവയാണ്.ഏകദേശം എ.ഡി.600 നോടടുത്ത് പ്രവാചകൻ മുഹമ്മദ് എന്ന വ്യക്തി ജീവിച്ചിരുന്നതായും തനിക്ക് ചില പ്രത്യേക വെളിപ്പാടുകൾ ദൈവത്തിൽനിന്നു ലഭിച്ചതായി അദ്ദേഹം പറഞ്ഞതായും നാമെല്ലാം അറിയുന്നതാണ്. എന്നാൽ എനിക്ക് ചോദിക്കുവാനുള്ളത്, യുക്തിയുടെ വെളിച്ചത്തിൽ നോക്കുമ്പോൾ അദ്ദേഹം പറഞ്ഞതെല്ലാം ശരിയാണെന്ന് നമുക്കെങ്ങനെ അറിയാം? അദ്ദേഹം പറഞ്ഞതെല്ലാം അന്ധമായി വിശ്വസിക്കുകയെന്നല്ലാതെ അദ്ദേഹത്തിന്റെ അവകാശവാദങ്ങൾ ശരിയെന്ന് തെളിയിക്കുവാൻ വസ്തുനിഷ്ഠമായി എനിക്കു കഴിയുന്നില്ല.മുസ്‌ലിം സ്നേഹിതർ പറയുന്നത് മുഹമ്മദിന് ലഭിച്ചത് ദൈവിക വെളിപ്പാടുകളാണെന്നുള്ളതിന്റെ വ്യക്തമായ തെളിവ് ഖുറാൻ തന്നെയാണെന്നാണ്. അവർ പറയുന്നത് മൂലഭാഷയായ അറബിയിൽ എഴുതപ്പെട്ട ഖുറാനോളം മനോഹരമായ മറ്റൊരു ഗ്രന്ഥവും ഭൂമിയിൽ ഇല്ല എന്നാണ്. ഇത് പരിശോധിച്ചറിയണമെങ്കിൽ അറബിയിൽ ഖുറാൻ വായിച്ച് മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഇത് വ്യക്തമാക്കുന്നത് ഈ വാദഗതിയിൽ കഴമ്പുണ്ടെങ്കിലും അത് അറബി പഠിച്ച

> താങ്കൾ ഒരു സത്യാന്വേഷിയെങ്കിൽ താങ്കൾ ചെയ്യേണ്ടത്, ഇവയിൽ ഏതെങ്കിലുമൊരു മതത്തിന്റെ വാദങ്ങൾ വസ്തുനിഷ്ഠമായി ശരിയെന്ന് തെളിയിക്കുവാൻ കഴിയുമോ എന്നു ശ്രമിക്കുകയാണ്.മറ്റൊരുവിധത്തിൽ പറഞ്ഞാൽ മതങ്ങൾ നൽകുന്ന ആത്മനിഷ്ഠമായ തെളിവുകൾ (തങ്ങളുടെ ദൈവങ്ങൾ തങ്ങളെ ശക്തീകരിക്കുന്നുവെന്ന നിലയിലുള്ള മതവിശ്വാസികളുടെ അവകാശവാദങ്ങൾ) ഒഴിവാക്കി വസ്തുനിഷ്ഠമായി കാര്യങ്ങൾ പരിശോധിച്ചറിയുക. ആത്മനിഷ്ഠമായ കാര്യങ്ങൾ പരിശോധിച്ചറിയുക സാധ്യമല്ല.

വർക്കുമാത്രം തെളിയിക്കുവാൻ കഴിയുന്ന ഒരു കാര്യമാണെന്നാണ്. എന്നാൽ മറ്റുമ തവിശ്വാസികൾ ഇതാണു ഭൂമിയിലെ 'ഏറ്റവും മനോഹരമായ' സാഹിത്യരചന യെന്ന് പറയുമെന്ന് ഞാൻ വിശ്വസിക്കു ന്നില്ല. വീണ്ടും ഇതാ, തങ്ങളുടെ അവകാ ശവാദങ്ങളെ വസ്തുനിഷ്ഠമായി തെളിയി ക്കുവാനുള്ള യാതൊരു ന്യായവും ഇല്ലാതെ പോകുന്നു. ഓർക്കുക ആർക്കും ഒരു അവകാശവാദവുമായി മുന്നോട്ട് വരാം. എന്നാൽ തങ്ങൾ ഉന്നയിക്കുന്ന അവകാശവാദങ്ങളെ യുക്തിസഹമായി തെളിയിക്കുക എന്നുള്ളതാണ് ഏറ്റവും പ്രധാനമായ കാര്യം. ചുരുക്കത്തിൽ ഈ അവകാശവാദങ്ങളെ സമർത്ഥിക്കുന്ന തെളിവുകൾ ഒന്നുംതന്നെ എനിക്ക് കണ്ടെത്തുവാനായില്ല. മറ്റൊരു രസകര മായ കാര്യവും ഞാൻ കണ്ടു.

4:156-ാം സൂറത്തിൽ പറയുന്നത് ഇതാണ്: 'യേശു കൊല്ലപ്പെടുകയോ ക്രൂശിൽ മരി ക്കുകയോ ചെയ്തിട്ടില്ല'. ഇത് ദൈവം വെളിപ്പെടുത്തിയ ഒരു സത്യമായിട്ടാണ് അതിൽ പറയുന്നത്. ഇത് വ്യക്തമാക്കു ന്നത്, യേശു ക്രൂശിൽ മരിച്ചുവെന്നുള്ള ചരിത്ര സത്യത്തെ അതു നിരാകരിക്കുന്നു എന്നാണ്. (ഓർക്കുക, യേശുക്രൂശിൽ മരി ച്ചുവെന്നത് ചരിത്രം സാക്ഷ്യപ്പെടുത്തു ന്നു. ഇത് തെളിയിക്കുവാൻ നിങ്ങൾക്ക് ബൈബിളിന്റെ ആവശ്യമില്ല. മറ്റ് ധാരാളം തെളിവുകൾ ലഭ്യമാണ്.) ഉദാഹരണമായി, 1947-ൽ ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിച്ചിട്ടില്ല എന്നൊരാൾ പറയുന്നുവെന്നിരിക്കട്ടെ. തനിക്ക് ദൈവത്തിൽ നിന്നു ലഭിച്ച ഒരു പ്രത്യേക വെളിപ്പാടായിട്ടാണ് അയാൾ ഇത് പ്രസ്താവിക്കുന്നത്. എന്നാൽ ചരിത്രം സാക്ഷ്യപ്പെടുത്തുന്ന ഈ സംഭവം തെറ്റെന്ന് തെളിയിക്കുവാൻ അയാൾക്ക് അതുല്യമായ എന്തെങ്കിലും തെളിവുകൾ നിരത്തേണ്ടിവരും. അല്ലെങ്കിൽ അതാരും വിശ്വസിക്കുകയില്ല.

ക്രിസ്തുമതം യേശുക്രിസ്തു മരണ ത്തിൽനിന്ന് ഉയിർത്തെഴുന്നേറ്റുവെന്നുള്ള വളരെ ഗൗരവാവഹമായ ഒരു അവകാശ വാദം ഉന്നയിക്കുന്നു. യേശുവിന്റെ പുന രുത്ഥാനം ഒരു വെറും കഥയായിട്ടല്ല ഒരു യഥാർത്ഥ സംഭവമായാണു ബൈബിൾ വെളിപ്പെടുത്തുന്നത്.അപ്പോൾ ഞാൻ പറ യട്ടെ, ക്രിസ്തുവിന്റെ ഉയിർപ്പ് ഒരു സത്യ മെങ്കിൽ ലോകചരിത്രത്തിൽ ഒരിക്കലും സംഭവിക്കാത്ത ഒരു അദ്ഭുതത്തിലൂടെ തന്റെ അവകാശവാദങ്ങളെല്ലാം ശരിയായി രുന്നുവെന്നു യേശു തെളിയിച്ചിരിക്കുകയാ ണ്.തീർച്ചയായും ഇതു തന്റെ അവകാശ വാദങ്ങൾക്ക് അധികപ്രാധാന്യം നൽകു ന്നു.യേശുവിന്റെ ഉയിർത്തെഴുന്നേൽപ് സത്യമെങ്കിൽ തന്റെ ഉപദേശങ്ങളും സത്യ മെന്നേ വരൂ-താൻ ദൈവപുത്രനാണെന്നും ദൈവത്തിങ്കലേക്കുള്ള ഏകമാർഗമാണെ ന്നുമൊക്കെയുള്ള അവകാശവാദങ്ങൾ.

എന്നാൽ ക്രിസ്തുമതം അവകാശപ്പെ ടുന്നതുപോലെ ഉയിർത്തെഴുന്നേൽപ് യഥാർത്ഥത്തിൽ സംഭവിച്ചതാണെന്ന് എങ്ങനെ നമുക്കു മനസ്സി ലാക്കാം?ബൈബിൾ അപ്രകാരം പറ യുന്നു എന്ന ഏക കാരണം കൊണ്ട് അതു ശരിയാകുമോ?അങ്ങനെയെങ്കിൽ ഖുറാൻ പറയുന്നതും ശരിയാണ് .'ഈ വിശുദ്ധ ഗ്രന്ഥം പറയുന്നു -ഇതു സത്യമെന്ന്,അ തിനാൽ ഇതിന്റെ ഉള്ളടക്കമെല്ലാം ശരി യാണ്' എന്നു നാംചിന്തിക്കുവാൻ തുട ങ്ങിയാൽ എല്ലാ മതഗ്രന്ഥങ്ങളും സത്യ മാണു പറയുന്നതെന്നു ചിന്തിക്കേണ്ടി വരും.എന്നാൽ ഇവ പരസ്പര വിരുദ്ധ മെന്നു നാം നേരത്തെ കണ്ടതാണ്.ഈ സാഹചര്യത്തിൽ ക്രിസ്തുവിന്റെ പുന രുത്ഥാനം വളരെ നിർണായകമായ ഒരു കാര്യമാണെന്നു നാം കണ്ടു. ഞാൻ ഇതേ പ്പറ്റി വിശദമായി ചിന്തിക്കുവാൻ തുടങ്ങി

(തുടരും)

**മൊഴിമാറ്റം:ബോബി കുര്യൻ**

❖





# ദാനിയേലിന്റെ ശുശ്രൂഷയും....

7-ാംപേജിൽ നിന്ന് തുടർച്ച

ക്കുന്നു' (സങ്കീ.127:1). എവിടെ സഹോദ രന്മാർ ഒരുമയോടെ വസിക്കുന്നുവോ അവിടെയാണ് ദൈവം തന്റെ ശാശ്വത മായ അനുഗ്രഹങ്ങൾ കൽപിച്ചിരിക്കു ന്നത് (സങ്കീ. 133:1,3).ഒരുമയുള്ള ഒരു സഭയ്ക്കു മാത്രമേ സാത്താന്റെ കോട്ടയെ ജയിക്കാൻ സാധ്യമാകൂ. ഇപ്രകാരമുള്ള ഐക്യത്തെ തകർക്കുന്നവരെ നീക്കിക്ക ളയുന്നതിനുവേണ്ടി പരിശുദ്ധാത്മാവിന്റെ അതിശക്തമായ പ്രവർത്തനം നമ്മുടെയി ടയിൽ ഉള്ളതുകൊണ്ട് നാം നമ്മുടെ സഭ കളിൽ ഏകശരീരമായി സൂക്ഷിക്കപ്പെടു ന്നു. ഭാവിയിലും ഈവിധ പ്രവർത്തനം നമ്മുടെയിടയിൽ തുടരേണ്ടതിനായി നമുക്ക് പ്രാർത്ഥിക്കാം, കാരണം ഏതു സമയത്തും നമ്മുടെയിടയിൽ നിഗളം കട ന്നുവരാനുള്ള സാദ്ധ്യതയുണ്ട്. ദൈവ ത്തിന്റെ വാഗ്ദാനം ഇപ്രകാരമാണ്: 'ഞാൻ നിന്റെ മദ്ധ്യേ നിന്ന് നിന്റെ ഗർവ്വോല്ലസിതന്മാരെ നീക്കിക്കളയും.നീ എന്റെ വിശുദ്ധപർവ്വതത്തിൽ ഇനി ഗർവ്വി ക്കാതിരിക്കുകയും ചെയ്യുന്നതുകൊണ്ട് നീ എന്നോട് അതിക്രമമായി ചെയ്തിരി ക്കുന്ന സകല പ്രവൃത്തികളും നിമിത്തം നീ അന്നാളിൽ ലജ്ജിക്കേണ്ടിവരുകയി ല്ല. ഞാൻ നിന്റെ നടുവിൽ താഴ്മയും ദാരിദ്ര്യവും ഉള്ളൊരു ജനത്തെ ശേഷി പ്പിക്കും. അവർ യഹോവയുടെ നാമത്തിൽ ശരണം പ്രാപിക്കും' (സെഫന്യാവ് 3:11,12). താഴ്മയും, വിനയവുമുള്ളവരെ ക്കൊണ്ട് മാത്രമേ ഐക്യത്തിൽ സഭ പണിയപ്പെടുകയുള്ളു.

തന്റെ സഭയെ വിശുദ്ധിയിൽ സൂക്ഷി ക്കുന്നതിനുവേണ്ടി അവിടുന്ന് സ്വാർത്ഥ തത്പരരെ അവിടുത്തെ സമയത്തും അവിടുത്തെ വഴിയിലൂടെയും തുറന്നു കാട്ടുകയും നീക്കിക്കളയുകയും ചെയ്യും-

സ്ഥാനമാനങ്ങൾ ആഗ്രഹിക്കുന്നവരെയും വിവാദത്തിന്റെയും തർക്കത്തിന്റെയും ആത്മാ വുള്ളവരെയും തങ്ങളെക്കാൾ ആത്മീയവളർച്ച പ്രാപിക്കുന്ന യുവസഹോദരന്മാരോട് അസൂയ യുള്ളവ വരെയും നമ്മുടെയിടയിൽ തുറന്നു കാട്ടുന്നതിനും, നീക്കിക്കളയുന്നതിനും, ദൈവം അത്ഭുതകരമായും അതിവിദഗ്ധമായും സാഹ ചര്യങ്ങളെ ക്രമീകരിക്കുന്നുണ്ട്. നമ്മുടെയിടയി ലുള്ള 'ജ്ഞാനി'കളെയും 'വലിയ'വരെയും ദൈവം പിടിക്കുകയും, സഭയെ 'റാഞ്ചുന്ന'തിനുള്ള അവരുടെ നിഗൂഢപദ്ധതി കളെ വിഫലമാക്കുകയും ചെയ്യുന്നു. 'ദൈവം ജ്ഞാനികളെ അവരുടെ കൗശലത്തിൽ പിടി ക്കുന്നു'

യെരുശലേം ദേവാലയത്തിൽ നിന്ന് വിൽക്കുന്നവരെയും വാങ്ങുന്നവരെയും അവിടുത്തെ സമയത്ത് നീക്കിക്കളഞ്ഞ പോലെതന്നെ. എല്ലാ സ്തുതിയും മഹ ത്വവും അവിടുത്തേക്കുമാത്രം.

സഭയെ എല്ലാ സ്ഥലത്തും ദൈവനാമ മഹത്വത്തിനായി ഒരു വിശുദ്ധസാക്ഷ്യ മായി പണിതുയർത്തുവാൻവേണ്ടി നാം ജീവിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്ന തുപോലെ ജീവിക്കുവാൻ ഈ അന്ത്യദി നങ്ങളിൽ ദൈവം നമുക്ക് കൃപയും ജ്ഞാനവും നൽകട്ടെ.

*(1996 ൽ പ്രസിദ്ധീകരിച്ച 'സമ്പൂർണ സുവിശേഷം' എന്ന പുസ്തകത്തിൽ നിന്ന് )*

❖

**തിരുവെഴുത്തുകളെ പരിശോധിക്കുക**



# ബൈബിളിലൂടെ...

# റോമർ

### റോമർ അദ്ധ്യായം1 (തുടർച്ച)

**ചില** മുഴുസമയ വേലക്കാർ ഇങ്ങനെ പറയുന്നതു ഞാൻ കേട്ടിട്ടുണ്ട്. “വലിയ ശമ്പളമുള്ള എന്റെ ഉദ്യോഗം വിട്ടിട്ടാണ് ഞാൻ കർത്താവിന്റെ വേലയ്ക്കിറങ്ങിയത്” എന്ന്.കർത്താവിന്റെ വേലയുടെ മഹത്വം അവർ കണ്ടിട്ടില്ലാത്തതുകൊണ്ടാണ് തങ്ങൾ എന്തോ വലിയ ത്യാഗം ചെയ്തതായി ഇവർക്കു തോന്നുന്നത്. ‘ഈ ഇരുപതിനായിരം രൂപാ ശമ്പളമുള്ള ജോലിക്കുവേണ്ടി ഞാനെന്റെ അഞ്ഞൂറു രൂപാ ശമ്പളമുള്ള ജോലിയാണ് ത്യജിക്കേണ്ടി വന്നത് ’എന്നു പറയുമ്പോലെ വിചിത്രമായിരിക്കും അപ്രകാരമുള്ള ഒരു പ്രസ്താവന.തന്നെ കർത്താവ് ഒരു അപ്പൊസ്തലനായി വിളിച്ചതോടെ തർസൊസിലെ വലിയ വ്യവസായി എന്ന നിലയിൽ സമയം കളയാനൊന്നും പൗലൊസ് മിനക്കെട്ടില്ല.

റോമർ 1:14-16-ൽ പൗലൊസ് ഇങ്ങനെ പറയുന്നതു നമുക്കു കാണാം. “ഞാൻ കടമ്പെട്ടിരിക്കുന്നു......” “ഞാൻ ഒരുങ്ങിയിരിക്കുന്നു.....” “എനിക്കു ലജ്ജയില്ല.....” കടമ്പെട്ടിരിക്കുന്നു എന്നതുകൊണ്ട് താൻ അർത്ഥമാക്കിയത് ദൈവം ഒരിക്കൽ തന്റെ കണ്ണു തുറന്നതോടെ ദൈവത്തിന്റെ ഈ സ്നേഹം ലോകത്തെ മുഴുവൻ അറിയിക്കുവാൻ താൻ കടമ്പെട്ടിരിക്കുന്നു എന്ന ബോദ്ധ്യം പൗലൊസിനുണ്ടായി എന്നത്രേ. അങ്ങനെ ആ കടം തീർക്കുവാനുള്ള ഒരു ദാഹത്തോടെ താൻ ഓടി. നിങ്ങളുടെ പട്ടണത്തിലോ ഗ്രാമത്തിലോ ഉള്ള മുഴുവൻ ആളുകൾക്കും വിതരണം ചെയ്യുവാൻ ദൈവം ഒരു വലിയ തുക നിങ്ങളെ ഏല്പിച്ചു,നിങ്ങൾ അതു വിതരണം ചെയ്യാതെ നിങ്ങൾക്കുവേണ്ടിത്തന്നെ സൂക്ഷിക്കുന്നു എങ്കിൽ നിങ്ങൾ എങ്ങനെയുള്ള ഒരു ക്രിസ്ത്യാനി ആയിരിക്കും? എത്ര വലിയ ഉത്തരവാദിത്തമാണ് നമ്മുടെ ചുറ്റിലുമുള്ള ജനത്തോടു നമുക്കുള്ളത്! അതിനുവേണ്ടി വലിയ സുവിശേഷ പരിപാടിയൊന്നും നമുക്കാവശ്യമില്ല.നാം എന്നും കാണുകയും അറിയുകയും ചെയ്യുന്ന ആളുകൾ ഒട്ടേറെയുണ്ടല്ലോ.അവരോടുള്ള നമ്മുടെ കടപ്പാട് ആദ്യമേ തന്നെ തീർക്കുവാൻ നമുക്ക് ശ്രമിക്കാം.



*വളർച്ചയുടെ പാതയിൽ പല തലങ്ങളുള്ളതു പോലെതന്നെ അധഃപതനത്തിന്റെ പാതയും പടിപടിയായിട്ടാണ്. സ്വന്തം മനസ്സാക്ഷിയുടെ ഉണർത്തലുകൾക്കു ചെവികൊടുക്കാത്ത ഒരുവനെ ദൈവവും കൈവിട്ടുകളയുന്നു.*





സുവിശേഷം രക്ഷയ്ക്കായുള്ള ദൈവത്തിന്റെ ശക്തിയാണ് — എല്ലാവർക്കുമല്ല, വിശ്വസിക്കുന്നവർക്കു മാത്രം (1:16). നിങ്ങൾ വിശ്വസിക്കുന്ന അളവിൽ മാത്രമേ സുവിശേഷത്തിന്റെ ശക്തി നിങ്ങൾക്കനുഭവിക്കാൻ കഴിയൂ. റോമർ മൂന്നിന്റെ തലത്തിൽ വരെയുള്ള വിശ്വാസമേ നിങ്ങൾക്കുള്ളു എങ്കിൽ അത്രമാത്രമേ നിങ്ങൾക്കനുഭവിക്കാനും കഴിയൂ.റോമർ നാലു വരെയുള്ള കാര്യങ്ങൾ നിങ്ങൾക്കു വിശ്വസിക്കുവാൻ കഴിയുമെങ്കിൽ അത്രവരെ നിങ്ങൾക്കനുഭവവേദ്യമാക്കുവാൻ കഴിയും.എന്നാൽ റോമർ 16 വരെയുള്ള മുഴുവൻ കാര്യങ്ങളും നിങ്ങൾക്കു വിശ്വസിക്കുവാൻ കഴിയുമെങ്കിൽ സുവിശേഷത്തിന്റെ മുഴുവൻ ശക്തിയും നിങ്ങൾക്കനുഭവിക്കാൻ കഴിയും.

പൗലൊസ് പറയുന്നു: “സുവിശേഷത്തെക്കുറിച്ച് എനിക്കു ലജ്ജയില്ല. കാരണം അതു വിശ്വാസത്തിൽനിന്നും വിശ്വാസത്തിനായി വെളിപ്പെടുന്ന ദൈവനീതിയാണ്. ‘നീതിമാൻ വിശ്വാസത്താൽ ജീവിക്കും’ എന്ന് എഴുതിയിരിക്കുന്നുവല്ലോ(1:17). ‘വിശ്വാസത്തിൽ നിന്നു വിശ്വാസത്തിലേക്ക്’എന്നതുകൊണ്ടു കൂടുതൽ ഉയർന്ന തലങ്ങളിലേക്കു വളർച്ച പ്രാപിക്കുന്ന വിശ്വാസത്തെയാണ് ഉദ്ദേശിക്കുന്നത്. ഒന്നാമതായി, പാപത്തിന്റെ കുറ്റബോധത്തിൽ നിന്നു നമ്മെ വിടുവിച്ച് ദൈവസന്നിധിയിൽ നമ്മെ നീതിമാന്മാർ ആക്കുന്ന വിശ്വാസം (റോമ. 3-5). തുടർന്ന് പാപത്തിന്റെ ശക്തിയിൽ നിന്നു നമ്മെ മോചിപ്പിച്ച് വിശുദ്ധർ എന്ന നിലയിലേക്കു നമ്മെ രൂപാന്തരപ്പെടുത്തുന്ന വിശ്വാസം(റോമർ 6-8).തുടർന്നു ദൈവസന്നിധിയിൽ പുരോഹിതന്മാരായി സമർപ്പണത്തിലേക്കു നടത്തുന്ന വിശ്വാസം (റോമാ: 12). തുടർന്ന് ക്രിസ്തുവിന്റെ ശരീ

> സുവിശേഷം രക്ഷയ്ക്കായുള്ള ദൈവത്തിന്റെ ശക്തിയാണ് – എല്ലാവർക്കുമല്ല, വിശ്വസിക്കുന്നവർക്കു മാത്രം. നിങ്ങൾ വിശ്വസിക്കുന്ന അളവിൽ മാത്രമേ സുവിശേഷത്തിന്റെ ശക്തി നിങ്ങൾക്കനുഭവിക്കാൻ കഴിയൂ. റോമർ മൂന്നിന്റെ തലത്തിൽ വരെയുള്ള വിശ്വാസമേ നിങ്ങൾക്കുള്ളു എങ്കിൽ അത്രമാത്രമേ നിങ്ങൾക്കനുഭവിക്കാനും കഴിയൂ.റോമർ നാലു വരെയുള്ള കാര്യങ്ങൾ നിങ്ങൾക്കു വിശ്വസിക്കുവാൻ കഴിയുമെങ്കിൽ അത്രവരെ നിങ്ങൾക്കനുഭവവേദ്യമാക്കുവാൻ കഴിയും.എന്നാൽ റോമർ 16 വരെയുള്ള മുഴുവൻ കാര്യങ്ങളും നിങ്ങൾക്കു വിശ്വസിക്കുവാൻ കഴിയുമെങ്കിൽ സുവിശേഷത്തിന്റെ മുഴുവൻ ശക്തിയും നിങ്ങൾക്കനുഭവിക്കാൻ കഴിയും.

സ്വർഗ്ഗത്തിൽ നമുക്കു മർദ്ദന മേൽക്കുക സാദ്ധ്യമാണോ? അല്ല. സ്വർഗ്ഗത്തിൽ ക്രിസ്തു നിമിത്തം ആരെങ്കിലും നമ്മെ വ്യവഹാരത്തിലേക്കു വലിച്ചിഴയ്ക്കുമോ? ഇല്ല. ക്രിസ്തു നിമിത്തം സ്വർഗ്ഗത്തിൽ ആരെങ്കിലും നമ്മെക്കുറിച്ചു അപവാദമോ ദൂഷണമോ പ്രചരിപ്പിക്കുമോ? ഇല്ല. ക്രിസ്തു നിമിത്തം പീഡനങ്ങൾ സഹിക്കാനും അവിടുത്തെ കഷ്ടങ്ങളുടെ കൂട്ടായ്മ അനുഭവിക്കാനും കഴിയുന്നതെവിടെയാണ്?
ഇവിടെ ഭൂമിയിൽ മാത്രം.

രത്തിന്റെ അവയവമായിത്തീർന്നുകൊണ്ട് ശരീരത്തിന്റെ കൂട്ടായ്മയ്ക്കായി നമ്മെ സമർപ്പിക്കുന്ന വിശ്വാസം (റോമ: 14, 15). തുടർന്ന് ആ വിശ്വാസം സാത്താനെ നമ്മുടെ കാൽക്കീഴിൽ ചതച്ചുകളയുന്നതിലേക്കു നടത്തുന്നു (റോമാ. 16). ഈ പ്രയാണത്തിന്നിടയിൽ ഏതു തലത്തിൽ വേണമെങ്കിലും നമുക്കു യാത്ര അവസാനിപ്പിച്ച് "ഇവിടെയിരിക്കുന്നത് നല്ലത്" എന്ന നിലയിൽ തൃപ്തിയടയാൻ കഴിയും. അതൊരു പാഠശാലയിൽ പഠിക്കുന്നതുപോലെയാണെന്നു നമുക്കു വേണമെങ്കിൽ പറയാം. ചിലർ നാലാം ക്ലാസിലും മറ്റു ചിലർ എട്ടാം ക്ലാസിലും ഇനിയും ചിലർ 12 ലും പഠനം നിർത്തുന്നതുപോലെ. എന്നാൽ പിഎച്ച്ഡി തലം കഴിഞ്ഞ ശേഷവും പഠനം തുടരുന്നവർ ഉണ്ട്.ആത്മീയ വിഷയങ്ങളിൽ നാം അങ്ങനെയാകുന്നതു നല്ലതെന്നാണ് എന്റെ അഭിപ്രായം. ദൈവത്തെ അറിയുന്നതിൽ ഒരിക്കലും തൃപ്തരാകാതെ എത്ര ആഴമുള്ള തലങ്ങളിലേക്കും പോകുവാനുള്ള നിരന്തരമായ വാഞ്ഛ.ദൈവം നമ്മെ എന്താക്കിത്തീർക്കുവാനാഗ്രഹിക്കുന്നുവോ അതിലേക്കു തന്നെ നാം വളരുക.

ഞാൻ ദൈവത്തോട് ഇപ്രകാരം പ്രാർത്ഥിച്ചു. "പിതാവേ, ഒരു മനുഷ്യൻ എന്ന നിലയിൽ അങ്ങയുടെ സുവിശേഷത്തിന്റെ ശക്തി എനിക്കെത്രമാത്രം അനുഭവിക്കാൻ കഴിയുമോ അത്രതന്നെ എന്റെ മരണത്തിനു മുമ്പ് എനിക്കനുഭവിക്കാൻ കഴിയണം. ക്രിസ്തുവിന്റെ കഷ്ടങ്ങളുടെ പൂർണ്ണ അളവിലുള്ള കൂട്ടായ്മ എന്റെ ശരീരത്തിൽ എനിക്കനുഭവിക്കാൻ കഴിയണം — ഈ ശരീരം വിട്ടു പോകും മുമ്പെ." എന്തുകൊണ്ടാണ് ഇക്കാര്യത്തിൽ എനിക്കിത്ര താത്പര്യം? കാരണം ഇതു സ്വർഗ്ഗത്തിൽ എത്തിക്കഴിഞ്ഞ ശേഷം എനിക്കൊരിക്കലും അനുഭവിക്കാൻ കഴിയില്ല എന്നു ഞാൻ അറിയുന്നു.സ്വർഗ്ഗത്തിൽ നമുക്കു മർദ്ദന മേൽക്കുക സാദ്ധ്യമാണോ? അല്ല. സ്വർഗ്ഗത്തിൽ ക്രിസ്തു നിമിത്തം ആരെങ്കിലും നമ്മെ വ്യവഹാരത്തിലേക്കു വലിച്ചിഴയ്ക്കുമോ? ഇല്ല. ക്രിസ്തു നിമിത്തം സ്വർഗ്ഗത്തിൽ ആരെങ്കിലും നമ്മെക്കുറിച്ചു അപവാദമോ ദൂഷണമോ പ്രചരിപ്പിക്കുമോ? ഇല്ല. ക്രിസ്തു നിമിത്തം പീഡനങ്ങൾ സഹിക്കാനും അവിടുത്തെ കഷ്ടങ്ങളുടെ കൂട്ടായ്മ അനുഭവിക്കാനും കഴിയുന്നതെവിടെയാണ്? ഇവിടെ ഭൂമിയിൽ മാത്രം.

പൂർണ്ണ സുവിശേഷത്തിൽ നിന്നു നമ്മിൽ പലരും യഥാർത്ഥത്തിൽ വളരെ അകലെയാണ്. പാപക്ഷമ ലഭിക്കുന്നതും പരിശുദ്ധാത്മസ്നാനം പ്രാപിക്കുന്നതും മാത്രമല്ല സുവിശേഷം. "പൂർണ്ണ സുവിശേഷസഭകളെ"ന്നു സ്വയം വിശേഷിപ്പിക്കുന്ന അധികം സഭകളും യഥാർത്ഥമായ പൂർണ്ണ സുവിശേഷത്തിൽ നിന്നും





എത്രയോ കാതം അകലെയാണ്! പാപക്ഷമയും പരിശുദ്ധാത്മ സ്നാനവും വെറും നഴ്സറി ക്ലാസാണ്.സുവിശേഷത്തിൽ പ്രാഥമികാക്ഷരങ്ങൾ മാത്രമാണവ.അവ ആരംഭം മാത്രമാണ്, പൂർണ്ണ സുവിശേഷമല്ല.

റോമർ 1-ൽ പാപിയുടെ കുറ്റത്തെക്കുറിച്ചു പൗലൊസ് വിവരിക്കുന്നു.പാപം ആരംഭിക്കുന്നതു ദൈവത്തെ മഹത്വപ്പെടുത്താതിരിക്കുന്നതിലൂടെയും അവിടുത്തേക്കു നന്ദി കരേറ്റാതിരിക്കുന്നതിലൂടെയുമാണ് (1:21).ദൈവം നൽകിയ നന്മകൾക്കു നന്ദി കരേറ്റാതിരിക്കുന്നതാണ് ഒരു വ്യക്തിയുടെ ആത്മീയ അധഃപതനത്തിന്റെ ആദ്യ പടി.ദൈവം നൽകിയ ജീവിതത്തിനും ആരോഗ്യത്തിനും ഭക്ഷണത്തിനും മറ്റുമൊക്കെ നന്ദിയില്ലാതാകുന്നതോടെ ഒരു വ്യക്തിയിൽ പിന്മാറ്റം ആരംഭിക്കുന്നു.നന്ദികേടിലൂടെയാണു പാപം ആരംഭിക്കുന്നതെങ്കിലും അതവിടെ അവസാനിക്കുന്നില്ല. അത് അപവാദം പറയുന്നതിലേക്കും ദൈവത്തെ ദുഷിക്കുന്നതിലേക്കും വെറുക്കുന്നതിലേക്കും അഹങ്കാരത്തിലേക്കും ആത്മപ്രശംസയിലേക്കും ഹൃദയകാഠിന്യത്തിലേക്കും മറ്റു പലതിലേക്കുമായി താണുതാണങ്ങനെ പോകും (1:29-30). "ദൈവം അവരെ ഏല്പിച്ചു" എന്നൊരു പ്രയോഗം മൂന്നു പ്രാവശ്യം ആവർത്തിച്ചിരിക്കുന്നതു നമുക്കു കണ്ടെത്താൻ കഴിയും (1:24, 26, 28). വിശ്വാസത്തിൽ നിന്നു വിശ്വാസത്തിലേക്ക് എന്ന മട്ടിൽ വളർച്ചയുടെ പാതയിൽ പല തലങ്ങളുള്ളതുപോലെതന്നെ അധഃപതനത്തിന്റെ പാതയും പടിപടിയായിട്ടാണ്. സ്വന്തം മനസ്സാക്ഷിയുടെ ഉണർത്തലുകൾക്കു ചെവികൊടുക്കാത്ത ഒരുവനെ ദൈവവും കൈവിട്ടുകളയുന്നു. ദൈവം അവരെ സ്രഷ്ടാവിനു പകരം സൃഷ്ടിയെ ആരാധിക്കുവാൻ കൈവിടുകയും അവർ ലൈംഗിക വൈകൃതങ്ങളിൽ ബന്ധനസ്ഥരാവുകയും ചെയ്യുന്നു. സ്രഷ്ടാവിനു

പൂർണ്ണ സുവിശേഷത്തിൽ നിന്നു നമ്മിൽ പലരും യഥാർത്ഥത്തിൽ വളരെ അകലെയാണ്. പാപക്ഷമ ലഭിക്കുന്നതും പരിശുദ്ധാത്മസ്നാനം പ്രാപിക്കുന്നതും മാത്രമല്ല സുവിശേഷം. "പൂർണ്ണ സുവിശേഷ സഭകളെ"ന്നു സ്വയം വിശേഷിപ്പിക്കുന്ന അധികം സഭകളും യഥാർത്ഥമായ പൂർണ്ണ സുവിശേഷത്തിൽ നിന്നും എത്രയോ കാതം അകലെയാണ്! പാപക്ഷമയും പരിശുദ്ധാത്മ സ്നാനവും വെറും നഴ്സറി ക്ലാസാണ്. സുവിശേഷത്തിൽ പ്രാഥമികാക്ഷരങ്ങൾ മാത്രമാണവ. അവ ആരംഭം മാത്രമാണ് പൂർണ്ണസുവിശേഷമല്ല.

പകരം സൃഷ്ടിയെ ആരാധിക്കുന്നിടത്താണ് എല്ലാ പാപത്തിന്റെയും വേരുകൾ നാം കണ്ടെത്തുന്നത്.

### അധ്യായം രണ്ട്

രണ്ടാമദ്ധ്യായത്തിൽ മതഭക്തനായ മനുഷ്യന്റെ തെറ്റുകളെക്കുറിച്ച് പൗലൊസ് പറയുന്നു.അവർ ഒന്നാമദ്ധ്യായത്തിൽ പറയുന്ന പാപികളെ വിധിക്കുകയത്രേ ചെയ്യുന്നത്. "മറ്റുള്ളവരെ വിധിക്കുന്നതിലൂടെ നിങ്ങൾ സ്വയം വിധിക്കുകയാണ്. കാരണം അന്യനെ വിധിക്കുന്നതിലൂടെ നീ നിനക്കു സ്വയം ശിക്ഷാവിധി കല്പിക്കുന്നു.(2:1) അന്യരിൽ നീ കണ്ടെത്തുന്ന അതേ കുറ്റം തന്നെ നിന്റെ സ്വന്ത ഹൃദയത്തിലും ഇരിക്കുന്നു. പരീശന്മാരെയും കർത്താവ് ഗ്രഹിപ്പിക്കുവാൻ ആഗ്രഹിച്ച കാര്യം ഇതു തന്നെ ആയിരുന്നു. "ഈ സ്ത്രീയെ നിങ്ങൾ വ്യഭിചാരക്കുറ്റത്തിൽ പിടിച്ചിരിക്കുന്നു. എന്നാൽ നിങ്ങളിലെത്രപേർ ഹൃദയത്തിൽ വ്യഭിചാരം ചെയ്യാത്തവരായിട്ടുണ്ട്? അങ്ങനെ ചെയ്തിട്ടില്ലാത്തവരാ

രെങ്കിലുമുണ്ടെങ്കിൽ ആ വ്യക്തി ഈ സ്ത്രീയെ ആദ്യം കല്ലെറിയട്ടെ." (യോഹ. 8:1-11) യേശുവിന്റെ മുമ്പിൽ നില്ക്കുവാൻ ധൈര്യമില്ലാതെ അവർ ഓരോരുത്തരായി എല്ലാവരും അവിടെ നിന്നും പോയി. ദൈവ പ്രകാശത്തിനു മുന്നിൽ നില്ക്കുവാൻ അവർക്കു കഴിഞ്ഞില്ല.

അത്തരത്തിൽ പ്രവർത്തിക്കുന്നവരുടെ മേൽ ദൈവന്യായവിധി വരുമെന്നു നാമറിയുന്നു. എന്നാൽ ആ വക പ്രവർത്തിക്കുന്നവരെ വിധിക്കുകയും രഹസ്യത്തിൽ അതുതന്നെ പ്രവർത്തിക്കുകയും ചെയ്യുന്നവർ ദൈവന്യായവിധി തെറ്റി ഒഴിയുമോ? (2:2, 3) അവർ പരസ്യമായി പാപം ചെയ്യുന്നു. നീയോ രഹസ്യമായും. ആളുകൾക്ക് നിന്റെ പാപം മറഞ്ഞിരിക്കുന്നതിനാൽ അവർ നിന്നെ വിശുദ്ധനെന്നും മറ്റവനെ പാപി എന്നും വിളിക്കുന്നു. എന്നാൽ ദൈവം അവനോടു നിന്നെക്കാളധികം കരുണ കാണിക്കും.കാരണം നിന്റെ കാപട്യം എന്ന മഹാപാപം — അത് അവനിലില്ലല്ലോ.

കൊലപാതകത്തെക്കാളും വ്യഭിചാരത്തെക്കാളും ദൈവദൃഷ്ടിയിൽ വലിയ രണ്ടു പാപങ്ങളാണ് കാപട്യവും ആത്മീയ നിഗളവും.മുടിയനായ പുത്രന്റെ ദൃഷ്ടാന്തത്തിൽ ജ്യേഷ്ഠ സഹോദരനാണ് അനുജനെക്കാളും വലിയ പാപി എന്ന് അതു പഠിക്കുമ്പോൾ നിങ്ങൾക്കു വ്യക്തമാകും. എന്നാൽ പരീശന്മാർക്ക് അക്കാര്യം മനസ്സിലായില്ല. അധികം ക്രിസ്ത്യാനികൾക്കും ഇക്കാര്യം മനസ്സിലാക്കാൻ കഴിയുന്നില്ല എന്നാണെനിക്കു തോന്നുന്നത്. അവരും പരീശന്മാരെപ്പോലെ അന്ധരായിരിക്കുന്നു. അവർ വിചാരിക്കുന്നത്അഭക്തരനായ മനുഷ്യരാണ് ഏറ്റവും വലിയ പാപികൾ എന്നാണ്.എന്നാൽ രഹസ്യജീവിതത്തിൽ ഇല്ലാത്ത കാര്യങ്ങൾ — തങ്ങൾ വിശുദ്ധരും ഉദാരമനസ്കരും പ്രാർത്ഥനാ ജീവിതമുള്ളവരെന്നും — മറ്റുള്ളവരുടെ മുമ്പാകെ നടിച്ചു കൊണ്ട് തങ്ങൾ ഭക്തരെന്നു പുറമെ കാണിക്കുന്ന കാപട്യത്തെയും നിഗളത്തെയും ദൈവം കാണുന്നു എന്ന കാര്യം അവർ ഗ്രഹിക്കുന്നില്ല. ഇതു കൊലപാതകത്തെക്കാളും വ്യഭിചാരത്തെക്കാളും വലിയ പാപം തന്നെ.അതു നിങ്ങൾക്കു കാണുവാൻ കഴിഞ്ഞിട്ടുണ്ടോ? സ്വയം വിശുദ്ധരെന്നു കരുതുകയും വ്യഭിചാരികളെയും കൊലപാതകികളെയും മദ്യപരെയും മയക്കു മരുന്നുപയോഗിക്കുന്നവരെയും ഒക്കെ പാപികളായി പുച്ഛത്തോടെ നോക്കുകയും ചെയ്യുന്നവർക്കുള്ളതാണ് റോമർ രണ്ടാമദ്ധ്യായം.

ക്രൈസ്തവ സഭകളൊക്കെ ഇത്തരക്കാരെക്കൊണ്ട് നിറഞ്ഞിരിക്കുന്നു. സമുദായങ്ങളിൽ നിന്നും എത്രയധികം അവർ വേർപെട്ടു എന്നവകാശപ്പെടുന്നുവോ അത്രയധികം പരീശത്വവും അവരിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഉപദേശം എത്രയധികം ശുദ്ധമാകുന്നുവോ അത്രയധികം പരീശത്വവും കൂടുന്നു.കാരണം കാപട്യത്തിന്റെ മറ കൂടുതൽ ശക്തിയാർജ്ജിക്കുന്നു എന്നതുതന്നെ. മറ്റു വിഭാഗങ്ങളെക്കാൾ അധികം നല്ല ക്രിസ്ത്യാനിയാണ് നിങ്ങൾ എന്നു കരുതുന്നു എങ്കിൽ ക്രിസ്തു തുല്യമായ സ്വഭാവം നിങ്ങളുടെ ജീവിതത്തിൽ അധികം വെളിപ്പെടുത്തുവാനുള്ള ഉത്തരവാദിത്തം നിങ്ങൾക്കുണ്ട്. അത്തരം നിർജ്ജീവ വിഭാഗങ്ങളിലൊന്നിൽ നിങ്ങളെക്കാൾ ക്രിസ്തുതുല്യമായ ജീവിതം നയിക്കുന്ന ഒരു ക്രിസ്ത്യാനിയെ നിങ്ങൾ കണ്ടെത്തുകയാണെങ്കിൽ ലജ്ജയോടെ തലകുമ്പിട്ടു കൊണ്ട് ദൈവത്തോട് ഇപ്രകാരം പറയുക: "കർത്താവേ, മെച്ചപ്പെട്ട ഉപദേശം കൊണ്ട് എന്റെ ജീവിതത്തെ മെച്ചപ്പെടുത്താമെന്ന അബദ്ധ ധാരണയാൽ ഞാൻ വഞ്ചിക്കപ്പെട്ടു പോകുവാനിടയാകരുതെ."

(തുടരും)

**മൊഴിമാറ്റം: ബോബി ചെറിയാൻ**

❖





**സഹോദരിമാരോട്**

## സ്ത്രീയേ, നീ കരയുന്നതെന്ത്?

# ദൈവഹിതപ്രകാരമുള്ള ദുഃഖം

## (അദ്ധ്യായം-7 തുടർച്ച)

**ആനി പുന്നൻ**

ദൈവം നല്ലവനാണ്.നമ്മുടെ യഥാർത്ഥ സ്വഭാവം എന്തെന്ന് നാം തന്നെ മനസ്സിലാക്കുന്നതിനായി എതിർപ്പുകളും പരിശോധനകളും ഉണ്ടാകുവാൻ ദൈവം അനുവദിക്കുന്നു.നമ്മെ ദൈവത്തിന്റെ സാദൃശ്യത്തോട് അനുരൂപരാക്കിത്തീർക്കുവാനായി അവിടുന്ന് ഇപ്രകാരം നമ്മെ താഴ്ത്തുകയും നുറുക്കുകയും ചെയ്യുന്നു.നമ്മെ ദൈവസ്നേഹത്തിൽ നിന്നും വേർപിരിക്കുവാൻ ഒന്നിനും കഴിയുകയില്ല.

വ്യക്തിപരമായ ദുഃഖങ്ങളുടെ സമയത്ത് മറ്റുള്ള ആളുകളെപ്പറ്റി യാതൊരു കരുതലുമില്ലാതെ സ്വന്തം പ്രശ്നങ്ങളെക്കുറിച്ചു മാത്രം ചിന്തിക്കുന്നവരായി നാം തീരരുത്. "ദുഃഖപുരുഷനായ" നമ്മുടെ കർത്താവ് "നമ്മുടെ ദുഃഖങ്ങൾ ശീലിച്ചവൻ" ആയിരുന്നു. അവനെ തള്ളിക്കളഞ്ഞ യെരുശലേം നിവാസികളെ നോക്കി അവൻ കരഞ്ഞു.

"സ്വന്തദുഃഖങ്ങൾക്കായ് കണ്ണീർ ചൊരിഞ്ഞില്ല

എൻ ദുഃഖങ്ങൾക്കായ് രക്തം വിയർത്തു".

നമ്മുടെ കർത്താവ് മറ്റുള്ളവരെ ഓർത്ത് കരഞ്ഞു. ഇപ്പോൾ യേശുവിന്റെ പ്രതിനിധികൾ എന്ന നിലയിൽ മറ്റുള്ളവർക്കു വേണ്ടി വിലപിക്കേണ്ടത് നാമാണ്.

യോസഫിനെ അന്യായമായി ജയിലിൽ അടച്ചു.ജയിലിൽ അവൻ സ്വന്തദുഃഖങ്ങൾ മറക്കുകയും സഹതടവുകാരുടെ പ്രശ്നങ്ങളെക്കുറിച്ച് കരുതൽ ഉള്ളവനായിരിക്കുകയും ചെയ്തു.

ഫറവോന്റെ പാനപാത്രവാഹകനെക്കുറിച്ചുള്ള യോസഫിന്റെ കരുതൽ അന്തിമമായി അവനെ ജയിലിൽനിന്ന് വിടുവിച്ചു. മറ്റുള്ളവരെക്കുറിച്ചുള്ള ആത്മാർത്ഥമായ കരുതൽ നിങ്ങളുടെ വിടുതലിനുള്ള ആദ്യപടിയായിത്തീരുവാൻ കഴിയും. (ഉല്. 40:7)

"വിത്തു ചുമന്ന് കരഞ്ഞും വിതച്ചും കൊണ്ടു നടക്കുന്നു; കറ്റ ചുമന്നും, ആർത്തുംകൊണ്ട് വരുന്നു." (സങ്കീ. 126:6)

ദൈവഹിതപ്രകാരം ദുഃഖിച്ച ചിലവ്യക്തികളുടെ ഉദാഹരണം നമുക്കു നോക്കാം:

* ദൈവമഹത്വവും, സ്വന്തസ്വഭാവത്തിലെ അശുദ്ധിയും കണ്ട യെശയ്യാവ് ദുഃഖിച്ചുകൊണ്ടു പറഞ്ഞു, "എനിക്ക് അയ്യോ കഷ്ടം; ഞാൻ നശിച്ചു; ഞാൻ ശുദ്ധിയില്ലാത്ത മനുഷ്യൻ." (യെശ. 6:5)

* പിന്മാറ്റം സംഭവിച്ച ദൈവജനത്തെ ഓർത്ത് യിരെമ്യാവ് വിലപിച്ചു. അവർക്കുവേണ്ടി തുടർച്ചയായി കരയത്തക്കവിധം അവന്റെ കണ്ണുകൾ കണ്ണുനീരുറവ ആയിത്തീർന്നിരുന്നെങ്കിൽ എന്നു പോലും അവൻ ആശിച്ചു. (യിരെ. 9:1; 13:17)

* ദൈവജനത്തിന്റെ പാപങ്ങ

ളോർത്ത് ദാനിയേൽ വിലപിച്ചു. (ദാനി. 9:20,21)

* ദൈവജനത്തിന്റെ അവസ്ഥ ഓർത്ത് എസ്രായും, നെഹമ്യാവും വിലപിച്ചു. (എസ്രാ. 10:1; നെഹെ 1:4)

* തന്റെ സ്വന്തജനമായ യഹൂദന്മാർ രക്ഷിക്കപ്പെടാതിരിക്കുന്നത് ഓർത്ത് പൗലോസിന്റെ ഹൃദയത്തിൽ തുടർമാനമായി വലിയ ദു:ഖമുണ്ടായിരുന്നു. (റോമ. 9:1-3)

ദൈവഹിതപ്രകാരമുള്ള ദു:ഖം എന്നത് കർത്താവിനെ ദു:ഖിപ്പിക്കുന്ന കാര്യങ്ങളോർത്ത് നാം ദു:ഖിക്കുന്നതാണ്.

നമ്മുടെ രാജ്യത്തെ വിഗ്രഹാരാധനയെക്കുറിച്ച് ഒരു നിമിഷം ചിന്തിച്ചുനോക്കുക.അത് എത്രമാത്രം കർത്താവിനെ ദു:ഖിപ്പിക്കുന്നുണ്ടാവും?നാം അനേകപ്രാവശ്യം അമ്പലങ്ങളും വിഗ്രഹങ്ങളും കണ്ട് ശീലിച്ചുപോയിരിക്കുന്നു. അതിനാൽ അതു നമുക്കു പ്രയാസമുളവാക്കുന്നില്ല. (അപ്പോ. പ്രവൃ.17:16). നാം വസിക്കുന്ന ഈ ദേശത്തിനുവേണ്ടി കർത്താവിന്റെ മുമ്പിൽ നമുക്കൊരു ഉത്തരവാദിത്തമുണ്ട്.

"എന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന എന്റെ ജനം തങ്ങളെത്തന്നെ താഴ്ത്തി പ്രാർത്ഥിച്ച് എന്റെ മുഖം അന്വേഷിച്ച് തങ്ങളുടെ ദുർമ്മാർഗ്ഗങ്ങളെ വിട്ടുതിരിയുമെങ്കിൽ ഞാൻ സ്വർഗ്ഗത്തിൽനിന്നു കേട്ട് അവരുടെ പാപം ക്ഷമിച്ച് അവരുടെ ദേശത്തിനു സൗഖ്യം വരുത്തിക്കൊടുക്കും". (2 ദിനവൃ. 7:14)

മറ്റുള്ളവർക്കായി പ്രാർത്ഥിക്കുവാൻ കഴിഞ്ഞ കാലത്തിൽ ദൈവം എന്റെ ഹൃദയത്തിൽ ഭാരം തന്ന അവസരങ്ങളെ ഓർക്കുവാൻ എനിക്കു കഴിയും.

നിദ്രയില്ലാതെ വലഞ്ഞ തന്റെ മകനു വേണ്ടി പ്രാർത്ഥിക്കുവാൻ ഒരിക്കൽ ഒരു അമ്മ എന്നോട് ആവശ്യപ്പെടുകയുണ്ടായി. അവൻ റോക്ക് സംഗീതത്തോട് ആസക്തിയുള്ളവനായിരുന്നു;അവനു ദൈവത്തോട് ഒരു താത്പര്യവും ഇല്ലായിരുന്നു.അവനു മനോരോഗചികിത്സ പ്രയോജനരഹിതമായിരുന്നു. അവൻ ശ്രദ്ധിച്ചുകൊണ്ടിരുന്ന സംഗീതത്തിലെ ചെണ്ടയുടെ താളത്തിനനുസൃതമായി അവന്റെ ശിരസ്സ് വേഗത്തിൽ സ്പന്ദിച്ചുകൊണ്ടിരുന്നു.ദൈവം തന്റെ കരുണയിൽ ഞങ്ങളുടെ പ്രാർത്ഥനയ്ക്ക് ഉത്തരമരുളി.ഇപ്പോൾ അവൻ സുഖമായിരിക്കുന്നു. റോക്ക് സംഗീതം ശ്രദ്ധിക്കുക വഴി തങ്ങളുടെ മക്കൾക്കുണ്ടാകാവുന്ന അപകടങ്ങളെപ്പറ്റി അനേക അമ്മമാരും അജ്ഞരാണ്.

ഞാൻ യാത്ര ചെയ്തുകൊണ്ടിരുന്ന ഒരവസരത്തിൽ ഞാൻ ഒരു കൂട്ടം സ്ത്രീപുരുഷന്മാരേയും അവരോടൊപ്പം രണ്ടോ, മൂന്നോ വയസ്സു പ്രായം വരുന്ന കുറച്ചു പെൺകുഞ്ഞുങ്ങളേയും കണ്ടു. അവർ കുട്ടികളോടു പെരുമാറുന്ന രീതിയിൽ എന്തോ ഒരു അസ്വാഭാവികതയുള്ളതായി എനിക്കു തോന്നി.ആ പെൺകുഞ്ഞുങ്ങൾ സ്തബ്ധരായും, സംഭീതരായും കാണപ്പെട്ടു. ഒരു പക്ഷേ അവർ മയക്കുമരുന്ന് കഴിച്ചതായിരിക്കാം.ഒരുവേള അവർ ആ കുട്ടികളെ തട്ടിയെടുത്തതായിരിക്കാം.എന്നാൽ അതു തെളിയിക്കുവാനൊരു വഴിയുമില്ലാഞ്ഞതിനാൽ അവർക്കുവേണ്ടി ഒന്നും ചെയ്യുവാൻ എനിക്കു കഴിഞ്ഞില്ല.ആ പാവം കുട്ടികളെ കണ്ടിട്ട് എനിക്കു ദു:ഖം തോന്നിയതുമൂലം നമ്മുടെ രാജ്യത്ത് കുട്ടികളെ ദുരുപയോഗം ചെയ്യുന്നതിനെതിരായി ഞാൻ പ്രാർത്ഥിച്ചു.

മറ്റൊരവസരത്തിൽ പാശ്ചാത്യ നാട്ടിൽ നിന്നുള്ള ഒരു പെൺകുട്ടിയെ ഞാൻ കണ്ടുമുട്ടുകയുണ്ടായി.അവൾ ഇന്ത്യയിൽ വന്നത് ഗുരുക്കന്മാരിലൂടെയും ധ്യാനത്തിലൂടെയും പൗരസ്ത്യമതങ്ങളിലൂടെയും സമാധാനം കണ്ടെത്തുവാൻ വേണ്ടി ആയിരുന്നു.സത്യഗുരുവായ യേശു കർത്താവിനെപ്പറ്റി അവളോടു പറയുവാൻ എനിക്കൊരവസരം ലഭിച്ചു.അവൾക്കു വേണ്ടി പ്രാർത്ഥിക്കുവാനുള്ള ഭാരം എനിക്കുണ്ടായി.പാശ്ചാത്യരായ ചില വ്യക്തികൾ ഇന്ത്യയിൽവച്ച് കർത്താവിനെ കണ്ടുമുട്ടിയിട്ടുണ്ട്. ഇതുപോലെ ആവശ്യത്തിൽ ഇരിക്കുന്നവരും സത്യം അന്വേഷിക്കുന്നവരുമായ ആളുകളുടെ മുൻപിൽ കർത്താവിനെ സാക്ഷിക്കുവാനോ അവർക്കു വേണ്ടി പ്രാർത്ഥിക്കുവാനോ വേണ്ടി നിങ്ങളെ ഉപയോഗിക്കുവാൻ കർത്താവിനോടു പ്രാർത്ഥിക്കുക.

യെരുശലേമിൽക്കൂടി ക്രൂശു ചുമന്നുകൊണ്ട് യേശു പോകുമ്പോൾ അവനെ ചൊല്ലി വിലപിക്കുന്ന ചില സ്ത്രീകളെ അവൻ കണ്ടു. യേശു അവരെ നോക്കിയിട്ട് തന്നെച്ചൊല്ലി കരയേണ്ടെന്നും അവർക്കും, അവരുടെ മക്കൾക്കും വേണ്ടി കരയുവീൻ എന്നും അവരോടു പറഞ്ഞു. "യെരുശലേം പുത്രിമാരേ, എന്നെച്ചൊല്ലി കരയേണ്ട. നിങ്ങളേയും, നിങ്ങളുടെ മക്കളേയും ചൊല്ലി കരയുവിൻ" എന്ന് അവൻ പറഞ്ഞു. ഇന്ത്യൻ പുത്രിമാരേ, അവൻ ഇന്നു നമ്മോടു പറയുന്നതെന്താണെന്ന് നാം കേൾക്കുന്നുണ്ടോ ? (തുടരും).

**മൊഴിമാറ്റം: സുജ ഏബ്രഹാം**

❖





# ദൈവത്തിനു സ്ത്രീകളെ ആവശ്യമുണ്ട്

*12-ാം പേജിൽ നിന്നു തുടർച്ച*

പുരുഷന്മാരുടെയും സ്ത്രീകളുടെയും ശുശ്രൂഷകളെപ്പറ്റി പറയുമ്പോൾ പൗലൊസ് തിമൊഥെയോസിനോടു പറയുന്നു സ്ത്രീകൾക്ക് പഠിപ്പിക്കുന്നതിനോ, മൂപ്പനായിരിക്കുന്നതിനോ ഉള്ള ശുശ്രൂഷകൾ ലഭ്യമല്ലെങ്കിലും മാതൃത്വത്തിന്റെ ശുശ്രൂഷ അവൾക്കു ലഭിക്കും (1 തിമൊ 2:12, 15) .ആ ലേഖനത്തിന്റെ പശ്ചാത്തലത്തിൽ പൗലൊസ് മാതൃത്വത്തെ സഭയിലുള്ള ഒരു ശുശ്രൂഷയായി പരിഗണിക്കുന്നു എന്നു വ്യക്തമാണ്.ദൈവം സ്ത്രീകളെ വിളിച്ചാക്കിയിരിക്കുന്ന രണ്ടാമത്തെ ശുശ്രൂഷ ഇതാണ് — തങ്ങളുടെ മക്കൾക്ക് ദൈവഭയമുള്ള ഒരു അമ്മയായിരിക്കുവാൻ.

തിമൊഥെയോസ് തന്റെ ബാല്യകാല ഭവനത്തിൽ ഇതിന്റെ മഹത്വം കണ്ടിട്ടുണ്ട്. ഇപ്പോൾ അദ്ദേഹം എഫസോസിലുള്ള മറ്റുള്ളവർക്ക് അത് പഠിപ്പിച്ചു കൊടുക്കുന്നു!

ജീവിതത്തിലെ എല്ലാ ഔദ്യോഗിക രംഗങ്ങളിലും പുരുഷൻ സ്ത്രീയെക്കാൾ മികച്ചു നിൽക്കുന്നു. ഒരു മേഖലയിൽ മാത്രം സ്ത്രീകൾ നിസ്തുല്യരായി മുന്തി നിൽക്കുന്നു — 'അമ്മമാരായി'. ദൈവം സ്ത്രീകളെ എന്തായിരിക്കാനായി സൃഷ്ടിച്ചു എന്നതിലേക്ക് ഇതു വിരൽ ചൂണ്ടുന്നു. കൂടുതൽ പണ സമ്പാദനത്തിനായി (കൂടുതൽ ആഡംബരത്തിൽ ജീവിക്കുന്നതിന്) ജോലിക്കു പോകുന്നതിനോ, സുവിശേഷ പ്രസംഗകരായി പോകാനോ വേണ്ടി തങ്ങളുടെ കുഞ്ഞുങ്ങളെ അവഗണിച്ചിട്ടുള്ള അമ്മമാർക്ക് പിന്നീട് ഖേദിക്കേണ്ടി വന്നിട്ടുണ്ട്. തങ്ങളുടെ കുഞ്ഞുങ്ങൾ അവരുടെ ചെറിയ പ്രായത്തിൽ അവഗണിക്കപ്പെട്ടതു മൂലം ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ പിന്നീട് അവരുടെ ജീവിതത്തിൽ കഷ്ടപ്പെടുന്നതു കണ്ട് അവർക്കു സങ്കടപ്പെടേണ്ട അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്.അവർക്ക് ഇന്നു ദുഃഖിക്കാനല്ലാതെ മറ്റൊന്നിനും കഴിയുകയില്ല. ഇത് യുവതലമുറയിലെ അമ്മമാർക്ക് ഒരു മുന്ന

റിയിപ്പ് ആയിരിക്കണം. ഒരു മാതാവ് തന്റെ സാമ്പത്തിക നിലനില്പിനുവേണ്ടി ജോലിക്കു പോകേണ്ടിവന്നാൽ ദൈവം തീർച്ചയായും അങ്ങനെയുള്ള ഒരു കുടുംബത്തിന് അധികം കൃപ നൽകും. എന്നാൽ ജോലിക്കു പോകുന്നതിന്റെ ആന്തരോദ്ദേശ്യം ആഡംബരജീവിതമോ, ഉയർന്ന ജീവിത നിലവാരമോ ആണെങ്കിൽ തകർച്ച മാത്രമേ അവൾക്കു പ്രതീക്ഷിക്കാനാവൂ. കാരണം ദൈവത്തെ കബളിപ്പിക്കുവാൻ സാധ്യമല്ല (ഗലാ. 6:7, 8)

തങ്ങളുടെ വിളിയുടെ മഹത്വം കാണുവാൻ എല്ലാ അമ്മമാരുടെയും കണ്ണുകൾ തുറക്കപ്പെടട്ടെ.

**ക്രിസ്തുവിനുവേണ്ടി ഒരു സാക്ഷിയായി അവളുടെ തേജസ്**

ഒരു സ്ത്രീയുടെ ക്രിസ്തുവിനുവേണ്ടിയുള്ള പ്രാഥമിക സക്ഷ്യം, നാം നേരത്തെ കണ്ടതുപോലെ പുരുഷനു തക്കതുണയും തന്റെ കുഞ്ഞുങ്ങൾക്ക് ഒരു മാതാവും ആയിരിക്കുന്നതിലാണ്. എങ്കിലും ദൈവം അവളെ തന്റെ വായ്കൊണ്ട് ഒരു സാക്ഷിയാകുവാനും കൂടെയാണ് വിളിച്ചിരിക്കുന്നത്. ഒരു അപ്പോസ്തലനോ, പ്രവാചകനോ, സുവിശേഷകനോ, ഇടയനോ, ഉപദേഷ്ടാവോ ആയിരിക്കാനായി പുതിയ നിയമയുഗത്തിൽ ദൈവം ഒരിക്കലും സ്ത്രീയെ വിളിച്ചിട്ടില്ല.പഴയ ഉടമ്പടിയിൽ കീഴിൽ പ്രവാചകിമാർ ഉണ്ടായിരുന്നു. അവരിൽ ഒടുവിലത്തെ ആൾ ഹന്ന ആയിരുന്നു. പുതിയ നിയമത്തിൽ (പെന്തക്കൊസ്തു നാളിനുശേഷം) കാണുന്ന ഏക പ്രവാചകി, കള്ള പ്രവാചകിയായ ഇസബേൽ ആണ് (വെളി 2:20). അതുകൊണ്ട് ഒരു പ്രവാചകി എന്നോ സുവിശേഷ പ്രസംഗക എന്നോ അവകാശപ്പെടുന്ന ഏതൊരു സ്ത്രീയും ഇസബേലിന്റെ പിൻഗാമിയാണ്. ഈ വസ്തുതയെക്കുറിച്ച് ആർക്കും തെറ്റിദ്ധാരണവേണ്ട. ദൈവത്തിന്റെ എല്ലാ 'ഏലിയാവു'മാരും ഇങ്ങനെയുള്ള ഇസബേലുകളെ എതിർക്കുകയും അവരെ വെളിച്ചത്തു കൊണ്ടുവരികയും വേണം (1 രാജാ 21:20-23). പുതിയ നിയമത്തിൽ, ഫിലിപ്പോസിന്റെ പെൺമക്കൾ ചെയ്തതുപോലെ വല്ലപ്പോഴും പ്രവചിക്കാൻ കഴിയും. (എന്നാൽ ഈ സഹോദരിമാർ പ്രവാചകിമാർ ആയിരുന്നില്ല എന്ന കാര്യം വ്യക്തമാണ്. കാരണം പൗലൊസ് ഫിലിപ്പോസിന്റെ ഭവനത്തിൽ ആയിരിക്കുമ്പോൾ, അദ്ദേഹത്തിന് ഒരു സന്ദേശം നൽകാൻ ദൈവം ആഗ്രഹിച്ചപ്പോൾ അവിടുന്ന് ഫിലിപ്പോസിന്റെ നാലു പെൺമക്കളിൽ ആരെയും ഉപയോഗിച്ചില്ല. എന്നാൽ 50 മൈലുകൾക്കപ്പുറത്തു നിന്ന് അഗബൊസ് എന്ന പ്രവാചകനെ കൊണ്ടുവന്നു). യേശു ഒരിക്കലും തന്റെ അപ്പോസ്തലന്മാരിൽ ഒരാളാകാൻ ഒരു സ്ത്രീയെ വിളിച്ചില്ല. കാരണം ഒരു സ്ത്രീക്ക് പുരുഷന്റെ മേൽ അധികാരമുണ്ടാകാൻ യേശു ഒരിക്കലും ഉദ്ദേശിച്ചിരുന്നില്ല (1 തിമൊ 2:12).

മഗ്ദലക്കാരി മറിയ ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ ആദ്യത്തെ സാക്ഷിയായിരുന്നു. അവൾ ഒരു സുവിശേഷക ആയിരുന്നില്ല. എന്നാൽ താൻ കാണുകയും അനുഭവിക്കുകയും ചെയ്തവയെക്കുറിച്ച് സാക്ഷ്യം പറഞ്ഞ വിശ്വസ്തയായ ഒരു സാക്ഷിയായിരുന്നു. ക്രിസ്തവിനുവേണ്ടി അങ്ങനെ ഒരു സാക്ഷി ആകണമെങ്കിൽ ഓരോ സ്ത്രീയും പരിശുദ്ധാത്മാവിനാലും അഗ്നിയാലും അഭിഷേകം ചെയ്യപ്പെടണം (അപ്പോ. 1:8, 14) -- മറിയയും മറ്റു സ്ത്രീകളും പെന്തക്കൊസ്തു നാളിൽ ആയിരുന്നതുപോലെ. ഇന്ത്യൻ സംസ്കാരത്തിന്റെ നിയന്ത്രണങ്ങൾ ഇന്ത്യൻ സ്ത്രീകളിൽ വളരെ പേരെയും ഒരു പുരുഷന്റെ വായിൽനിന്ന് സുവിശേഷം കേൾക്കാൻ കഴിയാത്തവിധം തടയുന്നു. ഈ സാഹചര്യത്തിൽ ആത്മനിറവുള്ള





സ്ത്രീകൾക്കു മാത്രമേ അവരെ സമീപിക്കാൻ കഴിയൂ.ദൈവ ഭക്തയായ, ക്രിസ്തുവിലുള്ള ഓരോ സഹോദരിയും താനുമായി ബന്ധപ്പെടുന്ന ബന്ധുക്കൾ, കൂട്ടുകാർ, അയൽക്കാർ, വേലക്കാരികൾ മുതലായവർക്ക് സുവിശേഷം നൽകാനുള്ള ഉത്തരവാദിത്തം ഏറ്റെടുക്കണം.

തലയിൽ മൂടുപടമിടുന്ന പക്ഷം ഒരു സ്ത്രീക്കു സഭയിലും പ്രാർത്ഥിക്കുകയോ പ്രവചിക്കുകയോ ചെയ്യാം എന്ന് പുതിയ നിയമം പഠിപ്പിക്കുന്നു. (1 കൊരി. 11:5). സഭയുടെ പണിക്കുവേണ്ടി എല്ലാ സഹോദരിമാർക്കും ഏർപ്പെടാൻ കഴിയുന്ന പ്രാഥമികമായ ശുശ്രൂഷകളിൽ ഒന്നാണ് പ്രാർത്ഥന. ദൈവം തീർച്ചയായും ഇന്ന് തന്റെ ഉദ്ദേശ്യങ്ങളുടെ നിവൃത്തിക്കായി രഹസ്യപ്രാർത്ഥനകളിൽ വ്യാപൃതരാകുന്ന സ്ത്രീകൾക്കായി അന്വേഷിച്ചുകൊണ്ടിരിക്കുന്നു. സ്ത്രീകൾക്കും പ്രവചിക്കാൻ കഴിയും. ദൈവാത്മാവ് പകരപ്പെടുമ്പോൾ പുരുഷന്മാരും സ്ത്രീകളും പ്രവചിക്കുമെന്ന് അപ്പോ. പ്ര. 2:17, 18 വാക്യങ്ങൾ വ്യക്തമായി പ്രസ്താവിച്ചിരിക്കുന്നു. പുതിയ നാമത്തിൻ കീഴിൽ ഒരു സ്ത്രീക്കുള്ള പ്രത്യേകാവകാശത്തിന്റെ ഒരു ഭാഗമാണിത്. അവൾക്ക് സഭായോഗങ്ങളിൽ വിധേയത്വത്തിന്റെ ആത്മാവിൽ ദൈവവചനം പങ്കിടുവാനും സാധിക്കും. എന്നാൽ അവൾ പഠിപ്പിക്കാൻ ശ്രമിക്കരുത് (1 തിമൊ 2:12). എങ്കിലും, ഭവനത്തിലെ നടപ്പു സംബന്ധിച്ചുള്ള പ്രായോഗിക കാര്യങ്ങൾ, യൗവനക്കാരികളായ സഹോദരിമാരെ പഠിപ്പിക്കണമെന്ന് വൃദ്ധമാരെ പ്രബോധിപ്പിച്ചിരിക്കുന്നു (തീത്തോ. 2:4,5).

ദൈവം സഭയിൽ നിയമിച്ചിട്ടുള്ള വരങ്ങളിൽ ഒന്നാണ് സഹായിക്കാനുള്ള വരം (1 കൊരി 12:28). സഭയിലുള്ളവരെ വിവിധ പ്രായോഗിക മാർഗ്ഗങ്ങളിൽ തങ്ങൾക്കു സഹായിക്കാൻ കഴിയേണ്ടതിന്, യൗവനക്കാരികളും വൃദ്ധമാരുമായ എല്ലാ സഹോദരിമാരും ഈ വരത്തിനുവേണ്ടി അന്വേഷിക്കണം. ആദ്യകാലസഭയിൽ ഇങ്ങനെയുള്ള ദൈവഭക്തരായ അനേകം സഹോദരിമാർ ഉണ്ടായിരുന്നു. ('ഫേബ പലർക്കും വിശേഷാൽ എനിക്കും സഹായം ചെയ്തിരിക്കുന്നു'. റോമർ 16:1, 2, 3, 6, 12 എന്നീവാക്യങ്ങൾ കൂടെ കാണുക.) അതുപോലെ ഇന്നും സഭയിൽ ഇങ്ങനെയുള്ള ധാരാളം പേർ ഉണ്ടാകണമെന്ന് ദൈവം ആഗ്രഹിക്കുന്നു.

സ്ത്രീ തലയിൽ മൂടുപടമിടുക (1 കൊരി 11:1-16 വാക്യങ്ങളിൽ പഠിപ്പിക്കുന്നു) എന്നത് താഴെ പറയുന്ന മൂന്നു കാര്യങ്ങളുടെ പ്രതീകമായിട്ടാണ്.

1. പുരുഷന്റെ തേജസ് സഭയിൽ മറയ്ക്കപ്പെടേണ്ടതാണ്. (വാ. 7)

2. സ്ത്രീയുടെ തേജസ്സും സഭയിൽ മറയ്ക്കപ്പെടേണ്ടതാണ് (വാ. 15) കാരണം ഒരു സ്ത്രീയുടെ നീണ്ടമുടി അവളുടെ തേജസാണ്.

3. അവൾ പുരുഷന്റെ അധികാരത്തിന് വിധേയയാണ് (വാ. 10). അത് ഭർത്താവോ, പിതാവോ, മൂപ്പനോ ആകാം.

ഒരു സ്ത്രീ അവളുടെ വസ്ത്രധാരണത്തിലൂടെയും ക്രിസ്തുവിനുവേണ്ടി സാക്ഷിയായിരിക്കേണ്ടതാണ്. ലജ്ജാശീലത്തോടും സുബോധത്തോടും വസ്ത്രധാരണം ചെയ്യണം എന്ന് പരിശുദ്ധാത്മാവ് സ്ത്രീകളെ ഉത്സാഹിപ്പിക്കുന്നു. അവർ ദയയും നന്മയും ഉള്ളവരായിരിക്കുന്നു എന്നതിനാലാണു ക്രിസ്തീയ വനിതകൾ ശ്രദ്ധിക്കപ്പെടേണ്ടത്. തലമുടി പിന്നുന്നവിധം, ആഭരണങ്ങൾ, വിലയേറിയ വസ്ത്രങ്ങൾ എന്നിവ നിമിത്തമല്ല അവൾ ശ്രദ്ധിക്കപ്പെടേണ്ടത് (1 തിമൊ 2:9, 10 .1 പത്രോ. 3:3). വസ്ത്രങ്ങൾ സ്ത്രീയുടെ ശരീരം മറയ്ക്കുന്നതിന് ഉദ്ദേശിച്ചുള്ളതാണ്. അല്ലാതെ അതു പ്രദർശിപ്പിക്കാനല്ല. ദൈവഭയമുള്ള ഒരു സഹോ

ദരിയും അവളുടെ വസ്ത്രങ്ങൾ ലൗകിക സ്ത്രീകളുടെ പരിഷ്കാരത്തിനനുസരിച്ച് വെട്ടിരൂപപ്പെടുത്തുവാൻ ഒരിക്കലും അനുവദിക്കുകയില്ല.താഴ്ത്തി ഉടുക്കുന്ന സാരിയും ഇറക്കിവെട്ടിയ ബ്ലൗസും ഒക്കെ ലൗകികവനിതകളുടെ അടയാളങ്ങളാണ്. അല്ലാതെ യേശുക്രിസ്തുവിന്റെ ശിഷ്യരുടെ അടയാളങ്ങളല്ല (ദൈവം സീയോനിലെ ലൗകിക പുത്രിമാരുടെ വസ്ത്രപരിഷ്കാരങ്ങളെ എങ്ങനെ ആക്ഷേപിച്ചിരിക്കുന്നു എന്നു കാണുവാൻ യെശ 3:16 -24 ശ്രദ്ധിച്ചു വായിച്ചു നോക്കുക).

സ്ത്രീ പുരുഷന്മാർക്കിടയിൽ ദൈവം നിയമിച്ചിരിക്കുന്ന അന്തരം നശിപ്പിക്കുവാൻ സാത്താൻ താത്പര്യമുള്ളവനാണ്. 21-ാം നൂറ്റാണ്ടിന്റെ സ്ത്രീകളെ പലവിധത്തിലും പുരുഷന്മാരെപ്പോലെ പ്രവർത്തിക്കുവാനും പെരുമാറുവാനും സാത്താന് ഇന്നു ലഭ്യമായിരിക്കുന്നു.കീഴടക്കിഭരിക്കുന്ന ഭാര്യമാരും മതപ്രഭാഷകരായ സ്ത്രീകളും എല്ലാം ഇന്നു ക്രിസ്തീയഗോളത്തിലെ സ്ത്രീകൾ ദൈവത്തിൽനിന്നും ദൈവവചനത്തിൽ നിന്നും കൂടുതൽ കൂടുതൽ ദൂരത്തേക്ക് അകന്നു എന്നതിന്റെ സൂചനയാണ്.

ഇതിന്റെ എല്ലാം മദ്ധ്യത്തിൽ ദൈവം തന്റെ വചനത്തിൽ ഇട്ടിരിക്കുന്ന അതിരിനുള്ളിൽ നിന്നുകൊണ്ട് തങ്ങളുടെ ജീവിതത്തിലുടനീളം സ്ത്രീത്വത്തിന്റെ യഥാർത്ഥ മഹത്വം വെളിപ്പെടുത്തുന്ന സ്ത്രീകളെ ദൈവത്തിനാവശ്യമുണ്ട്. ഈ അന്ത്യനാളുകളിൽ പാപകരമായതും വ്യഭിചാരമുള്ളതുമായ തലമുറയുടെയും ഒത്തു തീർപ്പ് ക്രിസ്തീയതയുടെയും മദ്ധ്യത്തിൽ നിങ്ങൾ ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള ഒരു സ്ത്രീ ആയിരിക്കും എന്നു പൂർണ്ണഹൃദയത്തോടുകൂടെ തീരുമാനിക്കുക.നിങ്ങൾ ഇത് നിങ്ങൾക്കുവേണ്ടി തന്നെ ആത്മാർത്ഥമായി ആഗ്രഹിച്ചാൽ ദൈവം വേണ്ട കൃപ നൽകും.

**മൊഴിമാറ്റം: സൂസമ്മ ജേക്കബ്**

❖


**Form IV (See Rule 8)**

**STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT JEEVAMOZHIKAL**

| | | | |
|---|---|---|---|
| 1 | Place of Publication | : | Kottayam |
| 2 | Periodicity | : | Monthly |
| 3 | Printers Name | : | Sunny Varghese |
| | Whether citizen of India | : | Yes |
| | Address | : | Pemalavadakethil Ettumanoor P.O Kottayam 686 631 |
| 4 | Publisher's Name | : | Sunny Varghese |
| | Whether citizen of India | : | Yes |
| | Address | : | Pemalavadakethil Ettumanoor P.O Kottayam 686 631 |
| 5 | Editor's Name | : | Geoji T. Samuel |
| | Whether citizen of India | : | Yes |
| | Address | : | 'Ardram' C.A.C Campus Kumaranallur P. O. Kottayam - 16 |

6 Name Address of the firm, who owns the News paper & holding more than one percent of the total capital:

Christian Fellowship Trust
Kottayam - 16

I, Sunny Varghese hereby declare that the particulars given above are true to the best of my knowledge and belief.

Sd/-






അനുഭവം

# ഓരോ ചുവടിലും അനുസരണം

## അദ്ധ്യായം-20

കഥ ഇതുവരെ

*വെയിൽസിലെ ക്രിസ്തീയകുടുംബത്തിൽ ജനിച്ചുവളർന്ന റീസ് ഹൊവൽസ് പൂർണമായി തന്നെത്തന്നെ പരിശുദ്ധാത്മാവിനായി നൽകി.റീസിനെ പരിശുദ്ധാത്മാവ് അസാധാരണമായ ശുശ്രൂഷകളിലേക്ക് നയിച്ചു. തന്റെ നാട്ടിലും അയൽഗ്രാമത്തിലും ഉള്ള പലർക്കുവേണ്ടി റീസ് മധ്യസ്ഥത ചെയ്തു. അവരെയെല്ലാം ദൈവം വിടുവിച്ചു. എന്നാൽ അയൽ ഗ്രാമത്തിലെ ക്ഷയരോഗിണിയായ സഹോദരിക്കുവേണ്ടി ദൈവഹിതപ്രകാരം റീസ് മധ്യസ്ഥത ചെയ്തെങ്കിലും ഒടുവിൽ അവർ മഹത്വത്തിലേക്കു പ്രവേശിച്ചു.ലണ്ടനിലെ ഗോസറ്റിന്റെ മകന്റെ മാനസാന്തരത്തിനുവേണ്ടി നാസീർവ്രതസ്ഥനെപ്പോലെ പ്രാർത്ഥിച്ചു.ഒടുവിൽ മറുപടി കിട്ടി. റീസ് കൽക്കരിഖനി വിട്ടു.സ്നേഹിതൻ ജോയ്ക്കുവേണ്ടി മധ്യസ്ഥത ചെയ്തു.അദ്ഭുതസൗഖ്യം ലഭിച്ചു.വിവാഹിതനായി.ആഫ്രിക്കയ്ക്കു പോകാൻ അവർ സമർപ്പിച്ചു..*

## 'നിങ്ങൾ വിശ്വാസത്തിന്റെ ക്യൂവിലാണ്'

ട്രെയിൻ വരാൻ അല്പസമയം കൂടിയുണ്ട്. രണ്ടുപേർക്കു ലണ്ടനിലേക്കുള്ള ടിക്കറ്റ് എടുത്തു കഴിഞ്ഞപ്പോൾ റീസിന്റെ കയ്യിൽ അവശേഷിച്ചത് വെറും അഞ്ചു ഷില്ലിങ്ങുകൾ മാത്രം.

റീസിന് ഇതിൽ അസാധാരണത്വമൊന്നും തോന്നിയില്ല. പലയാത്രകളും ഇങ്ങനെയൊക്കെത്തന്നെയാണ്. ഇതിനെക്കാൾ കുറഞ്ഞ ചില്ലറ കയ്യിൽ വച്ചുകൊണ്ട്, അല്ലെങ്കിൽ കയ്യിൽ ഒന്നും ഇല്ലാതെ തന്നെ, റീസ് ഏറെ യാത്രകൾ നടത്തിയിട്ടുണ്ട്.

പക്ഷേ ഇത്തവണ കാര്യങ്ങൾ അല്പം കൂടി വ്യത്യസ്തമാണ്. വീട്ടിൽ ആകെ രണ്ടു പൗണ്ടു മാത്രമാണുണ്ടായിരുന്നത്. വീട്ടാവശ്യത്തിന് എലിസബത്തിന് ആ രണ്ടു പൗണ്ടും വേണമായിരുന്നു. അപ്പോഴാണ് ലണ്ടനിൽ, ദക്ഷിണാഫ്രിക്ക ജനറൽ മിഷന്റെ ഓഫീസിൽ, എത്താൻ അറിയിപ്പു വന്നത്.മധ്യസ്ഥപ്രാർത്ഥനയുടെ ഫലമായി അദ്ഭുത രോഗസൗഖ്യം നേടിയ ജോ ഇവാൻസിനെയും കൂട്ടിക്കൊണ്ട് ഉടൻ ചെല്ലണമെന്നായിരുന്നു അറിയിപ്പ്.

'ആദ്യ ആവശ്യത്തിന് ആദ്യ പരിഗണന' എന്നതായിരുന്നു വീട്ടിലെ നിയമം. അതനുസരിച്ച് ആ രണ്ടു പൗണ്ടും എടുത്ത് ജോയെയും കൂട്ടി ട്രെയിൻ പിടിക്കാൻ ധൃതിയിൽ പോരുകയായിരുന്നു. പോരുമ്പോൾ തപാൽ വന്നിരുന്നില്ല. ഇപ്പോൾ തപാൽ ഉരുപ്പടികൾ വന്നപ്പോൾ അതിൽ പണം വല്ലതും വന്നുകാണുമായിരിക്കുമോ? റീസ് ഓർത്തു നിന്നു.

പൊടുന്നനെ ട്രെയിൻ വന്നു. "വരൂ..... ആലോചിച്ചു നിന്നാൽ ട്രെയിൻ പോകും' ജോ ഇവാൻസ് തിരക്കു കൂട്ടി.

ലണ്ടൻ. ദക്ഷിണാഫ്രിക്ക ജനറൽ മിഷന്റെ ഓഫീസിൽ, മിഷന്റെ അധ്യക്ഷനും കെസ്‌വിക്ക്, ലാൻഡ്രിൻഡോഡ് കൺവൻഷനുകളുടെ ചെയർമാനുമായ ആൽബർട്ട് ഹെഡ് ആയിരുന്നു പ്രധാനമായും ഉണ്ടായിരുന്നത്. മിഷൻ കൗൺസിൽ റീസിനെ ഇന്റർവ്യൂ ചെയ്തു. ജോയുടെ സൗഖ്യത്തിന്റെ കഥ കേട്ടു. ഒടുവിൽ മിഷൻ കൗൺസിൽ കൂടിയാലോചനയ്ക്കുശേഷം വിവരം അറിയിച്ചു —റീസ് ദമ്പതികളെ ആഫ്രിക്കയിലെ മിഷൻ ഫീൽഡിലേക്കു തിരഞ്ഞെടുത്തിരിക്കുന്നു!

അടുത്ത ദിവസം ഹെഡിന്റെ ചുമതലയിൽ റീസിനുവേണ്ടി ഒരു യോഗം സംഘടിപ്പിക്കപ്പെട്ടു. മധ്യസ്ഥപ്രാർത്ഥനയെക്കുറിച്ച് അനുഭവങ്ങളുടെ വെളിച്ചത്തിൽ സംസാരിക്കാൻ റീസിനോട് ആവശ്യപ്പെട്ടു.മീറ്റിംഗ് അനുഗ്രഹപ്രദമായിരുന്നു. പിറ്റേന്ന് റീസ് നാട്ടിലേക്കു മടങ്ങാൻ നേരത്ത് ഹെഡ്, റീസിന്റെ കരം ഗ്രഹിച്ചു: “റീസ്, ഞാൻ ഈ മിഷന്റെ ചുമതലക്കാരനാണെങ്കിലും വ്യക്തിപരമായി ഒരു മിഷനറിയെ ഇതുവരെ സ്പോൺസർ ചെയ്തിട്ടില്ല. ഇപ്പോൾ മീറ്റിംഗിൽ ദൈവം എന്നോടു സംസാരിച്ചു. നിങ്ങളെ ഞാൻ തന്നെ സ്പോൺസർ ചെയ്യാം. അതിനു മറ്റാരുമില്ല. ആട്ടെ, നിങ്ങൾ ആഫ്രിക്കയിൽ പോയി സുവിശേഷം അറിയിക്കുക.ഞാൻ ഇവിടെയിരുന്ന് ആ കൊയ്ത്തിൽ പങ്കാളി ആയിക്കൊള്ളാം.”

മടങ്ങുന്നതിനുമുൻപ് റീസിനും ജോ ഇവാൻസിനും സുഹൃത്തുക്കൾ ഹോട്ടലിൽ ഉച്ചഭക്ഷണം ക്രമീകരിച്ചിരുന്നു. ഭക്ഷണം കഴിഞ്ഞു ട്രെയിൻ കയറുന്നതിനു മുൻപ് അവർ ഒരു കവർ റീസിന്റെ കയ്യിൽ പിടിപ്പിച്ചു. പാഡിങ്ടണിൽ വച്ച് കവർ തുറന്നു നോക്കിയപ്പോൾ അതിൽ അഞ്ചു പൗണ്ട്! അഞ്ചു ഷില്ലിങ്ങുമായി ലണ്ടനിൽ കാലുകുത്തിയവർ അഞ്ചു പൗണ്ടുമായി മടങ്ങുവാൻ ദൈവം ഇടയാക്കി. “പച്ചവെള്ളത്തെ വീഞ്ഞാക്കിയപ്പോൾ എന്താ സംഭവിച്ചത്? അതിന്റെ നിറം മാറി. ഇവിടെയും അതേ കാര്യം. അഞ്ചു ഷില്ലിങ്ങിനെ നിറം മാറ്റി അഞ്ചു പൗണ്ടാക്കി.”-ഇങ്ങനെയാണ് ജോ ഇവാൻസ് ആ സംഭവത്തെ വിലയിരുത്തിയത്.

റീസ് തിരിച്ചു വീട്ടിലെത്തിയപ്പോൾ എലിസബത്തിനും ഒരത്ഭുത കഥ പറയാനുണ്ടായിരുന്നു. വീട്ടാവശ്യത്തിനു രണ്ടു പൗണ്ട് അത്യാവശ്യമായിരിക്കുമ്പോഴാണല്ലോ ആകെയുണ്ടായിരുന്ന രണ്ടു പൗണ്ട് ടിക്കറ്റിനായി എടുത്ത് റീസും ജോയും ലണ്ടനിലേക്കു യാത്രയായത്.അവർ പോയി അരമണിക്കൂർ കഴിഞ്ഞു തപാൽ വന്നു. അതിൽ ഒരു കവറിൽ ഉണ്ടായിരുന്നത് കൃത്യം രണ്ടു പൗണ്ട്!“പരിശോധനകളെപ്പോലെ നമ്മുടെ വിശ്വാസത്തെ ശക്തിപ്പെടുത്താൻ ഈ ലോകത്തിൽ മറ്റെന്താണുള്ളത്?”-റീസ് ചോദിക്കുന്നു.

ആഫ്രിക്കയിലേക്കു പോകുന്നതിനു മുൻപു റീസിനും എലിസബത്തിനും ചില പരിശീലനങ്ങൾ ആവശ്യമായിരുന്നു.അതിനായി ഇരുവരും സ്കോട്ലൻഡിൽ എത്തി. അവിടെ ഫെയ്ത്ത് മിഷനിൽ ഒരു വർഷത്തെ പരിശീലനത്തിന് എലിസബത്ത് ചേർന്നു.അവളെ അവിടെ ആക്കിയശേഷം റീസ് ലണ്ടനിലെത്തി ലിവിങ്സ്റ്റൺ കോളജിൽ ഒൻപതുമാസത്തെ മെഡിക്കൽ കോഴ്സിൽ ചേർന്നു പഠനം തുടങ്ങി. രണ്ടുപേർ രണ്ടു സ്ഥലത്ത്. മകൻ സാമുവൽ വളർത്തപ്പന്റെയും അമ്മയുടെയും ഒപ്പം.

ഏതായാലും റീസും എലിസബത്തും ദൈവകരുതലും നടത്തിപ്പും വ്യക്തിപരമായി അറിഞ്ഞാണു രണ്ടിടത്തായി ജീവിച്ചത്.വിശ്വാസത്തിന്റെ പരിശോധനകൾ ഇരുവർക്കും ഉണ്ടായി; വിടുതലും. ഹരോൾഡായിരുന്നു ലിവിങ്സ്റ്റൺ കോളജിൽ റീസിന്റെ ഏറ്റവും പ്രിയപ്പെട്ട സഹപാഠി (ഒരു വേദാധ്യാപകൻ എന്ന നിലയിൽ പിന്നീട് ഇദ്ദേഹം പ്രശസ്തനായി). ഹോസ്റ്റലിൽ അടുത്തടുത്ത മുറികളിലാണു ഇരുവരും താമസം. രാവിലെ അഞ്ചുമണിക്ക് എഴുന്നേറ്റു പ്രാർത്ഥിക്കാൻ, ആരാണോ ആദ്യം ഉണരുന്നത് അയാൾ മറ്റെയാളെ ഉണർത്താൻ ഇടഭിത്തിയിൽ തട്ടും- ഇതായിരുന്നു രീതി.

എലിസബത്തും ഇതേ സമയം സ്കോട്ലൻഡിൽ വിശ്വാസത്തിന്റെ പാഠങ്ങൾ പഠിക്കുകയായിരുന്നു. റീസ് ഒരിക്കലും പണം അയച്ചു കൊടുത്തില്ല. എലിസബത്തിന്റെ ആവശ്യങ്ങളെല്ലാം സ്കോട്ലൻഡിൽ ദൈവം തന്റെ മഹത്വത്തിന്റെ ധനത്തിനൊത്തവണ്ണം നിറവേറ്റിക്കൊടുത്തു.

ഇങ്ങനെയിരിക്കെ റീസിനു ചില ദിവസങ്ങൾക്കുള്ളിൽ 20 പൗണ്ട് ഒന്നിച്ചുവേണ്ടിവരുന്ന ഒരു സാഹചര്യമുണ്ടായി. എലിസബത്തിനു ലണ്ടനിലെ സിറ്റി റോഡ് ഹോസ്പിറ്റലിൽ മറ്റേണിറ്റി കോഴ്സിനു തുടർന്നു പഠിക്കേണ്ടതിന്റെ ആവശ്യത്തിലേക്കായിരുന്നു അത്.റീസിന്റെ ഒരു സഹപാഠിയായി കേംബ്രിജിൽ നിന്നും ബിരുദം നേടിയ ഒരാൾ ഉണ്ടായിരുന്നു. തന്റെ ജീവിതത്തിലൊരിക്കലും കൃത്യവും വ്യക്തവുമായി മറുപടി കിട്ടിയ ഒരു പ്രാർത്ഥനപോലും പ്രാർത്ഥിച്ചതായി ഓർമ്മയില്ലെന്ന് അദ്ദേഹം പറയുമായിരുന്നു. അതുകൊണ്ട് റീസ് 20 പൗണ്ടിനുവേണ്ടി പ്രാർത്ഥിക്കാൻ തുടങ്ങിയപ്പോൾ ഈ സഹപാഠിയെ കൂടി തന്റെ പ്രാർത്ഥനാ പോരാട്ടത്തിൽ പങ്കാളിയാക്കാൻ തീരുമാനിച്ചു. കിട്ടാൻ പോകുന്ന പണത്തിനുവേണ്ടി മുട്ടിപ്പായി പ്രാർത്ഥിക്കുന്ന കാര്യം ഈ സഹപാഠിക്ക് അപരിചതമായിരുന്നു. എങ്കിലും റീസിനോടൊത്ത് ഈ കാര്യത്തിൽ സഹകരിക്കാമെന്ന് അദ്ദേഹം സമ്മതിച്ചു. അവരവരുടെ മുറിയിൽ ഒറ്റയ്ക്ക് ഒരു ദിവസം ഉച്ചകഴിഞ്ഞു രണ്ടു മണിക്കൂർ പ്രാർത്ഥിക്കാൻ ഇരുവരും തീരുമാനിച്ചു. രണ്ടു മണിക്കൂർ കഴിഞ്ഞപ്പോഴേക്കും ആ ചെറുപ്പക്കാരൻ ആകെ മടുത്തുപോയി! സമയം ഇങ്ങനെ ഇഴഞ്ഞാണു പോകുന്നതെന്ന് ഇതിനു മുൻപൊരിക്കലും അദ്ദേഹത്തിനു തോന്നിയിട്ടില്ല. രണ്ടു മണിക്കൂർ, രണ്ടുമാസം പോലെയാണ് അദ്ദേഹത്തിന് അനുഭവപ്പെട്ടത്. എന്നാൽ രണ്ടു മണിക്കൂർ അന്നു പ്രാർത്ഥിച്ചിട്ടും പ്രാർത്ഥനാവിഷയത്തിൽ മറുപടി കിട്ടിയതായി റീസിനു ബോധ്യപ്പെട്ടില്ല. അതുകൊണ്ട് വൈകുന്നേരം വീണ്ടും രണ്ടുമണിക്കൂർ ഇതിനായി പ്രാർത്ഥിക്കാമെന്നു സ്നേഹിതനോടു പറഞ്ഞു.

“എന്ത്! ഇരുപതു പൗണ്ടിനുവേണ്ടി രണ്ടും രണ്ടും നാലുമാസം കഠിനാധ്വാനം ചെയ്യാനോ!” ഇതായിരുന്നു സഹപാഠിയുടെ ആദ്യ പ്രതികരണം. എങ്കിലും റീസിനോടുള്ള താത്പര്യം മൂലം വീണ്ടും പ്രാർത്ഥിക്കാമെന്ന് അദ്ദേഹം സമ്മതിച്ചു. എന്നാൽ ഇത്തവണ രണ്ടു മണിക്കൂർ പ്രാർത്ഥന തീരുന്നതിനുമുൻപുതന്നെ മറുപടി കിട്ടിയതായി റീസിനു ബോധ്യമായി.റീസ് സഹപാഠിയുടെ മുറിയിലെത്തി.പ്രാർത്ഥന നിർത്തിക്കോളാൻ പറഞ്ഞു.

“പണം കിട്ടിയോ?” സഹപാഠിയുടെ ആകാംക്ഷ നിറഞ്ഞ ചോദ്യം.

“ഇല്ല. പക്ഷേ എനിക്കു വിശ്വാസം ലഭിച്ചു. ഇനി പണം വന്നുകൊള്ളും” — റീസിന്റെ മറുപടി.

രാത്രി വീണ്ടും അവരൊന്നിച്ചു നടക്കാനിറങ്ങി. നടക്കുന്നതിനിടയിൽ സഹപാഠി പെട്ടെന്നു നിന്നു പൊട്ടിച്ചിരിക്കാൻ തുടങ്ങി.

“എന്താ സുഹൃത്തേ, ചിരിക്കുന്നത്?” — റീസു ചോദിച്ചു.

“ഓ, മറ്റൊന്നുമല്ല. ആ ഇരുപതു പൗണ്ടുമായി വരുന്ന ആ ചങ്ങാതിയെക്കുറിച്ച് ഓർത്തപ്പോൾ ചിരിച്ചു പോയതാ.”


ജീവമൊഴികൾ

രണ്ടു ദിവസം കഴിഞ്ഞപ്പോൾ റീസിന് 20 പൗണ്ടു ലഭിച്ചു. പത്തു പൗണ്ടിന്റെ രണ്ടു നോട്ടുകൾ. റീസ് നോട്ടുമായി സഹപാഠിയുടെ മുറിയിൽ ചെന്ന് അവനെ കാണിച്ചു. ഇരുവർക്കുമുണ്ടായ സന്തോഷം പറഞ്ഞറിയിക്കാനാവില്ല. പണത്തെക്കാൾ പ്രാർത്ഥന കേൾക്കുന്ന ഒരു ദൈവം ഉണ്ട് എന്ന ഉറപ്പ് റീസിന്റെ സതീർത്ഥ്യനെ ധൈര്യപ്പെടുത്തി.

റീസിന്റെ ഈ നിലയിലുള്ള ‘പ്രാർത്ഥനാപരീക്ഷണങ്ങൾ’ കോളജിലും പലർക്കും അറിയാമായിരുന്നു. അതുകൊണ്ട് കോളജ് പ്രിൻസിപ്പലിന് ആരെങ്കിലും അതിഥികൾ ഉണ്ടാകുമ്പോൾ അദ്ദേഹം റീസിനേയും വൈകുന്നേരത്തെ ചായയ്ക്കു വിളിക്കും. എന്നിട്ട് റീസിനോട് തന്റെ അനുഭവങ്ങൾ വിവരിക്കാൻ പറയും — ഇതായിരുന്നു രീതി.

റീസ് എന്തിനാണു വൈദ്യശാസ്ത്രം പഠിക്കുന്നതെന്നു പലരും അത്ഭുതത്തോടെ ചോദിക്കുമായിരുന്നു. പ്രാർത്ഥിച്ചു പ്രകൃത്യതീതമായി രോഗസൗഖ്യം നേടിയെടുക്കുന്ന റീസ് എന്തിനാണു മെഡിസിൻ പഠിക്കുന്നതെന്നായിരുന്നു അവരുടെ അദ്ഭുതം. എന്നാൽ വസ്തുത ഇതാണ്: റീസ് ഒരിക്കലും വൈദ്യശാസ്ത്രത്തിനോ മരുന്നു ചെയ്യുന്നതിനോ എതിരല്ലായിരുന്നു. ‘മനുഷ്യന്റെ കഴിവിന്റെ പരിമിതിയിലെത്തുമ്പോഴാണു ദൈവം പ്രവർത്തിക്കുന്നത്’ — ഇതായിരുന്നു മധ്യസ്ഥ പ്രാർത്ഥന സംബന്ധിച്ച റീസിന്റെ തത്ത്വം.വൈദ്യശാസ്ത്രം പരാജയപ്പെട്ടിടത്താണു റീസ് പലപ്പോഴും പ്രാർത്ഥിച്ചു വിജയം നേടിയിട്ടുള്ളതും.

മരുന്നു ചെയ്യേണ്ട എന്നു തീരുമാനിച്ച ഒരു സന്ദർഭം മാത്രമേ റീസിന്റെ ഓർമ്മയിലുള്ളൂ. സാമുവൽ ജനിച്ച് എലിസബത്ത് രോഗിയായി മാറിയരംഗമായിരുന്നു അത്. എലിസബത്ത് മരുന്ന് ഉപയോഗിക്കേണ്ട എന്നാണ് ആ സന്ദർഭത്തിൽ റീസിനു ലഭിച്ച ബോധ്യം. ‘‘അതു ശരിക്കും ഒരു പരിശോധനയായിരുന്നു. എനിക്കു വിശ്വാസത്തിന്റെ പോരാട്ടം. അവൾക്കു മരണത്തോടുള്ള പോരാട്ടം. എന്നാൽ ഞാൻ എന്റെ നിലപാടു മാറ്റിയില്ല. കർത്താവ് എന്നോട് പറഞ്ഞത് ഞാൻ അവളോടു പറഞ്ഞു: “നീ മരുന്നെടുക്കേണ്ട. നീ മരിക്കുകയില്ല.” അങ്ങനെയിരിക്കെ ഞങ്ങൾ ഞങ്ങളുടെ കഴിവിന്റെ അന്ത്യത്തിലെത്തിയപ്പോൾ ഒരു ദിവസം രാവിലെ ഞങ്ങൾ ബൈബിൾ വായിക്കുമ്പോൾ ‘ദൈവത്തിൽ വിശ്വാസമുള്ളവരായിരിപ്പിൻ’ എന്ന ഭാഗം ഞങ്ങളുടെ കണ്ണിനു മുൻപിൽ തിളങ്ങിത്തുടങ്ങി. ഞങ്ങൾ അതു വിശ്വസിച്ചു. അന്നു മുതൽ അവളുടെ സ്ഥിതിക്കു വ്യത്യാസം വന്നു.”

വൈദ്യ പരിശീലനവും മരുന്നും തന്നെ മിഷൻ ഫീൽഡിൽ വളരെ സഹായിച്ചതായാണു റീസിനു പറയാനുള്ളത്. എഡിൻബറോയിലും ലണ്ടനിലും ഇരുവരും പഠനം പൂർത്തിയാക്കിയശേഷം റീസ് ഒരു ഡോക്ടറുടെ ഡിസ്പെൻസറിയിൽ ആറു മാസം പ്രായോഗിക പരിശീലനം നേടി. എലിസബത്ത് മറ്റേണിറ്റി കോഴ്സും പാസ്സായി. ഈ പരിശീലനങ്ങൾ ആഫ്രിക്കയിൽ അവരെ ഏറെ സഹായിച്ചു.

പരിശീലനം എല്ലാം പൂർത്തിയായപ്പോൾ അവർ നാട്ടിലേക്കു തിരിച്ചു പോയി.ചില ദിവസങ്ങൾ കഴിഞ്ഞപ്പോൾ ആഫ്രിക്കയിലേക്കു യാത്ര തിരിക്കേണ്ട സമയമായി. ആഫ്രിക്കയിലേക്കു കപ്പൽ കയറുന്നതിന് ലണ്ടനിലേക്കു വരാനുള്ള യാത്രക്കൂലി ഇരുവർക്കും മിഷൻ കേന്ദ്രത്തിൽ നിന്ന് അയച്ചു കൊടുത്തിരുന്നു. എന്നാൽ പെട്ടെന്ന് പണത്തിന് ഒരത്യാവശ്യം വന്നു. ‘ആദ്യത്തെ ആവശ്യത്തിന് ആദ്യപരിഗണന’ എന്ന നിയമം അവിടെയും റീസ് പ്രായോഗികമാക്കി. ചുരുക്കത്തിൽ ലണ്ടനിലേക്കുള്ള രണ്ടുപേരുടെ യാത്രാക്കൂലിയുടെ കരുതൽ ശേഖരം നഷ്ടമായി. ഇതേപ്പറ്റി റീസിനു പറയാനുള്ളത് ഇങ്ങനെയാണ്:





“ദൈവത്തിന്റെ പരിശോധനകളിൽ നിന്നു രക്ഷപ്പെടാൻ പണം കരുതിവയ്ക്കുന്ന രീതിയും ഉണ്ടല്ലോ. എന്നാൽ ദൈവത്തിലുള്ള വിശ്വാസത്താൽ ഞങ്ങൾ ആദ്യ ആവശ്യത്തിന് ആ പണം ചെലവഴിച്ചു. യാത്രയ്ക്കും മറ്റുമുള്ള പണം മിഷൻ കേന്ദ്രത്തിൽ നിന്നു ലഭിച്ച കാര്യം നാട്ടിൽ എല്ലാവർക്കും അറിയാമായിരുന്നു. അതുകൊണ്ടുതന്നെ ആരും സംഭാവനയായി എന്തെങ്കിലും തരുമെന്നു പ്രതീക്ഷിക്കാനും നിവൃത്തിയില്ലായിരുന്നു. ഞങ്ങളാകട്ടെ ആവശ്യങ്ങൾ ദൈവത്തെയല്ലാതെ ആരെയും അറിയിക്കുകയില്ലെന്ന നിലപാടിൽ ഉറച്ചു നിൽക്കുന്നവരും. ഞങ്ങൾ ലണ്ടനിലേക്കു തിരിക്കുന്നതിന്റെ തലേദിവസം കൃത്യമായി പണം ലഭിക്കുമെന്നു ഞങ്ങൾക്ക് ഉറപ്പായിരുന്നു. പക്ഷേ തലേന്ന് അവസാനത്തെ തപാൽ പൊട്ടിച്ചു നോക്കിയിട്ടും അതിലെങ്ങും ആരും പണം അയച്ചിട്ടില്ല.പിറ്റേന്ന് ആദ്യ തപാൽ വരുന്നതിനു മുൻപു ഞങ്ങൾക്കു ട്രെയിൻ കയറുകയും വേണം. പോകണം. പോകാതിരിക്കാനാവില്ല. പക്ഷേ കയ്യിൽ പണമില്ല.ആരോടും പറയാനും പാടില്ല. എന്തു ചെയ്യും?

ഈ സാഹചര്യത്തിൽ അമ്മാവനോടും അമ്മാവിയോടും കൊച്ചു സാമുവലിനോടും യാത്ര പറയാൻ വിചാരിച്ചത്രബുദ്ധിമുട്ട് ഉണ്ടായിരുന്നില്ല.കാരണം ചിന്തകൾ മറ്റൊരു നീറുന്ന പ്രശ്നത്തിനു ചുറ്റും വലം വയ്ക്കുകയായിരുന്നല്ലോ. ദൈവം പലപ്പോഴും ഇങ്ങനെതന്നെയാണു പെരുമാറുന്നത്.ഒരു വലിയ പ്രശ്നത്തിന്റെ തീവ്രത കുറയ്ക്കാൻ മറ്റൊരു പ്രശ്നത്തെ സജീവമാക്കും! ട്രെയിൻ കയറേണ്ടതിന്റെ തലേന്ന് അമ്മാവന്റെ വീട്ടിലെത്തി അവരോടും കൊച്ചു സാമുവലിനോടും യാത്ര പറഞ്ഞ് രാത്രി മടങ്ങിയെത്തിയിട്ടും പണം കിട്ടിയിട്ടില്ല.

ഇനി പിറ്റേന്നു രാവിലെ എന്തെങ്കിലും അദ്ഭുതകരമായി സംഭവിക്കും എന്ന പ്രതീക്ഷയോടെ ഞങ്ങൾ ഉറങ്ങാൻ കിടന്നു.

നേരം വെളുത്തു.പോകേണ്ട സമയമായി. മാതാപിതാക്കളോടും സഹോദരങ്ങളോടും യാത്രപറയാനും വിചാരിച്ചത്ര പ്രയാസമില്ലായിരുന്നു. കാരണം പണമില്ലാതെ റയിൽവേസ്റ്റേഷനിലേക്കു പോകണമല്ലോ എന്ന ചിന്തയ്ക്കായിരുന്നു പ്രാധാന്യം.

ഒടുവിൽ വീട്ടിൽനിന്നു റയിൽവേസ്റ്റേഷനിലേക്ക്.അവിടെ പ്ലാറ്റ്ഫോമിൽ ചെന്നു നില്ക്കുമ്പോൾ ആരെങ്കിലും വേണ്ട പണം കൊണ്ടുത്തരും എന്നായിരുന്നു അടുത്ത ചിന്ത. പക്ഷേ അതും വൃഥാവായി. വണ്ടിവരാൻ സമയമായി. അവസാന നിമിഷം കയ്യിലുള്ള ചില്ലറ എണ്ണിനോക്കി.പത്തു ഷില്ലിങ്ങുണ്ട്. ഞങ്ങളുടെ സ്ഥലത്തുനിന്ന് 20 മൈൽ അകലെയുള്ള ലാനെല്ലി റയിൽവേസ്റ്റേഷനിലേക്കു രണ്ടു ടിക്കറ്റെടുക്കാൻ ഈ തുക മതി. പിന്നെ മടിച്ചു നിന്നില്ല. അങ്ങോട്ടു രണ്ടു ടിക്കറ്റെടുത്തു. അവിടെ ചെല്ലുമ്പോൾ ദൈവം വഴി തുറക്കും. അപ്പോൾ തൊട്ടു പുറകെയുള്ള ട്രെയിനിൽ ലണ്ടനിലേക്ക് അവിടെ നിന്നു കയറാം.

ലണ്ടനിലേക്കുള്ള ട്രെയിൻ വന്നപ്പോൾ ഞങ്ങൾ ലാനെല്ലിയിലേക്കു പോകുന്നതറിഞ്ഞു ചില സുഹൃത്തുക്കളും ഒപ്പം വന്നു. അവരും ടിക്കറ്റെടുത്തു ട്രെയിനിൽ കയറി.യാത്രയിലുടനീളം അവർ പാട്ടുകൾ പാടി.എല്ലാം മറന്നു ഞങ്ങളും കൂടെ പാടി. എന്നാൽ ഇടയ്ക്കൊക്കെ ഞാനോർത്തത് ലാനെല്ലിയിൽ നിന്നു ലണ്ടനിലേക്കുള്ള യാത്രക്കൂലിയുടെ കാര്യം കൂടി ശരിയായിരുന്നെങ്കിൽ എനിക്കു കുറച്ചുകൂടി സന്തോഷത്തോടെ പാടാമായിരുന്നല്ലോ എന്നാണ്.

ലാനെല്ലിയിൽ ചെന്നു.സ്നേഹിതർ അവിടെ ഞങ്ങൾക്ക് ഹോട്ടലിൽ ഒരു പ്രഭാതഭക്ഷണം ക്രമീകരിച്ചു. അതിലും പങ്കെടുത്തശേഷം തിരികെ പ്ലാറ്റ്ഫോമിൽ

വന്നുനിൽപായി. ലണ്ടനിലേക്കുള്ള അടുത്ത ട്രെയിൻ വരാറായി. കയ്യിൽ പണമില്ല. കൂടെ വന്നരും ലാനെല്ലിയിൽ ഉള്ളവരുമായ ചില സ്നേഹിതർ യാത്രയയയ്ക്കാൻ സ്റ്റേഷനിലുണ്ട്. പക്ഷേ അവരോടൊന്നും പണത്തിന്റെ കാര്യം സൂചിപ്പിക്കാനാവില്ലല്ലോ.

സമയം കടന്നുപോകുന്നു. ട്രെയിൻ എത്തേണ്ട സമയമാകുന്നു. പൊടുന്നനെ ദൈവാത്മാവ് ഇടപെട്ടു: "ആട്ടെ, കയ്യിൽ പണം ഉണ്ടായിരുന്നെങ്കിൽ നീ എന്തു ചെയ്യുമായിരുന്നു?"

"പണം ഉണ്ടായിരുന്നെങ്കിൽ ഇതിനകം ടിക്കറ്റെടുക്കാനുള്ള ക്യൂവിൽ സ്ഥാനം പിടിക്കുമായിരുന്നു."

"എങ്കിൽ അതുതന്നെ ചെയ്യുക"

മറ്റൊന്നും ചിന്തിക്കാതെ ഞാൻ പോയി ക്യൂവിൽ നിന്നു. മുൻപിൽ എട്ടുപത്തു പേരുണ്ട്. ക്രമേണ അവരുടെ എണ്ണം കുറഞ്ഞു വന്നു. ടിക്കറ്റ് കൗണ്ടറിനു മുൻപിൽ എത്തുന്നതിനകം എന്തെങ്കിലും സംഭവിക്കണം.

പിശാചും വെറുതെയിരുന്നില്ല. അവൻ മന്ത്രിച്ചു. 'മുൻപിൽ ചെങ്കടൽ. പിന്നിൽ ശത്രുസൈന്യം. മോശെയുടെ അനുഭവത്തെക്കുറിച്ചു നീ പ്രസംഗിച്ചിട്ടില്ലേ? ഇപ്പോഴിതാ അതിനു രണ്ടിനും മധ്യത്തിൽ നീയും അടയ്ക്കപ്പെട്ടിരിക്കുന്നു. എന്തു ചെയ്യും?'

ഞാൻ ധൈര്യത്തോടെ പറഞ്ഞു: "പക്ഷേ തക്കസമയത്തു മോശെയുടെ മുൻപിൽ വഴി തുറന്നില്ലേ? അതുപോലെ ദൈവം എന്നെയും വിടുവിക്കും."

ക്യൂവിൽ എന്റെ മുൻപിൽ ഇനി കേവലം രണ്ടേ രണ്ടുപേർ മാത്രം. പൊടുന്നനെ ആൾക്കൂട്ടത്തിൽ നിന്ന് ഒരാൾ മുന്നോട്ടു വന്നു: "ക്ഷമിക്കണം. ഇനി എനിക്കു കാത്തുനില്ക്കാൻ കഴിയുകയില്ല. എനിക്കു പോയിട്ടു കടതുറക്കണം. താങ്കൾക്കു യാത്രാമംഗളം നേരുന്നു." അയാൾ കൈ പിടിച്ചു കുലുക്കിയിട്ടു 30 ഷില്ലിങ് കൈയിൽ വച്ചു തന്നു 'ഗുഡ്ബൈ' പറഞ്ഞു പോയി.

അപ്പോഴേക്കും കൗണ്ടറിനു മുൻപിൽ എന്റെ ഊഴമായി. ഞാൻ സന്തോഷത്തോടെ അതിൽ നിന്നു വേണ്ട പണം കൊടുത്തു ലണ്ടനിലേക്കു രണ്ടു ടിക്കറ്റുകൾ വാങ്ങി.

ഞാൻ ടിക്കറ്റു വാങ്ങി ക്യൂവിൽ നിന്നു പറുത്തുവന്നതോടെ യാത്രയയ്ക്കാൻ വന്നവർ ഓരോരുത്തരായി എത്തി യാത്ര പറഞ്ഞു സംഭാവനകൾ നൽകാൻ തുടങ്ങി! എന്നാൽ എന്റെ വിശ്വാസം പരിശോധിക്കപ്പെടുന്നതുവരെ അവരെ ആരെയും ദൈവം എന്റെ അടുത്തേക്കു വിട്ടില്ല!

ട്രെയിൻ വന്നു. ലണ്ടനിലേക്കു ഞങ്ങൾ യാത്രയായി. ലണ്ടനിലേക്കുള്ള യാത്രയിൽ ഉടനീളം ഞങ്ങൾ പാട്ടു പാടിക്കൊണ്ടിരുന്നു.

ലണ്ടനിലെത്തി .പിറ്റേദിവസം രാവിലെ മിഷന്റെ ചുമതലക്കാരനായ മിസ്റ്റർ ഹെഡിനോടൊത്തായിരുന്നു പ്രഭാതഭക്ഷണം. അപ്പോൾ അദ്ദേഹം പറഞ്ഞു. "നിങ്ങൾക്കു തരാൻ 50 പൗണ്ട് എന്റെ പക്കലുണ്ട്. അത് നേരത്തെ അങ്ങോട്ട് അയച്ചു തന്നില്ല എന്നേയുള്ളു."

"നന്ദി കർത്താവേ, അദ്ദേഹം അത് അയച്ചു തന്നിരുന്നെങ്കിൽ ക്യൂവിലെ പരിശോധനയുടെ പ്രയോജനം ഞങ്ങൾക്കു ലഭിക്കുകയില്ലായിരുന്നല്ലോ" — ഞാൻ ആത്മഗതം ചെയ്തു.

ആഫ്രിക്കയിൽ കൊണ്ടുപോകാനുള്ള ഏറെക്കുറെ എല്ലാസാധനങ്ങളും ഞങ്ങളുടെ പക്കലുണ്ടായിരുന്നു — മൂന്നു കൂട്ടം സാധനങ്ങൾ ഒഴിച്ച്. ഒന്നു വാച്ചാണ്. രണ്ട് ഓവർകോട്ട്. മൂന്ന് ഫൗണ്ടൻ പേനകൾ.

പ്രഭാതഭക്ഷണശേഷം സംസാരിച്ചു





കൊണ്ടിരിക്കുമ്പോൾ മിസ്റ്റർ ഹെഡ് പറയുകയാണ്: "ആട്ടെ, നിങ്ങൾക്കു വാച്ചുകളില്ലല്ലോ. എന്റെ മകൻ ആൽഫ്രഡ് നിങ്ങൾക്കിരുവർക്കും സമ്മാനിക്കാൻ ഓരോ വാച്ചുകൾ വാങ്ങിയിട്ടുണ്ട്."

തുടർന്ന് അദ്ദേഹം ചോദിച്ചു: "അല്ല, ആഫ്രിക്കയിൽ മഴക്കാലത്ത് ഉപയോഗിക്കാൻ മഴക്കോട്ടെവിടെ? മഴക്കോട്ടുകളില്ലാതെ എങ്ങനെ അവിടെ ജീവിക്കും?" അദ്ദേഹം പെട്ടെന്ന് ഒരു കാർഡ് എടുത്ത് ഒരു മേൽവിലാസം എഴുതി എന്നെ ഏല്പിച്ചിട്ടു പറഞ്ഞു. "ഉടനെ തന്നെ ഈ കടയിൽ ചെല്ലുക. അവർ എന്റെ അക്കൗണ്ടിൽ നിങ്ങൾക്കു വേണ്ട മഴക്കോട്ടുകൾ തരും. എടുക്കുമ്പോൾ നല്ലതുനോക്കി തിരഞ്ഞെടുക്കണേ."

തുടർന്ന് എഴുതിക്കൊണ്ടിരുന്ന പേന പോക്കറ്റിലിടാൻ നേരം അദ്ദേഹം ചോദിച്ചു: "ആട്ടെ നിങ്ങൾ ഇത്തരം ഫൗണ്ടൻ പേനകൾ ഇതിനു മുൻപു കണ്ടിട്ടുണ്ടോ?"

"ഇല്ല"

"എങ്കിൽ ഇതാ രണ്ടുപേരും ഓരോ ഫൗണ്ടൻ പേനകൾ എടുക്കുക"

ഞങ്ങൾ ദൈവത്തോടു മൂന്നു കാര്യങ്ങൾ ചോദിച്ചു. മൂന്നും ഒന്നിനുപുറകെ ഒന്നായി അദ്ദേഹത്തിലൂടെ ഞങ്ങൾക്കു തന്നു."

പിരിയാൻ നേരം മിസ്റ്റർ ഹെഡ് പിറ്റേന്നും പ്രഭാതഭക്ഷണത്തിനും പ്രാർത്ഥനയ്ക്കുമായി എത്തണമെന്നു റീസിനോടും എലിസബത്തിനോടും ആവശ്യപ്പെട്ടു. പിറ്റേന്നു പ്രഭാതഭക്ഷണത്തിനുശേഷം പ്രാർത്ഥനയ്ക്കു തുടങ്ങുമ്പോൾ തന്റെ വിശ്വാസജീവിതാനുഭവങ്ങൾ കൂടിവന്നവരോടു ചെറുതായി പങ്കിടണമെന്നു റീസിനോടു മിസ്റ്റർ ഹെഡ് ആവശ്യപ്പെട്ടു. അദ്ദേഹം ഇങ്ങനെയാണ് എല്ലാവരും കേൾക്കെ ചോദിച്ചത്: "മിസ്റ്റർ റീസ്, നിങ്ങൾക്കു വിശ്വാസത്തിൽ മാത്രം ജീവിക്കുന്ന അനുഭവം കുറെനാൾ മുൻപുണ്ടായിരുന്നു ഇല്ലേ?"

"ഉവ്വ്. മുൻപ് മാത്രമല്ല അടുത്തകാലത്തും അത്തരം അനുഭവങ്ങൾ ഉണ്ട്." എന്ന ആമുഖത്തോടെ റീസ് താൻ ലണ്ടനിലേക്കു വരുവാൻ വിശ്വാസത്തോടെ റെയിൽവേസ്റ്റേഷൻ ക്യൂവിൽ നിന്ന അനുഭവം വിവരിച്ചു.

അങ്ങേയറ്റം ആകാംക്ഷയോടെയാണ് ആളുകൾ റീസിന്റെ ആ അനുഭവം കേട്ടുകൊണ്ടിരുന്നത്. എല്ലാം കേട്ടുകഴിഞ്ഞപ്പോൾ ഹെഡ് വികാരഭരിതനായി പറഞ്ഞു: "ഞാനിതുപോലെ ഒരു കാര്യം കേട്ടിട്ടേയില്ല."

അപ്പോൾ 'ഞാൻ പറഞ്ഞു പൂർത്തിയാക്കിയിട്ടില്ല'ന്നു പറഞ്ഞുകൊണ്ട് റീസ് തലേദിവസം അതേ റൂമിൽ മിസ്റ്റർ ഹെഡുവഴി തന്നെ തങ്ങളുടെ പ്രാർത്ഥനയ്ക്കു മറുപടി ലഭിച്ച കാര്യം വിവരിച്ചു. വാച്ചുകളും മഴക്കോട്ടുകളും പേനകളും ലഭിച്ചതു റീസ് തുടർന്നു പറഞ്ഞപ്പോൾ ഹെഡ് അത്ഭുതസ്തബ്ധനായിപ്പോയി.

"ആളുകൾക്കു കൊടുക്കുമ്പോൾ കർത്താവ് ഈ നിലയിൽ എന്നെ നിയന്ത്രിക്കുന്നുവെന്നത് ആയിരം പൗണ്ട് ലഭിക്കുന്നതിനെക്കാൾ വിലയേറിയതായി ഞാൻ കാണുന്നു." ഹെഡ് പറഞ്ഞു. 1915 ജൂലൈ

1915 ജൂലൈ 10. റീസും എലിസബത്തും ഇംഗ്ലണ്ടു വിട്ട് ആഫ്രിക്കയിലേക്കുള്ളതങ്ങളുടെ കപ്പൽയാത്ര ആരംഭിച്ചു — ഈ വിശ്വാസജീവിതത്തിലേക്കു തങ്ങളെ വിളിച്ചവൻ ഇരുണ്ട ഭൂഖണ്ഡത്തിലെ കറുത്ത സാഹചര്യത്തിലും തങ്ങളെ നടത്തുവാൻ ശക്തനാണെന്ന ഉറപ്പോടെ.

(അടുത്ത ലക്കത്തിൽ: ഇരുണ്ട ഭൂഖണ്ഡത്തിൽ...)

Youth Section




# The Greatest Person Who Ever Lived-3

**Sandeep Poonen**

***Question:***

Why is Jesus so unique and special to you?

***Answer:***

We live in a world where atheism and agnosticism is increasingly trendy among young people. Christians can find many things that agnostics and atheists say frustrating, because they keep demanding proof for what we believe. But many core facets of what we believe is not provable by scientific means – i.e., can be proved by empirical means (that which can be tested). We are asked to scientifically prove that there is a God, that Jesus was the Son of God, that Jesus really did the miracles the Bible says He did, etc. But there is no definitive empirical data for this.

So we look to philosophers or preachers to help us explain God to our non-Christian family and friends. We think that maybe complex philosophical arguments would justify our beliefs. And there surely are good philosophical and logical reasons to support what we believe. But all these reasons will only speak to the mind. And if you ask me about the multitude of questions that have been posed to me by my non-Christian friends, I have good logical and philosophical answers that more than adequately defend my Christian point of view.

But these philosophical and logical answers are at best, a good defense. All these answers help others (and me) recognize that the Christian worldview is not illogical or some fanciful figment of our imagination.

But I have found that NONE of these responses are the complete





answer. And in fact, it is foolish to think that the earnest searching of the heart can be fully satisfied by a logical appeal to the mind. What we do need is more than a defense to our point of view. We need someone or something that can FULLY EXPLAIN our point of view.

And here lies the secret to the Christian faith. The explanation to the Christian faith is not an answer, but a Person. It is the LIFE of a person that is our explanation. That's why this verse is a critical verse for all agnostics and atheists to know: *John 1:18 – No one has seen God at any time; the only begotten God who is in the bosom of the Father, He has explained Him*.

John writes here that nobody had seen God at any time. Even today, atheists and agnostics want to see God. They want some undeniable proof that their eyes can attest to, and if they have this, they will then yield their lives to Christ. But no one has seen Almighty God with their eyes. And no one will. Moses was a devout man who had good reasons to see God, but God couldn't show His face even to Moses, "for no man can see Me and live" (Exodus 33:20).

So we might as well as give up hope for having undeniable visual proof of God.

But John's response to that challenge is the heart of our response as well. Jesus was "the only begotten God who is in the bosom of the Father." And Jesus has EXPLAINED the Father. It wasn't His words or miracles. It was His life that explained the Father.

- So for the atheist or the agnostic who wants visual proof of the one true God, you might as well quit looking every which way. Look at and study at the life of Jesus as described in the New Testament. Jesus explains God to us.
- For us Christian who are asked to prove God to others, we might as well quit majoring in complicated philosophical answers. We must look at and study the life of Jesus as described in the New Testament. The life of Jesus explains our God.
- For us Christians who confidently claim to know the one

true God, we better be prepared to provide the right explanation. We must look at and study the life of Jesus as described in the New Testament. The life of Jesus IN US is the one explanation we must give.

The explanation for the beauty of Christianity is not a pithy quote, an article, a book, or a sermon series. It is the life of Jesus, who came from the very heart (bosom) of the God who was His Father, and He explained this loving Father to us. And since we as Christians are the now the Body of Jesus Christ, we too are to embody the pulsing other-worldly life of Jesus.

And let me make one clarification here: When we try to embody the life of Jesus, we can quickly think that we have to duplicate his miracles, or give up our jobs and walk around healing everybody. But we'll go astray if we do that. That is not the essence of the eternal life of Jesus.

*John 17:2-3 – even as You gave Him authority over all flesh, that to all whom You have given Him, He may give eternal life. This is eternal life, that they may know You, the only true God, and Jesus Christ whom You have sent*.

The deep knowing of God is the life of Jesus that transcends time and space (eternity). So this knowing of God is definitely not a head-knowledge, because head-knowledge simply satisfies the mind and not the heart. Rather, this is a deep knowing that only grows as we (like Jesus) also choose to reside (abide) in the bosom of a God who is our loving Father. And then, our explanations of God will not be the intellectual sprouting of an expert, but the quiet and supremely confident explanations of one securely residing at the Father's bosom.

It is this kind of life explanation that the atheist and the agnostic ultimately have no defense for. So I pray that God will find many young people gripped with this narrow way that leads to the life of Jesus.

Your fellow pilgrim who longs to abide in the bosom of our altogether loving Father,

(please mail your genuine doubts to: **sandeep@poonen.org**)

❖